FMPB
# മിത്രസമാചാർ
fmpb
(for private circulation only)

വാല്യം 16 | ലക്കം 4 | ഏപ്രിൽ 2026

# സമർപ്പണത്തിനായി വിളിച്ചു



“സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ.

റോമർ. 12:1

# ആവശ്യം ...

## നിറക്കേണ്ടതിനായി ശൂന്യമാക്കുന്നു

1896 ൽ ജഡ്സൺ ഡബ്ലു വാൻ ഡെവെന്റർ ആണ് *I Surrender All"* എന്ന കീർത്തനം എഴുതിയത്. അദ്ദേഹം ഒരു അമേരക്കൻ കലാ അദ്ധ്യാപകൻ ആയിരുന്നു. പൂർണ്ണ സമയ സുവിശേഷ വേലക്കായുള്ള വിളിയുടെ മുന്നിൽ കീഴടങ്ങണോ അതോ തന്റെ ജോലി തുടരണോ എന്ന വിഷയത്തിൽ അദ്ദേഹത്തിനു ആന്തരിക പോരാട്ടം ഉണ്ടായി. അനുഗ്രഹിക്കപ്പെട്ട സംഗീതാദ്ധ്യാപകനായിരുന്ന അദ്ദേഹത്തിനു പാടുന്നതിനും സംഗീതം രചിക്കുന്നതിനും 13 തരം സംഗീത ഉപകരണങ്ങൾ വായിക്കുന്നതിനുമുള്ള കഴിവുകൾ ഉണ്ടായിരുന്നു. തന്റെ ആന്തരിക വിളിയെ വർഷങ്ങളോളം അദ്ദേഹം എതിർത്തു നിന്നു. ഒടുവിൽ ഒഹിയോയിൽ അദ്ധ്യാപകനായിരിക്കെ തന്റെ വ്യക്തിപരമായ ആഗ്രഹങ്ങൾ ദൈവസന്നിധിയിൽ സമർപ്പിക്കുവാൻ തീരുമാനിച്ചു. ആ നിർണ്ണായക നിമിഷത്തിൽ അദ്ദേഹത്തിന്റെ ഉള്ളിൽ ആഴമായ സമാധാനം ഉണ്ടായി. സമ്പൂർണ്ണ സമർപ്പണത്തെ സൂചിപ്പിക്കുന്ന കാലാതീതമായ ഈ സ്തുതിഗീതത്തിനു ജന്മം നൽകുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്നേഹിതൻ വിൻഫീൽഡ് എസ് വീഡൻ ഈ ഗാനത്തിനു ഈണം പകർന്നു. അവർ ഒരുമിച്ചു ഈ ഗാനം പ്രകാശനം ചെയ്തു. ഇതിലെ വാക്കുകളെ വീഡൻ ഏറെ പ്രീയപ്പെട്ടതിനാൽ അദ്ദേഹത്തിന്റെ ശവകുടീരത്തിൽ ഈ വാക്കുകൾ ആലേഖനം ചെയ്യപ്പെട്ടു. ഈ കീർത്തനത്തിൽ നമ്മുടെ ചിന്താവിഷയം മനോഹരമായി പ്രതിധ്വനിക്കുന്നു "സമർപ്പണത്തിനായി വിളിക്കപ്പെട്ടു" (റോമർ 12:1). നമ്മുടെ കഴിവുകളെയോ ആഗ്രഹങ്ങളെയോ ഇനി ആശ്രയിക്കുവാൻ കഴികയില്ലെന്നും പൂർണ്ണമായി ദൈവ ഹിതത്തിനു കീഴടങ്ങുന്നതിനു തയ്യാറാണെന്നു അംഗീകരിക്കുന്നതുമാണ് യഥാർത്ഥ സമർപ്പണം.




1 തെസ്സ.5: 23 പറയുന്നു മനുഷ്യനെ ആത്മാവും, പ്രാണനും ദേഹവുമായി സൃഷ്ടിച്ചിരിക്കുന്നു. പൗലൊസ് നമ്മെ ജീവനുള്ള യാഗമായി അർപ്പിക്കുവാൻ ആഹ്വാനം ചെയ്യുമ്പോൾ നമ്മുടെ മുഴുജീവിതത്തെയും പൂർണ്ണമായി സമർപ്പിക്കുവാനാണ് ആവശ്യപ്പെടുന്നത്.

പഴയനിയമ യാഗത്തിൽ ഊനമില്ലാത്തതിനെ, പരിശുദ്ധനായ ദൈവത്തിനു ഏറ്റവും നല്ലതു അർപ്പിക്കണം. ഇത്തരം യാഗമാണ് ശരിയായ ആരാധന. ഇന്നു ദൈവം മൃഗബലി ആവശ്യപ്പെടുന്നില്ല; പകരം നാം നമ്മെത്തന്നെ യാഗമായി അർപ്പിക്കണം. റോമർ 6:6 നമ്മെ ഓർമ്മപ്പെടുത്തുന്നതു പോലെ പാപത്താൽ ബന്ധിക്കപ്പെട്ട നമ്മുടെ പഴയ മനുഷ്യനെയല്ല ദൈവം സ്വീകരിക്കുന്നത് മറിച്ച് നമ്മുടെ പുതുക്കപ്പെട്ട രൂപാന്തരപ്പെട്ട പുതു മനുഷ്യനെ ദൈവീക അധികാരത്തിനു സമർപ്പിക്കണം. 1 പത്രോസ് 2:5 ൽ പറയുന്നത് ആത്മീക യാഗം കഴിപ്പാന്തക്ക വിശുദ്ധ പുരോഹിത വർഗ്ഗമാകേണ്ടതിനായി നാം വിളിക്കപ്പെട്ടിരിക്കുന്നു.

സമ്പൂർണ്ണ സമർപ്പണത്തിന്റെ ശക്തമായ ഉദാഹരണമായി അബ്രഹാം നിലകൊള്ളുന്നു. താൻ ഏറ്റവും പ്രീയപ്പെടുന്ന യിസ്സഹാക്കിനെ യാഗമായി അർപ്പിക്കുവാൻ ദൈവം ആവശ്യപ്പെട്ടപ്പോൾ അബ്രഹാം അനുസരിക്കുന്നു. പ്രവർത്തന മണ്ഡലത്തിൽ വരുന്നതിനു മുമ്പ് അബ്രഹാമിന്റെ ഹൃദയത്തിൽ യിസ്സഹാക്കിനെ യാഗം കഴിച്ചു. ദൈവത്തോടുള്ള അബ്രഹാമിന്റെ സ്നേഹം മറ്റെല്ലാറ്റിനെയും കവിയുന്നു എന്ന് ഈ അനുസരണം തെളിയിക്കുന്നു. അനുസരണം യാഗത്തെക്കാൾ നല്ലത് (1. ശമു. 15:22).

നിർജീവ മൃഗബലിയിൽ നിന്നു വ്യത്യസ്തമായ ജീവനുള്ള യാഗത്തിൽ കീഴടങ്ങൾ നമുക്കു ബുദ്ധിമുട്ടായും അരക്ഷിതത്വവുമായി തോന്നുമ്പോൾ യാഗപീഠത്തിൽ നിന്നു ഇഴഞ്ഞു മാറുവാനുള്ള പ്രവണതയുണ്ടെന്നു ഡി എൽ മൂഡി നിരീക്ഷിച്ചു. ഇതു നമ്മുടെ ദിനംതോറുമുള്ള പോരാട്ടമാണ്. എന്നിരുന്നാലും നാം വിലമതിക്കുന്ന കാര്യങ്ങൾ - നമ്മുടെ പദ്ധതികൾ, ആഗ്രഹങ്ങൾ, സുരക്ഷിതത്തം - മനസ്സോടെ ത്യജിക്കുമ്പോഴെല്ലാം ദൈവവുമായുള്ള നമ്മുടെ നടത്തം കൂടുതൽ ശക്തിപ്പെടുന്നു.

ശേഷം പേജ് 7 ൽ

**“നിന്റെ പ്രവൃത്തികളെ യഹോവെക്കു സമർപ്പിക്ക; എന്നാൽ നിന്റെ ഉദ്ദേശങ്ങൾ സാധിക്കും”**

**– സദൃശ്യവാക്യങ്ങൾ.** 16:3

**“നമുക്കു ഒരിക്കലും മനസ്സിലാക്കുവാൻ കഴിയാത്ത കാര്യങ്ങളുണ്ട്. ചിലപ്പോൾ നമ്മൾ അംഗീകരിക്കുകയും കീഴടങ്ങുകയും ചെയ്യേണ്ടിവരും.”**

**– റാണ്ടി ജി ഫൈൻ**

**“പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെയാകട്ടെ എന്നു പ്രാർത്ഥിച്ചു.”**

**– ലൂക്കോസ്.** 22:42

**“ദൈവത്തിന്റെ കരങ്ങളിലെ സമർപ്പിത ജീവിതത്തെക്കാൾ ശക്തമായ മറ്റൊന്നുമില്ല ”**

**– റിക്ക് വാറൻ**

# മിത്രസമാചാർ

## ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

## ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.


കേരള സോൺ:-

FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org



മിത്ര സമാചാർ

**FMPB യുടെ പ്രതിമാസ സൂനം**

ജനറൽ സെക്രട്ടറി
**വിജയ് പ്രസന്ന ഐസക്**

*Publisher & Editor*
**S. ജോൺ ബർലിൻ**

SUBSCRIPTION
Annual - Rs.100
Life - Rs.1500

H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

# ജനറൽ സെക്രട്ടറിയുടെ കത്ത്...



കർത്താവിന്റെ വേലയിൽ പ്രീയപ്പെട്ട സഹപ്രവർത്തകരെ,

ഈ ഏപ്രിൽ മാസം ഒരിക്കൽ കൂടി നമ്മുടെ ഹൃദയത്തെ നമ്മുടെ വിശ്വാസ പ്രഖ്യാപനത്തിന്റെ കേന്ദ്രത്തിലേക്കു ആകർഷിക്കുന്നു: ക്രസ്തു ഉയിർത്തെഴുന്നേറ്റു! ശൂന്യമായ കല്ലറ ഒരു ചരിത്ര യാഥാർത്ഥ്യമായി മാത്രമല്ല നിലകൊള്ളുന്നത്, മറിച്ച് ഒരു ദൈവീക ആഹ്വാനമായും കർത്താവ് ഉയിർത്തെഴുന്നേറ്റു എന്ന വെളിച്ചത്തിൽ സമർപ്പിക്കുന്നതിനുള്ള ഒരു നിർബന്ധിത വിളിയായും തലമുറകളിലൂടെ പ്രതിധ്വനിക്കുന്നതും ക്രിസ്തുവിന്റെ കർത്തൃത്വത്തിനു പൂർണ്ണ ഹൃദയത്തോടെ കീഴടങ്ങുന്നതിനും ഓരോ വിശ്വാസിക്കുമുള്ള ക്ഷണമായും നിലകൊള്ളുന്നു.

ഈ സുപ്രധാന ഘട്ടത്തിൽ എന്നെ ഭരമേല്പിച്ച ഉത്തരവാദിത്വത്തിൽ ഒരു വർഷം പൂർത്തീകരിക്കുമ്പോൾ ദൈവത്തിന്റെ സമൃദ്ധമായ വിശ്വസ്തതയ്ക്കും നിലനിൽക്കുന്ന ദൈവകൃപക്കും എന്റെ ഹൃദയം നന്ദിയാൽ നിറയുന്നു. ഈ യാത്ര സമ്മർദ്ദങ്ങളില്ലാത്തതായിരുന്നില്ല തീർച്ചയായും എല്ലാ വശങ്ങളിൽ നിന്നും കഠിനമായ സമ്മർദ്ദങ്ങൾ അനുഭവപ്പെട്ടു. എന്റെ ശക്തിയാലല്ല ഞാൻ നിലനിന്നത് മറിച്ച് അവന്റെ നിരന്തരമായ സാന്നിധ്യവും അളവറ്റ ദൈവകൃപയും എന്നെ താങ്ങി നിർത്തി. ഈ ആവശ്യങ്ങൾക്കിടയിൽ സഹമിഷനറിമാരുടെ ഇടപെടലും കൂട്ടായ്മയും ഭാരം പങ്കിടലും എല്ലാം പ്രോത്സാഹനത്തിന്റെയും ആത്മീക സമ്പുഷ്ടീകരണത്തിന്റെയും ആഴമായ ഉറവിടമാണെന്നു തെളിയിക്കപ്പെട്ടു.

കഴിഞ്ഞ ഒരു വർഷക്കാലം എന്നെ ബലപ്പെടുത്തുകയും നയിക്കുകയും ചെയ്ത നിങ്ങളുടെ അചഞ്ചലമായ പ്രാർത്ഥനകൾക്കും ജ്ഞാനപൂർവ്വമായ ഉപദേശങ്ങൾക്കും കൃപാപൂർണ്ണമായ പ്രോത്സാഹനത്തിനും നിങ്ങളോരോരുത്തരോടും എന്റെ ഹൃദയംഗമായ നന്ദി പ്രകടിപ്പിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ് മരണത്തിന്റെ മേൽ ഉള്ള ജയം മാത്രമല്ല; നമ്മുടെ ജിവിതന്റെമേലുള്ള ദൈവീക അവകാശവാദമാകുന്നു. ശവക്കുഴിയെ ജയിച്ചവൻ നമ്മുടെ ഹൃദയങ്ങളെയും അഭിലാഷങ്ങളെയും നമ്മുടെ പദ്ധതികളെയും നമ്മൂടെ ഭാവിയും എല്ലാം അവന്റെ പരമാധികാര ഹിതത്തിനു സമർപ്പിക്കുവാൻ വിളിക്കുന്നു. അതുകൊണ്ടു ഉയിർത്തെഴുന്നേല്പ് ആഘോഷിക്കപ്പെടേണ്ടതു മാത്രമല്ല മറിച്ച് പ്രതികരണം കൂടി ആവശ്യപ്പെടുന്നു.

## ശൂന്യമായ കല്ലറയിൽ സമർപ്പണം ആരംഭിക്കുന്നു.

ദുഃഖത്തോടെ കല്ലറയെ സമീപിച്ച സ്ത്രീകൾ ഭയഭക്തിയോടും അനുസരണയോടും കൂടി മടങ്ങിപ്പോയി. ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ട ശിഷ്യന്മാരുടെ ഭയം സമർപ്പണത്തിനു

വഴി ഒരുക്കി. ഉയിർത്തെഴുന്നേല്പ് മടിച്ചുനിന്ന അനയായികളെ ധീര സാക്ഷികളാക്കി. ഉയിർത്തെഴുന്നേറ്റ ഈ കർത്താവ് നമ്മുടെ മുമ്പിൽ നിന്നു കൊണ്ട് ദൃശ്യമായിട്ടല്ലെങ്കിലും സംശയാതീതമായി നമ്മുടെ സ്വയ ഇച്ഛയെ ഉപേക്ഷിച്ച് അവന്റെ ദിവ്യ അധികാരത്തിൻ കീഴിൽ ജീവിക്കുവാൻ വിളിക്കുന്നു.

കീഴടങ്ങൽ പലപ്പോഴും ബലഹീനത, നഷ്ടം അല്ലെങ്കിൽ പരാജയമായി തെറ്റിദ്ധരിക്കപ്പെടുന്നു. എന്നാൽ ദൈവ രാജ്യത്തിന്റെ കണക്കിൽ കീഴടങ്ങൽ ജീവിതത്തിലേക്കും ലക്ഷ്യത്തിലേക്കും നിലനിൽക്കുന്ന ഫലപ്രാപ്തിയിലേക്കുമുള്ള ഒരു കവാടമാകുന്നു. ഉയിർത്തെഴുന്നേറ്റ യേശു അതിനായി നമ്മെ നിർബന്ധിക്കുന്നില്ല; കൃപയോടെ ക്ഷണിക്കുകയാണ്. പിതാവിന്റെ ഹിതത്തിനു പൂർണ്ണമായി മരണത്തോളം കീഴടങ്ങിയെന്ന് ക്രിസ്തുവിന്റെ ആണി പാടുള്ള കരം നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ കീഴടങ്ങൽ അവനോടുള്ള പ്രതികരണം മാത്രമാണ്.

## ഉയിർത്തെഴുന്നേറ്റ കർത്താവും പുനഃക്രമീകരിക്കപ്പെട്ട ജീവിതവും

പുനരുത്ഥാനത്തിനു ശേഷം യേശു ശിഷ്യന്മാരെ ആശ്വസിപ്പിക്കുക മാത്രമല്ല ചെയ്തത്; ശിഷ്യന്മാരുടെ മുൻഗണനകൾ പുനർക്രമീകരിക്കപ്പെട്ടു. പത്രോസിന്റെ പരാജയങ്ങളെയല്ല മറിച്ച് സ്നേഹത്തോടുള്ള ഒരു ചോദ്യമാണ് നേരിടേണ്ടി വന്നത്: നീ എന്നെ സ്നേഹിക്കുന്നുണ്ടോ? പുനരുത്ഥാനം അവനെ പുനഃസ്ഥാപിച്ചു എന്നിട്ട് അവനെ വീണ്ടും സേവനത്തിലേക്കു തിരികെ കൊണ്ടുവന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനോടുള്ള സ്നേഹമാണ് പത്രോസിന്റെ ശുശ്രൂഷയുടെ അടിസ്ഥാനവും അവന്റെ ത്യാഗത്തിന്റെ പിന്നിലുള്ള പ്രേരക ശക്തിയും.

അതുപോലെ ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മെ ഉപരിപ്ലവമായ മതാത്മാകതയ്ക്കു അപ്പുറം സമൂലവും പൂർണ്ണ ഹൃദയവുമായ ഭക്തിയിലേക്കു വിളിക്കുന്നു. അവന്റെ ദൗത്യത്തിനായി നമ്മുടെ ആശ്വാസവും അവന്റെ വിളിക്കായി സുരക്ഷിതത്വവും അവന്റെ നാമത്തിനു വേണ്ടി നമ്മുടെ പ്രശസ്തിയും അവന്റെ രാജ്യത്തിനു വേണ്ടി നമ്മുടെ ഭാവിയും ത്യജിക്കുവാൻ അവൻ നമ്മെ ക്ഷണിക്കുന്നു. ഇത്തരം കീഴടങ്ങൽ ഒരു നിമിഷത്തെ വൈകാരിക തീരുമാനത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. ഇതു ഹൃദയത്തിന്റെ ദൈനംദിന ബോധപൂർവ്വമായ നിലപാടാണ്.

## സമർപ്പണവും ദൗത്യവും വേർപിരിക്കുവാൻ കഴിയാത്തതാണ്

പുനരുത്ഥാനത്തിനു ശേഷമുള്ള ഓരോ കൂടിക്കാഴ്ചയും ഒരു നിയോഗം വഹിച്ചിരുന്നു: "***പോയി പറയുക...***", "***പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു***", "***നിങ്ങൾ എന്റെ സാക്ഷികളായിരിക്കും***". ഉത്ഥിതനായ കർത്താവിന്റെ സന്ദേശം അവന്റെ ദൗത്യവുമായി അഭേദ്യമായി ഇഴചേർന്നിരിക്കുന്നു.

അതുകൊണ്ട് കീഴടങ്ങൽ കേവലം വ്യക്തിപരമായതല്ല മറിച്ച് അത് വളരെ ദൗത്യനിർവഹണപരമാണ്. ഒരു സമർപ്പിത ജീവിതത്തിന് നിഷ്ക്രീയമായി തുടരാൻ കഴികയില്ല, അത് ക്രിസ്തുവിന്റെ ജീവിൻ ലോകത്തിലേക്കു ഒഴുക്കുന്ന ഒരു ചാനലായി മാറുന്നു. നാം അവനു വഴങ്ങുമ്പോൾ നാം സ്വാഭാവികമായി തിരഞ്ഞെടുക്കാത്ത സ്ഥലങ്ങളിലേക്കും നാം ഒരിക്കലും എത്തിച്ചേരുവാൻ ഇടയില്ലാത്ത ആളുകളിലേക്കും നമുക്കു ഒരിക്കലും സങ്കൽപിക്കുവാൻ പോലും കഴിയാത്ത ശുശ്രൂഷയിലേക്കും ദൈവം നമ്മെ നയിക്കും.

തീർച്ചയായും മിഷൻ സംഘടനകളുടെ ചരിത്രം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ യാഥാർത്ഥ്യത്താൽ ആകർ

ഷിക്കപ്പെട്ട, അവനിൽ നിന്നു ഒന്നു മറെച്ചു വെച്ചിട്ടില്ലാത്ത സ്ത്രീപുരുഷന്മാരുടെ ജീവിതങ്ങളുടെ സാക്ഷ്യമാണ്.

## സമർപ്പണത്തിന്റെ വിലയും മഹത്വവും

കീഴടങ്ങുവാനുള്ള ആഹ്വാനം നിഷേധിക്കാനാവാത്ത വിധം ചിലവേറിയതാണ്. അതിന് സ്വാർത്ഥ താൽപര്യത്തിന്റെ ക്രൂശീകരണവും സ്വയനിയന്ത്രണത്തിന്റെ ഉപേക്ഷിക്കലും ആവശ്യമാണ്. എന്നിരുന്നാലും ദൈവത്തിനായി സമർപ്പിക്കുന്നതൊന്നും ഒരിക്കലും നഷ്ടപ്പെടുന്നില്ല, മറിച്ച് രൂപാന്തരപ്പെടുന്നു എന്ന് പുനരുത്ഥാനം നമുക്ക് ഉറപ്പ് നൽകുന്നു. കുരിശ് കിരീടത്തിൽ കലാശിച്ചതു പോലെ കീഴടങ്ങൾ മഹത്വത്തിലേക്കു നയിക്കുന്നു, അത് വർത്തമാനകാലത്തും നിത്യതയിലും സമൃദ്ധമായ ഫലം നൽകും.

ഉയിർത്തെഴുന്നേറ്റ കർത്താവ് ഇപ്പോഴും ചോദിക്കുന്നു, ***"നിങ്ങൾ എന്തിനാണ് ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത്?"*** ക്രിസ്തുവുമായുള്ള ഊർജ്ജസ്വലമായ കൂട്ടായ്മ സൗജന്യമായി വാഗ്ദാനം ചെയ്യപ്പെടുമ്പോൾ എന്തിനാണ് നാം നിർജ്ജീവമായ അഭിലാഷങ്ങളിലും സുരക്ഷിതത്വങ്ങളിലും പാരമ്പര്യങ്ങളിലും മുറുകെ പിടിക്കുന്നത് തുടരുന്നത്?

## ഇത് ഇന്ന് സഭക്കുള്ള ആഹ്വാനം

അനിശ്ചിതത്വം, ശ്രദ്ധ തിരിക്കൽ, ആത്മസന്തുഷ്ടി എന്നിവയാൽ അറിയപ്പെടുന്ന ഈ തലമുറയിൽ കീഴടങ്ങുക എന്നത് പുതുമയുള്ള അടിയന്തിര ആഹ്വാനമാകുന്നു. സഭക്കു കൂടുതൽ നിരീക്ഷകരെ ആവശ്യമില്ല; ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ പാദപീഠത്തിൽ എല്ലാം സമർപ്പിക്കുവാൻ തയ്യാറുള്ള ശിഷ്യന്മാരെയാണ് ആവശ്യം.

നമ്മുടെ ശുശ്രൂഷകളും തന്ത്രങ്ങളും ഘടനകളും ക്രിസ്തുവിനു പൂർണ്ണമായി കീഴടങ്ങിയ ഹൃദയങ്ങളിൽ നിന്ന് ഉയിർന്നു വരുമ്പോൾ മാത്രമേ ശാശ്വതമായ ഫലം പുറപ്പെടുവിക്കയുള്ളു. പ്രോഗ്രാമുകൾ കീഴടങ്ങലിനു പകരമാകയില്ല. കാര്യക്ഷമത അനുസരണത്തിനു പകരമാകയില്ല. ഉയിർത്തെഴുന്നേറ്റ യേശുവുമായുള്ള അടുപ്പത്തിനു പകരം വെക്കുവാൻ പ്രവർത്തനത്തിനു ഒരിക്കലും കഴികയില്ല.

ഈ മാസം ഉയിർപ്പ് ഞായർ നാം ആഘോഷിക്കുമ്പോൾ ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന പ്രഖ്യാപനത്തിനപ്പുറം ക്രിസ്തു എന്റെ ജീവിതത്തിൽ കർത്താവായി വാഴുന്നു എന്ന ജീവനുള്ള യാഥാർത്ഥ്യത്തിലേക്കു നമുക്കു മുന്നേറാം.

## നമ്മുടെ പ്രാർത്ഥനയും സമർപ്പണവും

ഈ ഉയിർപ്പു കാലം കൂടുതൽ ആഴമേറിയ സമർപ്പണത്തിലേക്കു നമ്മെ നയിക്കട്ടെ. നമ്മുടെ വിളികൾ, മുൻഗണനകൾ നമ്മിൽ മറഞ്ഞിരിക്കുന്ന കൂറ് അല്ലെങ്കിൽ ഭക്തി എന്നവ നമുക്കു പുനഃപരിശോധന ചെയ്യാം. സത്യസന്ധതയോടും വിനയത്തോടും കൂടി നമുക്കു ചോദിക്കാം:

*എനിക്കു വേണ്ടി എല്ലാം നൽകിയ കർത്താവിന്റെ മുമ്പിൽ ഞാൻ എന്തെങ്കിലും മറെച്ചു വെക്കുന്നുണ്ടോ?*

ഉയിർത്തെഴുന്നേറ്റ യേശു നമ്മുടെ ഇടയിൽ നിൽക്കുന്നു. സമാധാനം എന്നു പറഞ്ഞു തന്റെ മുറിവുകളെ കാണിച്ചു തരുന്നു. അവന്റെ ഉയിർപ്പിനെ സ്ഥിരീകരിക്കുക മാത്രമല്ല മറിച്ച് അവനു കീഴടങ്ങി പുനരുത്ഥാനത്തിന്റെ ശക്തി വാഹകരായി തീരുവാൻ നമ്മെ വിളിക്കുന്നു.

ഉപസംഹരിക്കുമ്പോൾ നമ്മുടെ രാജ്യത്തിനായുള്ള 1000 മണിക്കൂർ പ്രാർത്ഥന എന്ന പ്രധാന ആത്മീയ

സംരംഭത്തിലേക്കു ഞാൻ നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. ഇത് ഒരു പ്രോഗ്രാം എന്നതിലുപരി ഈ നിർണായ ഘട്ടത്തിൽ മനപൂർവ്വവും ഏകീകൃതവുമായ മദ്ധ്യസ്ഥതക്കുള്ള ഒരു വ്യക്തമായ ആഹ്വാനമാണ്. ഈ പ്രാർത്ഥനാ സംരംഭത്തെ സജീവമാക്കുവാൻ അദ്ധ്വാനിക്കുന്ന റവ. ഗിൽബർട്ട് വില്യംസിനും പ്രേം വിഭാഗത്തിലെ പ്രവർത്തകർക്കുമായുള്ള നിങ്ങളുടെ തുടർച്ചയായ പ്രാർത്ഥനക്കു ഹൃദയംഗമായ നന്ദി രേഖപ്പെടുത്തുന്നു.

താഴെ പറയുന്ന ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കണമെന്നു ഞാൻ നിങ്ങളോടു അഭ്യർത്ഥിക്കുന്നു.

- നമ്മുടെ സ്കൂളുകളിൽ സമർപ്പണമുള്ള അദ്ധ്യാപകരെ അടിയന്തിരമായി ആവശ്യമുണ്ട്.
- നമ്മുടെ ആസ്ഥാന മന്ദിരത്തിലെ പ്രവർത്തനത്തിനു സമർത്ഥരായ സന്നദ്ധ പ്രവർത്തകരെ ആവശ്യമുണ്ട്.
- 2026 മെയ് 21 –24 വരെ നടത്തുന്ന തമിഴ്നാട് വാർഷീക സമ്മേളനത്തിന്റെ ഒരുക്കങ്ങൾ നടക്കുന്നു. ആത്മീക നവീകരണവും ദൈവിക വഴി നടത്തലും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
- ഏപ്രിൽ 30, മെയ് 2 തീയതികളിൽ മണിപ്പൂരിലും അസമിലും ക്രമീകരിച്ചിരിക്കുന്ന ഇന്റർവ്യൂവിലൂടെ സമർപ്പിതരായ മിഷനറിമാരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

എക്സിക്യൂട്ടിവ് കമ്മറ്റി രണ്ടു ഫീൽഡ് സെക്രട്ടറിമാരെ നിയോഗിച്ചിരിക്കുന്നു: റവ. എൻ രാജദുരൈ (വടക്കെ ഇന്ത്യ), റവ. പി. പോൾരാജ് (തെക്കെ ഇന്ത്യ). 2026 ഏപ്രിൽ ഒന്നു മുതൽ ചുമതലയേറ്റെടുക്കുന്ന ഇവർക്കായി ഇവർ ജ്ഞാനത്തോടും വിനയത്തോടും ദൈവിക വിളിയെക്കുറിച്ചുള്ള ആഴമായ ബോധത്തോടും കൂടി പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക,

ഒഴിഞ്ഞ കല്ലറയുടെ മുമ്പിൽ ആശ്ചര്യത്തോടെ നിൽക്കാതെ അവിടെ നിന്നു നമ്മെ വിളിക്കുന്ന കർത്താവിന്റെ മുമ്പിൽ നമ്മെ പൂർണ്ണമായി സമർപ്പിക്കാം. നമ്മുടെ ജീവിതം വാക്കിലൂടെ മാത്രമല്ല കീഴടങ്ങലിലും അനസരണത്തിലും കൂടെ സാക്ഷ്യം വഹിക്കട്ടെ. അങ്ങനെ ക്രിസ്തു വാസ്തവമായി നമ്മിൽ വാഴട്ടെ.

ഉയിർത്തെഴുന്നേറ്റു വാഴുന്ന കർത്താവിന്റെ വേലയിൽ നിങ്ങളുടെ



റവ. വിജയ് പ്രസന്ന ഐസക്
ജനറൽ സെക്രട്ടറി

---

**പുറം പേജ് 2 ന്റെ തുടർച്ച...**

**അബ്രഹാം എല്ലാം ഉപേക്ഷിച്ചപ്പോൾ അവൻ ദൈവത്തെ "യഹോവ യിരെ" ആയി "കരുതുന്ന ദൈവമായി" അനുഭവിച്ചു. അതുപോലെ നാം നമ്മെ ശൂന്യമാക്കുമ്പോൾ ദൈവം നമ്മിൽ തന്റെ സാന്നിധ്യവും ഉദ്ദേശവും നിറയ്ക്കും. ഫിലിപ്പിയർ 2:78 ൽ പറയുന്നത് യേശുക്രിസ്തു തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി തീർന്നു. ആ സമർപ്പണത്തിന്റെ ആത്മാവിനോടു നമുക്കും ചേർന്നു നിൽക്കാം. നമ്മുടെ ജീവിതത്തിന്റെ എല്ലാഭാഗങ്ങളും ദൈവത്തിനു സമർപ്പിക്കാം. ദൈവത്തിന്റെ വിശ്വസ്തത അനുഭവിച്ചു കൊണ്ട് ആവശ്യത്തിലിരിക്കുന്ന ലോകത്തിനു കർത്താവിനെ വെളിപ്പെടുത്താം.**

# ബലിപീഠത്തിൽ അർപ്പിക്കപ്പെട്ട ജീവിതം



നിക്കോളാസ് ലുഡ്‌വിഗ് വോൺ സിൻസെൻ ഡോർഫ് 1700 മെയ് 26 ന് ജമ്മനിയിലെ ഒരു സമ്പന്ന കുടുംബത്തിൽ ജനിച്ചു. ഒരു ദിവസം ഒരു ചിത്രകലാ പ്രദർശനത്തിൽ ക്രൂശിതനായ യേശുവിന്റെ ജീവൻ തുളുമ്പുന്ന ചിത്രം അദ്ദേഹത്തെ വല്ലാതെ സ്പർശിച്ചു. ചിത്രത്തിനു താഴെ ആലേഖനം ചെയ്തത് അദ്ദേഹം വായിച്ചു: **നിനക്കായ് ഞാൻ ഇത് ചെയ്തു; എനിക്കായ് നീ എന്തു ചെയ്തു?** അവിടെ അവൻ തന്റെ മുഴു ജീവിതത്തെയും യേശുവിനായ് സമർപ്പിച്ചു. ഇത്രയും കാലം എന്നെ സ്നേഹിച്ച യേശുവിനു വേണ്ടി ഞാൻ ഒന്നും ചെയ്തിട്ടില്ല; എന്നാൽ ഇന്നു മുതൽ ദൈവം എന്നോടു ആവശ്യപ്പെടുന്നതെന്തും ഞാൻ ചെയ്യും എന്ന് അവൻ തീരുമാനിച്ചു. 1732 ൽ അദ്ദേഹം മൊറാവിയൻ മിഷനറി പ്രസ്ഥാനം ആരംഭിച്ചു. അദ്ദേഹത്തിന്റെ കാലത്ത് പത്തു അംഗങ്ങളുള്ള സമൂഹത്തിൽ നിന്നു 20 മിഷനറിമാരെ അയച്ചു. വെസ്റ്റ് ഇൻഡീസിലേക്ക് മിഷനറിമാരെ അയയ്ക്കുവാൻ അസാധ്യമായപ്പോൾ അദ്ദേഹം യൗവ്വനക്കാരെ അടിമകളായി സ്വയം വിൽക്കുവാൻ പ്രേരിപ്പിച്ചു. അങ്ങനെ അടിമകളായ ജനങ്ങളുടെ ഇടയിൽ ശുശ്രൂഷ ചെയ്യുവാൻ സാധിക്കും. അവരുടെ ഉപജീവനത്തിനായി അദ്ധ്വാനിക്കുന്നതിനൊപ്പം ത്യാഗപൂർവ്വമായ ശുശ്രൂഷയും നിർവഹിക്കുവാൻ സാധിക്കും.

## വിളിക്കുന്ന ദൈവം

റോമർ 12:1 ൽ റോമിലുള്ള വിശ്വാസികൾക്കു പൗലൊസ് എഴുതി, *“സഹോദരന്മാരേ ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ.”* ഈ ലേഖനത്തിലുടനീളം പൗലൊസ് വിവിധ തരത്തിലുള്ള വിളിയെ കുറിച്ചു പറയുന്നു. പൗലൊസ് പറയുന്നു, ദൈവം തന്റെ കൃപാവരങ്ങളെയും വിളിയെയും കുറിച്ചു അനുതപിക്കുന്നില്ലല്ലോ (റോമർ11:29). ദൈവം എന്നെ അപ്പൊസ്തലനായി വിളിച്ചു എന്നു സ്വയം പരിചയപ്പെടുത്തുന്നു (1:2). ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കുന്ന ദൈവം (4:17). സകല ജാതികളെയും വിളിക്കുന്ന ദൈവം (1:6,7). എന്റെ ജനം അല്ലാത്തവരെ എന്റെ ജനം എന്നു വിളിക്കും (9:25). ദൈവത്തിനായി വിളിക്കപ്പെട്ട

വിശുദ്ധന്മാർ (1:3). നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർ (8:28). ഇപ്രകാര മുള്ള ഒരു ദൈവത്തെ പരിചയപ്പെടുത്തിയതിനു ശേഷം ദൈവസന്നിധിയിൽ സമർപ്പിക്കപ്പെടുവാൻ പന്ത്രണ്ടാം അദ്ധ്യായത്തിൽ ആഹ്വാനം നൽകുന്നു.

## സമർപ്പണത്തിനായുള്ള ആഹ്വാനം

സമർപ്പണം എന്ന വാക്കിന്റെ അർത്ഥം കീഴടങ്ങുക, കൈമാറ്റം ചെയ്യുക, അഭയം പ്രാപിക്കുക എന്നിവ ആകുന്നു. അതിന്റെ അർത്ഥം പരമാധികാരവും ശക്തിയും ഉള്ള ഒരാളുടെ കരത്തിലേക്കു നമ്മുടെ നിയന്ത്രണം പൂർണ്ണമായി എല്പിക്കുക. എബ്രായ ഭാഷയിൽ 'Kni'a' അർത്ഥമാക്കുന്നത് ഉപാധികളില്ലാത്ത സമർപ്പണം എന്നാണ്. നമ്മുടെ അമ്മയുടെ ഉദരത്തിൽ വെച്ചു തന്നെ നമ്മെ അറിയുകയും വിളിക്കയും ചെയ്യുന്ന ദൈവത്തിന്റെ കരങ്ങളിൽ നമ്മെ പൂർണ്ണമായി സമർപ്പിക്കുന്നതിനു ആഹ്വാനം ചെയ്യുന്നു.

റോമർ 12: 1 ൽ പൗലൊസ് സമർപ്പണത്തിന്റെ നാലു വിഷയങ്ങൾ എടുത്തു കാണിക്കുന്നു.

### 1. ശരീരത്തെ സമർപ്പിക്കുക

ആദ്യത്തെ അഭ്യർത്ഥന നിങ്ങളുടെ ശരീരങ്ങളെ ദൈവത്തിനു പ്രസാദകരമായി സമർപ്പിക്കുക എന്നാകുന്നു. പൗലൊസ് ചോദിക്കുന്നു: *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ.* (1കൊരി.6:19,20).

ശരീരത്തിന്റെ എല്ലാ അവയവങ്ങളും ദൈവത്തെ മഹത്വപ്പെടുത്തുവാനായി നൽകിയതാണ്. പൗലൊസ് പറയുന്നു: *നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിനു സമർപ്പിക്കയും അരുതു ... നീതിയുടെ ആയുധങ്ങളായി ദൈവത്തിനു സമർപ്പിച്ചു കൊൾവിൻ* (റോമർ.6:13). നമ്മുടെ പഴയ മനുഷ്യൻ യേശുവിനോടു കൂടെ ക്രൂശിക്കപ്പെട്ടു അതിനാൽ ഇനി പാപത്തിനു അടിമപ്പെടരുത് (റോമർ 6:6). നാം നമ്മുടെ കണ്ണും, നാവും, കരങ്ങളും പാദങ്ങളും - പാപം ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്നതെല്ലാം - യേശുവിനോടു കൂടെ കുരിശിൽ ക്രൂശിക്കണം.

തീവണ്ടി യാത്രക്കിടെ വേദപുസ്തകം വായിച്ചു കൊണ്ടിരുന്ന യൗവ്വനക്കാരനോടു അപരിചിതരായ യാത്രക്കാർ ചീട്ടു കളിക്കു ഒരു കരം തരുമോ എന്നു ചോദിച്ചു. ആ യൗവ്വനക്കാരൻ മറുപടി പറഞ്ഞു, ക്ഷമിക്കണം എന്റെ കരം ഞാൻ വീട്ടിൽ വെച്ചിട്ടാണ് വന്നത്. ആശയകുഴപ്പത്തിൽ അവനെ നോക്കിയ യാത്രക്കാരോടു അവൻ പറഞ്ഞു, ഇപ്പോൾ എനിക്കുള്ള കരങ്ങൾ യേശുവിനായി സമർപ്പിച്ചതാണ്. ഇന്നു രാവിലെ എന്റെ പഴയ കരം യേശുവിനു നൽകി. ഈ കരം കൊണ്ടു ചീട്ടു കളിക്കുവാൻ സാധ്യമല്ല.

അതെ, പ്രീയമുള്ളവരെ, ഈ യൗവ്വനക്കാരനെ പോലെ നമ്മെ പാപത്തിനായി പ്രേരിപ്പിക്കുന്ന നമ്മുടെ അവയവങ്ങളെ എല്ലാ ദിവസവും ദൈവസന്നിധിയിൽ സമർപ്പിക്കണം. നമുക്കു ക്രിസ്തുവിന്റെ ശരീരമായി അവന്റെ സാക്ഷികളായി ജീവിക്കാം.

### 2. വിശുദ്ധിക്കായുള്ള സമർപ്പണം

ഇവിടെ പൗലൊസ് ഉപയോഗിക്കുന്ന രണ്ടാമത്തെ വാക്ക് വിശുദ്ധി. വിശുദ്ധ ജീവിതം നയിക്കുവാനായി നാം വിളിക്കപ്പെട്ടവരാണ്. "ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ"

(ലേവ്യ 19:2). വിശുദ്ധനായ ദൈവത്തിന്റെ ആരാധകരായ നാം ക്രിസ്തുവിനെ നമ്മുടെ സമൂഹത്തിൽ പ്രതിഫലിപ്പിക്കണം. പൗലൊസ് നമ്മോടു അഭ്യർത്ഥിക്കുന്നത്, *നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നേ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികെച്ചു കൊൾക.* (2കൊരി.7:1). പാപം നിറഞ്ഞ ഈ ലോകത്തിൽ നാം നമ്മുടെ ജീവതത്തെ വിശുദ്ധിയിൽ കാത്തു സൂക്ഷിക്കണം.

വടക്കെ അമേരിക്കയിൽ കാണുന്ന ഒരു ചെറിയ ജീവിയായ എർമിൻ, ശുദ്ധമായ വെളുത്ത രോമങ്ങളാൽ പ്രസിദ്ധമാണ്. അതിന്റെ ശുചിത്വത്തിനു അത് കൂടുതൽ വിലകല്പിക്കുന്നതിനാൽ വേട്ടക്കാർ അതിന്റെ മാളത്തിനു ചുറ്റും വിതറുന്ന ചെളിയിൽ പെട്ടു അതിന്റെ രോമങ്ങൾ മലിനമാകുന്നതിനെക്കാൾ വേട്ടക്കാരന്റെ കരങ്ങളാൽ ചാകുന്നതിനു അത് തയ്യാറാകുന്നു. ഇപ്രകാരം നമ്മുടെ ആത്മീക വിശുദ്ധിക്കു നാം വിലകല്പിക്കണം.

എർമിൻ പഞ്ചേന്ദ്രിയങ്ങൾ ഉള്ള ഒരു ജീവി മാത്രമാണെങ്കിലും വേട്ടക്കാർ അതിനെ പിടിച്ചു കൊല്ലുമെന്നു അറിഞ്ഞിട്ടും അത് അശുദ്ധമാകുവാൻ തയ്യാറല്ല. കേവലം ഒരു മൃഗം അതിന്റെ ശുദ്ധിയെ ഇത്ര ജാഗ്രതയോടെ കാക്കുന്നുവെങ്കിൽ മനുഷ്യരായ നാം നമ്മുടെ വിശുദ്ധി കാത്തു സൂക്ഷിക്കുവാൻ എത്രയധികം സമർപ്പിതാരായിരിക്കണം.

## 3. ദൈവത്തിനു പ്രസാദകരമായി സമർപ്പിക്കണം

മൂന്നാമത്തെ വാചകം "ദൈവത്തിനു സ്വീകാര്യമായ (പ്രസാദകരമായ)". പൗലൊസ് പറയുന്നു: *"ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നതു? അല്ല ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല"* (ഗലാത്യർ1:10). സങ്കീർത്തനം 40:8 ൽ ദാവിദ് പ്രാർത്ഥിച്ചു: *''എന്റെ ദൈവമേ നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ പ്രീയപ്പെടുന്നു."* ദാനിയേലിനെ കർത്താവ് വിളിച്ചു: *"നീ ഏറ്റവും പ്രീയനാകയാൽ..."*(ദാനി.9:23).

ദൈവത്തിനു പ്രസാദകരമായതു ചെയ്യുന്നവനു മാത്രമേ ദൈവം ആഗ്രഹിക്കുന്നതു പ്രവർത്തിക്കുവാൻ സാധിക്കു. ദൈവത്തിന്റെ പദ്ധതി പൂർത്തീകരിക്കുന്നതിനായി ഏതു ത്യാഗവും സഹിക്കുവാൻ അവർ തയ്യാറാണ്. അവർ പൂർണ്ണ ഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്നു.

ഇന്ത്യയുടെ അപ്പൊസ്തലൻ എന്നു വിളിക്കപ്പെടുന്ന സാധു സുന്ദർ സിംഗിനെ വിശ്വാസം നിമിത്തം സ്വന്ത കുടുംബം തള്ളിക്കളഞ്ഞു. അവന്റെ പിതാവ് അവനെ പിന്തിരിപ്പിക്കുവാനായി അവരുടെ വലിയ സമ്പത്തു നൽകുവാനും സുന്ദരിയായ യുവതിയെ വിവാഹം കഴിപ്പിച്ചു നൽകുവാനും തയ്യാറായി. സാധു സുന്ദർസിംഗിന്റെ മറുപടി: "ഞാൻ എന്റെ ഒരേയൊരു ഹൃദയത്തെ പ്രീയ യേശുവിനു നൽകി, മറ്റാർക്കും നൽകാൻ എനിക്കു മറ്റൊരു ഹൃദയം ഇല്ല". നിങ്ങളുടെ ഹൃദയത്തിന്റെ മുഴുവൻ സ്ഥലവും നിങ്ങളുടെ പ്രീയപ്പെട്ടവർക്കു നൽകുന്നതു പോലെ, നമുക്കും സാധു സുന്ദർസിംഗിനെ പോലെ നമ്മുടെ ജീവിതത്തെ പൂർണ്ണമായി നമ്മെ അളവറ്റു സ്നേഹിക്കുന്ന നമ്മുടെ പ്രീയ യേശുവിനു നൽകാം. അവനു പ്രസാദകരമായ ജീവിതം നയിക്കുവാൻ നമ്മെ സമർപ്പിക്കാം.

## 4. ജീവനുള്ള യാഗമായി സമർപ്പിക്കാം

ഒടുവിലായി പൗലൊസ് നമ്മെ ആഹ്വാനം ചെയ്യുന്നത് ജീവനുള്ള

# മാനിയമ്പാടി സഭാ ചരിത്രം

## മാരക്കാട്ട ക്ലസ്റ്റർ

റീജിയൻ : ഡെങ്കണികോട്ടൈ

തമിഴ്നാട് സോൺ



**എഴുതിയത്:**

**ശ്രീമതി ഡി ആഗ്നസ് എഡ്വേർഡ്**

### പൊതുവിവരം

തമിഴ്നാട്ടിൽ കൃഷ്ണഗിരി ജില്ലയിലുള്ള കേലമംഗലം ബ്ലോക്കിൽ ഡെങ്കണികോട്ടൈ താലുക്കിലാണ് മാനിയമ്പാടി ഗ്രാമം സ്ഥിതിചെയ്യുന്നത്. ഈ ഗ്രാമത്തിലുള്ള പ്രധാന മതം ഹിന്ദുമതമാണ്. മാനിയമ്പാടി ഗ്രാമത്തിൽ ഏകദേശം 250 കുടുംബമുണ്ട്. ഈ പ്രദേശം ബിക്കനപള്ളി പോസ്റ്റ് ഓഫിസിനു കീഴിലാണ്. ഈ ഗ്രാമത്തിലുള്ളവർ ഭൂരിപക്ഷവും കാർഷിക മേഖലയിൽ കൂലി വേല ചെയ്യുന്നവരാണ്. ആചാര്യ, വണ്ണിയാർ, ആദി ദ്രാവിഡർ, ലിംഗായത്, ബാലിജ നായിഡു എന്നീ സമുദായത്തിലുള്ളവരാണ് ഈ ഗ്രാമത്തിൽ പാർക്കുന്നവരിൽ അധികപങ്കും കുറച്ചു മുസ്ലീങ്ങളുമുണ്ട്.

---

യാഗമായി സമർപ്പിക്കുവാനാണ്. സാധാരണയായി ഒരു യാഗം മരണത്തെ സൂചിപ്പിക്കുന്നതാണ്. അങ്ങനെയെങ്കിൽ എന്താണ് ജീവനുള്ള യാഗം? പഴയ നിയമത്തിൽ യാഗത്തിൽ രക്തം ചൊരിച്ചിലുണ്ട്. ജീവനുള്ള യാഗം എന്നതു കൊണ്ട് അർത്ഥമാക്കുന്നത് ഒരുവനെ പൂർണ്ണമായി ദൈവത്തിന്റെ യാഗപീഠത്തിൽ അർപ്പിക്കുക എന്നതാണ്. ഇത് ശാരീരിക മരണത്തെ കുറിച്ചല്ല മറിച്ച് നമ്മുടെ അഹങ്കാരം, ഞാൻ എന്ന ഭാവം, ആഗ്രഹങ്ങൾ, സ്വന്ത ഇച്ഛകൾ എല്ലാം യാഗമായി അർപ്പിക്കണം.

ഇത് അർത്ഥമാക്കുന്നത് ''ഞാൻ ജീവിക്കും എന്നാൽ എനിക്കു വേണ്ടിയല്ല.'' ദാവീദ് പറയുന്നു, *"ഞാൻ മരിക്കയില്ല; ജീവനോടെയിരുന്നു യഹോവയുടെ പ്രവൃത്തികളെ വർണ്ണിക്കും"*(സങ്കീ.118:17). നമ്മുടെ ജീവിതത്തെ ദൈവ കൃപക്കു കൈമാറുന്ന ദൈനംദിന പരിശീലനമാണിത്.

ഉപസംഹാരം: നമുക്കു അർപ്പിക്കുവാൻ കഴിയുന്ന ന്യായമായ ഒരേയൊരു ആരാധന നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദകരമായ യാഗമായി അർപ്പിക്കുക മാത്രമാകുന്നു.

**റവ. എ ജോൺ ഡേവിഡ്രാജ്**

ഡാമലച്ചെരിവ് മിഷനറി (റിട്ട) - FMPB

## സഭയുടെ ആരംഭം

1983 ഏപ്രിൽ മാസത്തിലാണ് ഡെങ്കണിക്കൊട്ടൈ മിഷൻ വയൽ ആരംഭിച്ചത്. മിഷനറി ദമ്പതിമാരായ ശ്രീ. വി തോമസും ശ്രീമതി വസന്ത തോമസും ചേർന്നാണ് ഈ മിഷൻ വയലിൽ പ്രവർത്തനം ആരംഭിച്ചത്. 1987 ൽ ഇരുദുക്കോട്ടൈയിലുള്ള ഡോ. ജോൺസണെ ഈ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുവാൻ ദൈവം ഉപയോഗിച്ചു. അദ്ദേഹത്തിന്റെ ശുശ്രൂഷയിലൂടെ ലഭിച്ച അത്ഭുത സൗഖ്യത്തിലൂടെ ഈ ഗ്രാമത്തിൽ അനേകർ യേശുവിനെ അറിഞ്ഞു.

മാനിയമ്പാടി ഗ്രാമത്തിൽ ആദ്യം യേശുവിനെ സ്വീകരിച്ചത് പൂജാരിയായിരുന്ന ശ്രീ. സാക്കപ്പ ആയിരുന്നു. സ്നാനമേറ്റപ്പോൾ അദ്ദേഹം ശമുവേൽ സാക്കപ്പ എന്ന നാമം സ്വീകരിച്ചു.

### ശാമുവേൽ സാക്കപ്പയുടെ സാക്ഷ്യം

അമ്പലത്തിൽ പൂജാരിയായിരുന്ന ശ്രീ. സാക്കപ്പ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലിലൂടെയാണ് മാനസാന്തരപ്പെട്ടത്. അയാളുടെ പെന്നാഗാരത്തിൽ പഠിച്ചു കൊണ്ടിരുന്ന മകൻ പൈശാചിക ബന്ധനത്താൽ പരിതാപകരമായ സ്ഥിതിയിലായി. എണ്ണമില്ലാത്ത പൂജകളും മന്ത്രങ്ങളും അമ്പലത്തിലെ ആചാരങ്ങളും ഒക്കെ ചെയ്തിട്ടും നാളുകൾ കഴിയുന്തോറും ബാലന്റെ നില ഗുരുതരമായി. ഡോ. ജോൺസണിന്റെ ആലോചന അനുസരിച്ച് സാക്കപ്പ ശയ്യാവലംബനായ മകനെ ബസിൽ ഇരുദുക്കോട്ടൈയിലേക്കു കൊണ്ടുവരുവാൻ ശ്രമിച്ചു. ആ യാത്രയിൽ ബാലൻ മരിച്ചതുപോലെ ആയി.

എന്നിരുന്നാലും ഡോക്ടർ ആ ബാലനെ ചികിത്സിക്കുവാൻ ശ്രമിച്ചു. കുടുംബത്തിലുള്ളവരോടു കാത്തിരിക്കുവാൻ ആവശ്യപ്പെട്ടു. ആ രാത്രിയിൽ പൈതലിനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അവനു അത്ഭുത സൗഖ്യം നൽകി വിടുവിച്ചു. അടുത്ത ദിവസം ബാലൻ പൂർണ്ണ സൗഖ്യത്തോടെ പിതാവിന്റെ അടുക്കലേക്കു നടന്നു വന്നു. ഈ അത്ഭുതം സാക്കപ്പയുടെ ഹൃദയത്തിൽ ആഴമായ ചലനം സൃഷ്ടിച്ചു. ബിംബാരാധനയെ ഉപേക്ഷിച്ചു. പുതിയ നിയമത്തിന്റെ പ്രതി വാങ്ങുകയും സുവിശേഷം ശ്രവിക്കുകയും ചെയ്തു. അയാളും കുടുംബവും യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു.

പ്രാദേശിക സുവിശേഷകൻ ശ്രീ. പീതരു മുനിയപ്പ ആ കുടുംബത്തെ സന്ദർശിച്ചു സ്നാനപ്പെടുവാൻ ഉത്സാഹിപ്പിച്ചു. പച്ചപ്പള്ളി ഡാമിൽ ശ്രീ. സാക്കപ്പ സ്നാനപ്പെട്ടു. പിന്നീട് മുഴു കുടുംബവും യേശുവിന്റെ അനുയായികളായി തീർന്നു.

## പതിവായുള്ള ആരാധനയുടെ തുടക്കം

ആദ്യ വിശ്വാസിയുടെ സ്നാന ശുശ്രൂഷയെ തുടർന്നു ശ്രീ. പീതരു മുനിയപ്പ മാനിയമ്പാടി ഗ്രാമം പതിവായി സന്ദർശിച്ചു ആരാധന യോഗങ്ങൾ നടത്തി വന്നു. മിഷൻ വയലിലെ രേഖകളിൽ പ്രകാരം 1987 സെപ്റ്റംബറിലാണ് മാനിയമ്പാടി ആരാധനക്കൂട്ടം ആരംഭിച്ചത്.

ക്രമേണ ഗ്രാമത്തിലെ മറ്റുള്ളവരും ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു. ശ്രീ. ശാമുവേൽ സാക്കപ്പയുടെ സഹോദരർ, അദ്ദേഹത്തിന്റെ മരുമകൻ, ശ്രീ. ദാനിയേൽ മാധു തുടങ്ങിയവർ വിശ്വാസത്തിലേക്കു വന്നു.

### ദാനിയേൽ മാധുവിന്റെ സാക്ഷ്യം

ശ്രീ. ദാനിയേൽ മാധു ക്രിസ്തുവിനെ സ്വീകരിക്കുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ കുടുംബം മറ്റൊരു വിശ്വാസത്തിലായിരുന്നു. ആയാളുടെ അമ്മായി

യപ്പൻ യേശുവിനെ സ്വീകരിച്ചതിനെ തുടർന്നു അവരുടെ കുടുംബത്തിലുള്ളവരും യേശുവിന്റെ അനുയായികളായി. മദ്യത്തിന്റെ അടിമയായിരുന്ന അദ്ദേഹത്തിന്റെ കുടുംബം പലവിധ പ്രശ്നങ്ങളും അഭിമുഖീകരിച്ചതു കൂടാതെ കടുത്ത ദാരിദ്ര്യവും അനുഭവിച്ചു. ശ്രീ. സാക്കപ്പ അവരോടു സുവിശേഷം പങ്കുവെക്കുകയും ക്രിസ്തുവിനെ സ്വീകരിച്ചതിലൂടെ അവരുടെ ജീവിതത്തിലുണ്ടായ രൂപാന്തരീകരണവും വിശദീകരിച്ചു. തത്ഫലമായി മുഴു കുടുംബവും യേശു ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു.

ശ്രീ. പീതരു മുനിയപ്പ ആ ഗ്രാമത്തിൽ ആരാധന നടത്തി. ഈ കുടുംബത്തെ ഹൊസുരിൽ വെച്ചു സ്നാനപ്പെടുത്തി.

## സഭയുടെ വളർച്ച

വിശ്വാസികളുടെ സഹോദരങ്ങളും ബന്ധുക്കളും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിലൂടെ മാനിയമ്പാടി സഭ വളരുവാൻ തുടങ്ങി. ഇരുദുക്കോട്ടയിലെ ഡോ. ജോൺസണിന്റെ സൗഖ്യദായക ശുശ്രൂഷയാണ് സഭയുടെ വളർച്ചയുടെ മറ്റൊരു പ്രധാന ഘടകം.

### ശ്രീ. ആൻഡ്രു സാലപ്പയുടെ സാക്ഷ്യം

കൗമാര പ്രായക്കാരനായ ശ്രീ. ആൻഡ്രു സാലപ്പ യേശു ക്രിസ്തുവിനെ അറിഞ്ഞത് അവന്റെ ഗ്രാമത്തിൽ വിതരണം ചെയ്ത ലഘുലേഖയിലൂടെയാണ്. ഈ കാലയളവിൽ അവൻ ടൈഫോയ്ഡിനാൽ കഷ്ടപ്പെട്ടു. ഗ്രാമവാസികൾ അതു പൈശാചിക ബന്ധനമാണെന്നു പറഞ്ഞു. അവനെ മന്ത്രവാദികളുടെ അടുക്കൽ കൊണ്ടുചെന്നു. പൂജാധി കർമ്മങ്ങൾ ചെയ്തു നിരവധി മന്ത്രച്ചരടുകൾ ജപിച്ചു കെട്ടി. എന്നാൽ അവന്റെ നില ഗുരുതരമായി. അവനെ ഇരുദുകോട്ടയിൽ കൊണ്ടു പോയി. ഡോ. ജോൺസൺ അവന്റെ സ്ഥിതി ഗുരുതരമാണെന്നു മനസ്സിലാക്കി. മിഷനറി രാജൻ ആൻഡ്രൂസ് ആശുപത്രിയിൽ അവനെ സന്ദർശിച്ചു ദൈവത്തിന്റെ വല്ലഭത്വത്തെ കുറിച്ച് ലാസറിന്റെ സംഭവകഥയിലൂടെ അവരോടു പറഞ്ഞു. അവനു വേണ്ടി പ്രാർത്ഥിച്ചു. ശരീരത്തലുണ്ടായിരുന്ന എല്ലാ മന്ത്രച്ചരടുകളും നീക്കം ചെയ്തു. പതിനഞ്ചു മിനിറ്റു നേരത്തെ പ്രാർത്ഥനക്കു ശേഷം അവരോടു പറഞ്ഞു ഏഴു ദിവസത്തിനുള്ളിൽ അവനു സൗഖ്യം ലഭിക്കും. മാരന്ദഹള്ളിയിലെ സ്നാനശുശ്രൂഷയിൽ സംബന്ധിക്കണമെന്നും പറഞ്ഞു. ആറു ദിവസവും അവൻ ഒന്നരക്കപ്പു കഞ്ഞി മാത്രമേ കുടിക്കുവാൻ കഴിഞ്ഞുള്ളു. ഏഴാം ദിവസം രക്ഷിതാക്കളുടെ സമ്മതമില്ലാതെ അവൻ മാരന്ദഹള്ളിയിൽ പോയി പൂർണ്ണ മനസ്സോടെ സ്നാനപ്പെട്ടു. 1990 ൽ മിഷനറി വി തോമസാണ് അവനെ സ്നാനപ്പെടുത്തിയത്.

ഏതാണ്ട് ഇതേ കാലയളവിൽ ഗ്രാമത്തിൽ 62 വിദ്യാർത്ഥികളെ ചേർത്തു വയോജന വിദ്യാഭ്യാസ പദ്ധതി ആരംഭിച്ചു. 60 വിദ്യാർത്ഥികളും പഠനം ഉപേക്ഷിച്ചു. അദ്ധ്യാപകനും വരാതെയായി. ഒന്നരവർഷം ആൻഡ്രു സ്വയം വായിക്കുവാൻ ശ്രമിച്ചു. ദിവസവും വേദപുസ്തകം വായിക്കുന്ന ശീലം വളർത്തിയെടുത്തു. പിന്നീട് അവന്റെ വിവാഹം മാനിയമ്പാടി ദൈവാലയത്തിൽ വെച്ചു നടത്തി. റവ. വരദരാജനും മറ്റു മിഷനറിമാരും വിവാഹ ശുശ്രൂഷക്കു നേതൃത്വം നൽകി.

### നാഹാന്റെ സാക്ഷ്യം

ആദ്യ വിശ്വാസിയുടെ ബന്ധുവായിരുന്ന നാഹാൻ കൃഷ്ണഗിരി ജില്ലയിൽ വിവാഹ വേളയിലെ കൊട്ടുകാരനായി ജോലി ചെയ്തു വരികയായിരുന്നു. മദ്യത്തിനടിമയായിരുന്ന. അവന്റെ സ

ഹോദരങ്ങളും മാതാപിതാക്കളും വിശ്വാസികളായിരുന്നതിനാൽ അവരുടെ ആവർത്തിച്ചുള്ള ഉപദേശത്തെ അവൻ അവഗണിച്ചു. രണ്ടു വർഷം അവൻ ഇരുമുടികെട്ടുമായി 41 ദിവസത്തെ തീർത്ഥാടനത്തിനു പോയിരുന്നു. ഇരട്ടി ഭാരത്തോടെയാണ് അവൻ തിരികെ വന്നിരുന്നത്. മൂന്നാം പ്രാവശ്യം അധികം പണം വാങ്ങുന്നതിനു പകരം തന്റെ സഹോദരന്മാരിൽ നിന്ന് 10 രൂപ വാങ്ങി കൊണ്ടു പോയി. മലകയറുന്ന വേളയിൽ വീണു. അവന്റെ ഇരുമുടി കെട്ടു 15 മീറ്റർ താഴെക്കു പതിച്ചു. അവൻ പരുക്കു പറ്റാതെ രക്ഷപ്പെട്ടു. വിഗ്രഹത്തിന്റെ മുമ്പിൽ വെച്ചു അവൻ വിഗ്രഹാരധനയെ ഉപേക്ഷിച്ചു സത്യദൈവം ഒന്നു മാത്രമേ ഉള്ളെന്നു പ്രഖ്യാപിച്ചു.

അവൻ ഗ്രാമത്തിൽ മടങ്ങിവന്നു. കുടുംബാംഗങ്ങളുടെ മുമ്പിൽ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. പച്ചപ്പള്ളി ഡാമിൽ വെച്ചു സ്നാനപ്പെട്ടു. അതിദാരിദ്ര്യത്തിൽ കഴിഞ്ഞ കുടുംബത്തെ അന്നു മുതൽ ദൈവം അനുഗ്രഹിച്ചു.

### ശ്രീമതി തബിഥാലിന്റെ (കനക) സാക്ഷ്യം

ശ്രീമതി കനക (പിന്നീട് തബിഥാൽ എന്ന പേര് സ്വീകരിച്ചു) ഒസാലി ഗ്രാമത്തിലെ ഒരു അക്രൈസ്തവ കുടുംബത്തിൽ ജനിച്ചു. മാനിയമ്പാടി ഗ്രാമത്തിലുള്ള ഒരു ക്രിസ്ത്യാനിയെ വിവാഹം കഴിച്ചു. വിവാഹത്തിനു ശേഷം പാസ്റ്റർ ആൻഡ്രു അവരുടെ ഭവനം സന്ദർശിച്ചു പ്രാർത്ഥിച്ചു. അവൾക്കു എങ്ങനെ പ്രാർത്ഥിക്കണമെന്ന് അറിയില്ലെങ്കലും ദൈവസാന്നിധ്യം അനുഭവിച്ച അവൾ ഉല്പത്തി പുസ്തകം മുതൽ വായിക്കുവാൻ തുടങ്ങി. അങ്ങനെ അവൾ യേശു മാത്രമാണ് ഏകദൈവമെന്നു മനസ്സിലാക്കി. വിവാഹം കഴിഞ്ഞ് നാലു മാസം കഴിയുന്നതിനു മുമ്പ് അവൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു സ്നാനപ്പെട്ടു.

അവരുടെ ഓടു മേഞ്ഞ വീടിന്റെ പുറത്തു ഒരു തെങ്ങു വീണു തകർന്നു പോയി. പാസ്റ്ററിന്റെ വീട്ടിൽ താമസിച്ചു കൊണ്ടിരുന്ന അവർക്കു ദൈവം നല്ല ഒരു വീട് നൽകി അനുഗ്രഹിച്ചു. ദൈവം അവർക്കു രണ്ടു പെൺമക്കളെ നൽകി അനുഗ്രഹിച്ചു. പിന്നീട് അതിരാവിലെ 3 മുതൽ 4 വരെയുള്ള പ്രാർത്ഥനയിലൂടെ ദൈവം ഒരു ആൺ പൈതലിനെ നൽകുമെന്ന ഉറപ്പു ലഭിച്ചു. അവർ ആ പൈതലിനു ആകാശ് എന്നു പേരു നൽകി.

### മറ്റു സാക്ഷ്യങ്ങൾ

പാസ്റ്റർ ക്ഷണിച്ചതിനെ തുടർന്നു **ശ്രീ അരുൺ** ആരാധനയിൽ സംബന്ധിക്കുവാൻ തുടങ്ങി. വേദപുസ്തകവായനയിലൂടെ അവൻ യേശുവിനെ അറിഞ്ഞു. അവൻ തന്റെ ജോലിസ്ഥലത്തു യേശുവിനെ പങ്കുവെക്കുവാൻ തുടങ്ങി. ലക്ഷ്മക്ക എന്ന സ്ത്രീയും അവളുടെ കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ജാവനസാന്ദ്രം സഭയിലെ ആരാധനയിൽ സംബന്ധിക്കുവാൻ തുടങ്ങിയതിനെ തുടർന്നു അവന്റെ സഹ പ്രവർത്തകന്റെ രോഗികളായ മൂന്നു മക്കൾ സൗഖ്യം പ്രാപിച്ചു.

**ശ്രീ. യുവരാജ്** അവരെ പരിഹസിക്കുവാനായിട്ടാണ് ആദ്യമൊക്കെ പ്രാർത്ഥന യോഗത്തിൽ സംബന്ധിച്ചിരുന്നത്. എന്നിരുന്നാലും മൂന്നാം ആഴ്ച മുതൽ അവൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ തുടങ്ങി. കുടുംബം എതിർത്തിട്ടും ഗ്രാമത്തിലെ ഒരു കുളത്തിൽ വെച്ചു ശ്രീ. ജയിംസ് അവനെ

സ്നാനപ്പെടുത്തി. തുടർന്നു മദ്യപാനം പോലുള്ള ദുഷിച്ച സ്വഭാവങ്ങൾ അവൻ ഉപേക്ഷിച്ചു.

## നവജീവൻ സേവാമണ്ഡൽ (NSM)

നവജീവൻ സേവാമണ്ഡലിന്റെ സാമൂഹ്യ ഉദ്ധാരണ പ്രവർത്തനത്തിലൂടെ സഭ വളർന്നു. റോഡുകൾ പണിതു, ആടുകളെ നൽകി, വൃക്ഷ തൈകളും വിതരണം ചെയ്തു, സ്കൂളുകൾ നടത്തി, വസ്ത്രങ്ങളും പുസ്തകങ്ങളും ട്യൂഷൻ ക്ലാസ്സുകളും നടത്തി. ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ ചില ആളുകൾ സഭയിലെ അംഗങ്ങളായി പിന്നീട് അവർ സഭ വിട്ടു പോയി. ഇപ്പോഴത്തെ വിശ്വാസികൾ അത്മാർത്ഥമായി ദൈവത്തെ അന്വേഷിച്ചു വന്നവരാകുന്നു.

## സഭയുടെ വസ്തു

1989 ൽ 50 രൂപ അഡ്വാൻസ് നൽകി 15 സെന്റ് സ്ഥലം ദൈവാലയം പണിയുന്നതിനായി വേർതിരിച്ചു. ഈ വസ്തു വങ്ങുന്ന സമയത്ത് മിഷനറി രാജൻ ആൻഡ്രൂസും ശ്രീ. പീതരു മുനിയപ്പയുമാണ് അവിടെ പ്രവർത്തിച്ചിരുന്നത്.

## സഭയും സമൂഹവും

ആരംഭനാളുകളിൽ അലഹള്ളി, സാമന്ത കോട്ടൈ, ബിക്കനപള്ളി, യെല്ലൂർ എന്നീ പ്രദേശങ്ങളിൽ നിന്നുള്ളവർ ഇവിടെ വന്നു ആരാധനയിൽ സംബന്ധിച്ചിരുന്നു. ജാതി സമ്പ്രദായം നിമിത്തം അവരിൽ ചിലർ ആരാധനയിൽ വരാതെയായി. ഇപ്പോൾ മാനിയമ്പാടി ഗ്രാമത്തിലുള്ളവർ മാത്രമാണ് ആരാധനയിൽ പങ്കെടുക്കുന്നത്. ആദി ദ്രാവിഡ സമുദായത്തിൽ ഉള്ളവരാണ് ഈ സഭയിലെ അംഗങ്ങൾ.

## ദൈവാലയ നിർമ്മാണം

മൺഭിത്തിയിൽ പണിത സെന്റ് ആൻഡ്രൂസ് ദൈവാലയം 40x20 അടി വലിപ്പമുള്ളതാണ്. ആദ്യം ഇതിന്റെ മേൽക്കുര ഓടായിരുന്നു. പിന്നീട് 2000 ത്തിൽ അത് ആസ്പസ്റ്റോസ് ഷീറ്റാക്കി. യാതൊരു എതിർപ്പുകളും ഇല്ലാതെ പ്രാദേശിക വിശ്വാസികളുടെ അദ്ധ്വാനത്താലാണ് ദൈവാലയം നിർമ്മിച്ചത്. 12.4.1990 ൽ നടത്തിയ ദൈവാലയ പ്രതിഷ്ഠയിൽ മുഴുവൻ ഗ്രാമവും സംബന്ധിച്ചിരുന്നു.

## സഭ നടപടികൾ

ശ്രീ. ശമുവേൽ സാക്കപ്പ, ശ്രീ. ആൻഡ്രു സാലപ്പ എന്നിവർ സഭയുടെ മൂപ്പന്മാരായി പ്രവർത്തിക്കുന്നു. മാസത്തിൽ ഒരിക്കൽ നടത്തുന്ന മുഴു രാത്രി പ്രാർത്ഥനയിൽ 25 – 30 പേർ പങ്കെടുക്കുന്നു. എല്ലാ മാസത്തിന്റെയും ആദ്യ ഞായറാഴ്ച തിരുവത്താഴ ശുശ്രൂഷ നടത്തുന്നു. ശ്രീ. ആൻഡ്രു സാലപ്പ ആരാധനക്കു നേതൃത്വം നൽകുന്നു.

## പ്രാർത്ഥന വിഷയങ്ങൾ

- കുട്ടികൾ ഞായറാഴ്ച ആരാധനയിൽ സംബന്ധിക്കാതിരുക്കുവാനായി സുവിശേഷ വിരോധ സമൂഹം ആരാധന സമയത്തു കുട്ടികൾക്കു ട്യൂഷൻ ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നു.
- ജാതി സമ്പ്രദായം നിലനിൽക്കുന്നതിനാൽ മറ്റു ഗ്രാമങ്ങളിലുള്ള വിശ്വാസികൾ മാനിയമ്പാടി സഭയിലുള്ളവരോടു ചേർന്നു ആരാധനയിൽ സംബന്ധിക്കുന്നതിനു തയ്യാറല്ല.
- ഈ നാളുകളിൽ സഭ അധികം ഫലം കായ്ക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# കോതമ്പു മണിയായി വീണു!



## നിരാശയിൽ നിന്നും ദിവ്യ വിളിയിലേക്ക്

### ശ്രീമതി. സുനിത സിംഗിന്റെ ജീവിതവും പൈതൃകവും

ദൈവസ്നേഹത്തിന്റെ രൂപാന്തരീകരണ ശക്തിയെ ശാന്തമായി പ്രതിഫലിപ്പിക്കുന്ന ഏതാനും ജീവിതങ്ങളാൽ ഓരോ തലമുറയും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. അത്തരം ജീവിതങ്ങൾ വലിയ സമൂഹത്തിനായുള്ള പ്രത്യാശയുടെയും സ്ഥിരോത്സാഹത്തിന്റെയും ദിവ്യ ഉദ്ദേശത്തിന്റെയും ജീവിക്കുന്ന സാക്ഷ്യങ്ങളായി മാറുന്നു. ശ്രീമതി സുനിത സിംഗിന്റേതു അത്തരത്തിൽ ശ്രദ്ധേയമായ ഒരു ജീവിതം ആയിരുന്നു.

ബീഹാറിലെ ജഗദീഷ്പൂറിൽ 1971 ഒക്ടോബർ 2 ന് ജനിച്ച ശ്രീമതി സുനിത സിംഗ് തന്റെ ജന്മദിനം മഹാത്മ ഗാന്ധിയോടൊപ്പം പങ്കുവെച്ചതിന്റെ കൂടെ രാഷ്ട്രത്തിനു അനുഗ്രഹമാകാനുള്ള അദ്ദേഹത്തിന്റെ ദർശനവും പങ്കുവെച്ചു. ഒരു യഥാസ്ഥിതിക കുടുംബത്തിലാണ് അവൾ വളർന്നത്. പാരമ്പര്യങ്ങളും സാംസ്കാരിക മൂല്യങ്ങളും അവളുടെ ജീവിതത്തെ രൂപപ്പെടുത്തി. ഗ്രാമീണ ഇന്ത്യയിലെ എല്ലാ യുവതികളെയും പോലെ അവളുടെ ജീവിതവും ആരംഭിച്ചത് എളിമയുള്ള സാഹചര്യങ്ങളിലും അതിനോടൊപ്പമുള്ള പോരാട്ടത്തിലുമാണ്.

ചെറു പ്രായത്തിൽ തന്നെ ശ്രീ. വിരേന്ദ്രകുമാറുമായുള്ള അവളുടെ വിവാഹം നടന്നു. അവരുടെ വൈവാഹിക ജീവിതത്തിന്റെ ആദ്യ കാലങ്ങൾ ആഴമായ ആത്മീക പോരാട്ടങ്ങളുടെയും വൈകാരിക ക്ലേശങ്ങളുടെയും നാളുകളായിരുന്നു. തന്റെ സാക്ഷ്യത്തിൽ താൻ തീവ്രമായ ആത്മീക ബന്ധനവും നിരാശയും അനുഭവിച്ചതായി സുനിത പങ്കുവെച്ചിരുന്നു.

എന്നിരുന്നാലും ദൈവം അവളുടെ ജീവിതത്തിൽ ഇടപെട്ടു വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. ദൈവീക കരുതലിനാൽ അവളുടെ ഭർത്താവ് ജീസസ് ഫിലിം കാണുവാൻ ഇടയായി. അത് സത്യത്തിനും പ്രത്യാശക്കും വേണ്ടിയുള്ള ഒരു അന്വേഷണത്തിനു തുടക്കമിട്ടു. അടുത്ത ദിവസം സുനിതയെ ഒരു ദൈവദാസന്റെ അടുക്കൽ കൊണ്ടുചെന്നു. അദ്ദേഹം അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയിൽ അവൾ വിടുതലും സൗഖ്യവും അനുഭവിച്ചു. നിരാശയുടെ ചങ്ങലങ്ങൾ തകർത്തു ഒരു പുതു ജീവിത്തിനു തുടക്കം കുറിച്ചു.

സുനിത സിംഗും ഭർത്താവും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അവരുടെ ജീവിതത്തിലുണ്ടായ രൂപാന്തരീകരണം അടിച്ചമർത്തപ്പെട്ട സാധുക്കളെ ഉദ്ധരിക്കുന്നതിനായി ജീവിതകാലം മുഴുവനുള്ള ദിവ്യ വിളിയായി തീർന്നു. താമസിയാതെ സുനിതയ്ക്കു ആഴമേറിയ ആത്മീയ ദർശനമുണ്ടായി. അതിൽ ദൈവം അവളോടു: കാടുകൾ, നദികൾ, പർവ്വതങ്ങൾ, താഴ്‌വരകൾ തുടങ്ങി ദൈവം നയിക്കുന്ന ഇടങ്ങളിൽ, ദുഷ്കരമായ മേഖലകളിൽ കർത്താവിനെ സേവി

ക്കുവാൻ തയ്യാറാണോ എന്നു ചോദിച്ചു. അചഞ്ചലമായ വിശ്വാസത്തോടെ പൂർണ്ണ ഹൃദയത്തോടെ അവൾ “അതെ” എന്നു പ്രതികരിച്ചു. തന്റെ ജീവിതവും കുടുംബവും ദൈവ വേലക്കായി സമർപ്പിച്ചു.

അതിനെ തുടർന്നു 1992 ൽ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിൽ ചേർന്നു. അവളുടെ ജീവിതം ഇന്ത്യയിലുടനീളമുള്ള മിഷനറി സേവനത്തിന്റെ ശ്രദ്ധേയമായ ഒരു യാത്രയായി തീർന്നു. അവൾ തന്റെ ഭർത്താവിനോടും കുടുംബത്തോടും കൂടെ ഹരിയാന, ഉത്തർപ്രദേശ്, ഒടിഷ, പഞ്ചിമ ബംഗാൾ, ഹിമാചൽ പ്രദേശ്, ജമ്മു കാശ്മീർ, ബീഹാർ എന്നീ സംസ്ഥാനങ്ങളിലുള്ള ഏഴു മിഷൻ വയലുകളിൽ വിശ്വസ്തതയോടെ കർത്താവിനെ സേവിച്ചു.

ഈ മിഷൻ വയലുകൾ അവരുടെ ത്യാഗത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും ദിവ്യ വിളിയോടുള്ള അനുസരണത്തിന്റെയും നേർ സാക്ഷ്യമാകുന്നു. വിദൂര ഗ്രാമങ്ങളിലും ഗോത്രവർഗ്ഗക്കാരുടെ മേഖലകളിലും പർവ്വത പ്രദേശങ്ങളിലും സുനിത ക്രിസ്തുവിന്റെ സന്ദേശം ശാന്തമായി പ്രകാശിതമാക്കി ജീവിച്ചു. തകർന്നവരോടൊപ്പം പ്രാർത്ഥിച്ചു, നിരാശിതരെ ഉത്സാഹിപ്പിച്ചു, കാരുണ്യത്തോടെ സമൂഹങ്ങളിൽ സേവനം ചെയ്തു. ബീഹാറിൽ മറ്റൊരു മദർ തെരസയായി ദൈവം സുനിതയെ ഉപയോഗിച്ചു എന്നു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നു.

സുനിതയെ അറിയാവുന്നവർ, ആഴമായ പ്രാർത്ഥനയും വിനയവും സൗമ്യമായ ശക്തിയുമുള്ള അസാധാരണമാംവിധം സൗന്ദര്യവും മാന്യതയുമുള്ള ഒരു യുവതിയാണെന്നു സമ്മതിക്കും. അവൾ തന്റെ ഭർത്താവിനെ ശുശ്രൂഷയിൽ വിശ്വസ്തതയോടെ പിന്തുണച്ചു. സ്നേഹത്തിലും ദൈവഭയത്തിലും കുടുംബത്തെ പരിപോഷിപ്പിച്ചു. മാന്യതയും കൃപയും ശക്തമായ ക്രിസ്തീയ മൂല്യങ്ങളും പ്രതിഫലിപ്പിക്കുന്ന മൂന്നു പെൺമക്കളെ നൽകി ദൈവം അനുഗ്രഹിച്ചു.

2026 മാർച്ച് 9 ന് ഭർത്താവും മക്കളും ചുറ്റിലും നിൽക്കുന്ന വേളയിൽ സുനിതയെ ദൈവം നിത്യഭവനത്തിലേക്കു വിളിച്ചു ചേർത്തു. അവൾ ഇപ്പോൾ കഷ്ടതയും വേദനയും കണ്ണുനീരുമില്ലാത്ത സ്വർഗ്ഗീയ ഭവനത്തിൽ കർത്താവിന്റെ സാന്നിധ്യത്തിൽ നിത്യ ആനന്ദത്തിലായിരിക്കുന്നു.

സമ്പത്ത്, പദവി, അംഗീകാരം എന്നിവയല്ല അർത്ഥവത്തായ ജീവിതത്തെ അളക്കുന്നത് ദൈവവിളിയോടുള്ള വിശ്വസ്തതയും മറ്റുള്ളവരോടുള്ള കാരുണ്യപൂർവ്വമായ പ്രവർത്തിയുമാണെന്ന് സുനിത സിംഗിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

ദൈവത്തോടും രാജ്യത്തോടുമുള്ള ത്യാഗപൂർണ്ണമായ സമർപ്പണത്തിന്റെയും ആത്മാർത്ഥ സേവനത്തിന്റെയും തിളക്കമാർന്ന ഉദാഹരണമായി നല കൊള്ളുന്ന ശ്രീമതി. സുനിത സിംഗിനോടും കുടുംബത്തോടും FMPB ആഴമായി കടപ്പെട്ടിരിക്കുന്നു.

അവളുടെ പൈതൃകത്തെ വേദപുസ്തകം മനോഹരമായി ഇങ്ങനെ സംഗ്രഹിക്കുന്നു: ***നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ, ... നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക.*** (മത്തായി.25:21).

സത്യത്തിന്റെയും സ്നേഹത്തിന്റെയും സേവനത്തിന്റെയും പാതയിൽ കൂടുതൽ വിശ്വസ്തതയോടെ നടക്കാൻ അവളുടെ ജീവിതം സമൂഹത്തെ പ്രചോദിപ്പിക്കട്ടെ.

**ജോൺ ശമുവേൽ,**
പ്രസിഡണ്ട് – FMPB

# മേച്ചേരി
## മിഷൻ വയൽ
### സേലം ജില്ല



### ആമുഖം

തമിഴ്നാട്ടിൽ സേലം ജില്ലയിൽ മേട്ടൂർ താലൂക്കിലുള്ള ഒരു പഞ്ചായത്ത് ടൗണാണ് മേച്ചേരി. സേലം എന്ന സ്ഥലനാമം സൂചിപ്പിക്കുന്നത് മലകളാൽ ചുറ്റപ്പെട്ട പ്രദേശം എന്നാണ്. ഈ ജില്ല പൊതുവായി അറിയപ്പെടുന്നത് സ്റ്റീലിന്റെ പട്ടണമെന്നും മാങ്ങയുടെ നഗരമെന്നുമാണ്. ഈ ജില്ലയുടെ ചരിത്രം പുറകിലോട്ട് ബി സി മൂന്നാം നൂറ്റാണ്ടിൽ വരെ എത്തുന്നു. നൂറ്റാണ്ടുകൾ ഈ പട്ടണം ഭരിച്ചിരുന്നത് പാണ്ടിയാസ്, പല്ലവാസ്, വിജയനഗര സാമ്രാജ്യം എന്നിവരാണ്. 1965 ൽ യഥാർത്ഥ സേലത്തെ സേലം, ധർമ്മപുരി എന്നിങ്ങനെ രണ്ടു ജില്ലകളായി പിരിച്ചു.

പ്രസിദ്ധമായ യേർക്കാഡ് കുന്നിൻ പ്രദേശത്തിന്റെ താഴ്‌വരയിലാണ് സേലം സ്ഥിതി ചെയ്യുന്നത്. ഇന്ത്യയിലെ പ്രധാന വെള്ളി മോതിര നിർമ്മാതക്കൾ ഈ പ്രദേശത്താണ്. കാവേരി നദിക്കു കുറുകെ നിർമ്മിച്ച പ്രസിദ്ധമായ മട്ടൂർ ഡാം ഈ മേഖലയിലാണ്. സർ ജോർജ് സ്റ്റാൻലിയുടെ മേൽനോട്ടത്തിൽ നിർമ്മിച്ച ഈ ഡാം സ്റ്റാൻലി റിസർവോയർ എന്നും അറിയപ്പെടുന്നു. തമിഴ്നാട്ടിലെ ഏറ്റവും വലിയ ഡാമായ ഇത് ഒമ്പതു നീണ്ട വർഷം 10000 ത്തോളം ജോലിക്കാരുടെ അദ്ധ്വാനത്താൽ 1934 ൽ പൂർത്തീകരിച്ചു. ഡാമിന്റെ ഉയരം 214 അടിയും വീതി 171 അടിയുമാണ്. ഈ ഡാമിൽ ഏകദേശം 9,347 ക്യുബിക് അടി വെള്ളം ശേഖരിക്കുവാൻ സാധിക്കും. രണ്ടു ജലവൈദ്യുത നിലയങ്ങളും ഇവിടെയുണ്ട്.

### മേച്ചേരി

മേച്ചേരി പട്ടണം 19 ഗ്രാമങ്ങളുടെ ഒരു യൂണിയനാണ്. 2011 ലെ സെൻസസിൻ പ്രകാരം ഇവിടെ 6,330 വീടുകൾ ഉണ്ട്. ഇപ്പോൾ കണക്കു കൂട്ടിയിരിക്കുന്ന ജനസംഖ്യ 38,300 ആകുന്നു. പശുക്കളും കന്നുകുട്ടികളും മേയുന്ന പ്രദേശം എന്നർത്ഥം വരുന്ന മേയ്ച്ചൽ ഏരി എന്ന വാക്കിൽ നിന്നാണ് മേച്ചേരി എന്ന പേര് ഉണ്ടായതായി കരുതുന്നു.

മേച്ചേരിയിലെ സാമ്രാജ്പേട്ട് പ്രദേശം കൈത്തറി നെയ്ത്തിനു പേരു കേട്ട സ്ഥലമാകുന്നു. ഇവിടെ ഉത്പാദിപ്പിക്കുന്ന സിൽക്ക് സാരികൾ ഇന്ത്യയുടെ വിവിധ സ്ഥലങ്ങളിലേക്കു കയറ്റി അയയ്ക്കുന്നു. മേച്ചേരി ഇനം ആടുകൾ അന്താരാഷ്ട്രതലത്തിൽ പേരു കേട്ടതാണ്. ഈ ഇനത്തിനായുള്ള ഒരു പ്രത്യേക ഗവേഷണം കേന്ദ്രം തന്നെ ഈ സ്ഥലത്തു സ്ഥിതി ചെയ്യുന്നു.

## വ്യവസായവും തൊഴിലും

മേഖലയിലെ ഏറ്റവും വലിയ ഇരുമ്പ് ഫാക്ടറികളിൽ ഒന്നായ ജെ എസ് ഡബ്ല്യു (ജിൻഡാൽ സ്റ്റീൽ വർക്സ്) മേച്ചേരിയിലും പരിസര പ്രദേശങ്ങളിലുമുള്ള നിരവധി ആളുകൾക്ക് തൊഴിൽ നൽകുന്നു. ഇതു കൂടാതെ ഇഷ്ടിക ചൂളയിലെ ജോലി, കൃഷി, കന്നുകാലി വളർത്തൽ, കൈത്തറി, യന്ത്രത്തറി നെയ്ത്ത് എന്നീ തൊഴിലുകളും ഇവിടെ പാർക്കുന്നവർ ചെയ്യുന്നു. 5000 ത്തിലധകം ആളുകൾ നെയ്ത്തു വ്യവസായത്തിൽ ജോലി ചെയ്യുന്നു. ചോളം, തിന, നിലക്കടല, നെല്ല് എന്നിവയാണ് ഇവിടുത്തെ പ്രധാന കൃഷി. വ്യാപാരവും ചെറുകിട വ്യവസായങ്ങളുമാണ് പ്രാദേശിക സമ്പത്ത് വ്യവസ്ഥയുടെ നട്ടെല്ല്.

## ജനങ്ങളും മതപരമായ പശ്ചാത്തലവും

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ തൊഴിൽ തേടി മേച്ചേരിയിൽ വന്നു പാർക്കുന്നുണ്ട്. ഇവിടുത്തെ ജനസംഖ്യയിൽ 0.3% മാത്രമാണ് മുസ്ലിങ്ങൾ അവർക്കു പ്രാദേശികമായ ആരാധന സ്ഥലങ്ങൾ ഇല്ല. 0.2% വരുന്ന ക്രിസ്ത്യാനികളിൽ ഭൂരിഭാഗം ജോലി തേടി വന്ന കുടിയേറ്റക്കാരാണ്. ഇവർ മേട്ടൂരുള്ള സി എസ് ഐ സഭയിൽ ആരാധനയിൽ സംബന്ധിക്കുന്നു. ഈ അടുത്ത നാളിൽ ഒരു ചെറിയ സി എസ് ഐ പള്ളി ഇവിടെ സ്ഥാപിച്ചു. അവിടെ ആരാധന യോഗങ്ങൾ നടത്തുന്നു.

തദ്ദേശ വാസികളിൽ ഭൂരിഭാഗവും പരമ്പരാഗത ഗോത്ര ആരാധനയാണ് നടത്തുന്നത്. ഈ പ്രദേശത്തു നിരവധി പൂർവ്വീക ക്ഷേത്രങ്ങൾ കാണപ്പെടുന്നു. ക്രിസ്തുമതത്തിലോ മറ്റു മത വിശ്വാസങ്ങളിലോ ഇവിടെയുള്ളവർ താൽപര്യം കാണിക്കുന്നില്ല.

## FMPB പ്രവർത്തനങ്ങളുടെ ആരംഭം

20 വർഷം മുമ്പ് മേച്ചേരി മിഷൻ വയൽ ആരംഭിച്ചിരുന്നു. പിന്നീട് സുവിശേഷീകരണ പ്രവർത്തനവും അത്മാക്കളെ നേടുന്ന ശുശ്രൂഷയും മന്ദീഭവിച്ചതിനാൽ ഇവിടുത്തെ പ്രവർത്തനം നിർത്തി. നീണ്ട 12 വർഷത്തിനു ശേഷം 2021 ആഗസ്റ്റ് മാസത്തിൽ ഞങ്ങൾ കുടുംബമായി ഇവിടെ പ്രവർത്തിക്കുവാൻ വന്നതോടു കൂടി ഇവിടുത്തെ പ്രവർത്തനം പുനരാരംഭിച്ചു. അന്നു മുതൽ ഞങ്ങൾ ചുറ്റുപാടുമുള്ള 10 ഗ്രാമങ്ങൾ സന്ദർശിച്ചു സുവിശേഷം പങ്കുവെക്കുന്നു. സുവിശേഷം ശ്രവിക്കുന്നവരോടു ചേർന്നു പ്രാർത്ഥിക്കുന്നു. ചിലർ താൽപര്യം കാണിക്കുമ്പോൾ കുടുതൽ പേരും ഒരുമിച്ചു ചേർന്നു പ്രാർത്ഥിക്കുവാൻ മടിക്കുന്നു.

## പ്രവർത്തന ശൈലി

● വ്യക്തിഗത സുവിശേഷ വേല ● ഭവന സന്ദർശനം ● പുതിയ ഗ്രാമങ്ങളിൽ പോയി സുവിശേഷം അറിയിക്കുക. ● താൽപര്യമുള്ളവരോടു ചേർന്നു ചെറിയ കൂട്ടമായി യോഗങ്ങളും പ്രാർത്ഥനകളും നടത്തുക.

## ശുശ്രൂഷയിൽ നേരിടുന്ന വെല്ലുവിളികൾ

1. ഭയം, എതിർപ്പ്, കുടുംബാംഗങ്ങളുടെ സമ്മർദ്ദം എന്നിവ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു തടസ്സമാകുന്നു.

2. അന്ധവിശ്വാസത്തിലും പരമ്പരാഗത രീതികളോടും ആരാധനകളോടുമുള്ള ശക്തമായ ബന്ധം

3. ചില കൂട്ടങ്ങളിൽ നിന്നു ഉയരുന്ന സുവിശേഷ വിരോധം

4. പതിവായി പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

5. വിശ്വാസികകൾ നമ്മിലുള്ള ഐക്യത്തിനു തടസ്സമായി നിൽക്കുന്ന സാമൂഹ്യവും വംശീയവുമായ വിഭാഗികത

## പ്രാർത്ഥന വിഷയങ്ങൾ

● ഭയവും എതിർപ്പുകളും മാറി അനേകർ സുവിശേഷത്തിൽ വിശ്വസിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ● വിഗ്രഹാരധനയിൽ നിന്നും അന്ധ വിശ്വാസത്തിൽ നിന്നും സ്വാതന്ത്ര്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ● സുവിശേഷത്തെ എതിർക്കുന്നവരുടെ ഹൃദയങ്ങളിൽ ദൈവം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ● ഈ ഗ്രാമത്തിൽ ശക്തമായ ഒരു പ്രാർത്ഥനക്കൂട്ടം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ● വ്യത്യസ്തമായ പശ്ചാത്തലത്തിലുള്ള വിശ്വാസികൾ തമ്മിൽ ഐക്യതയുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ● സുവിശേഷം പ്രഘോഷിക്കുന്നതിനു ധാരാളം അവസരങ്ങൾ ലഭിക്കേണ്ടതിനും അനേകർ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.


# FINANCE DEPARTMENT




**FMPB Bank Account details for sending the offering through online transaction**

A/c Name: **FRIENDS MISSIONARY PRAYER BAND**

**ICICI** - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb01@icici**

**SBI** - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur

**Indian Bank** - A/c No. 406157474 - IFS Code IDIB000A599 - Branch: Vijayalakshmipuram, Ambattur

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

## QR Code

**facilities to send your offertory**

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**




## ജന്മദിനാശംസകൾ

ദൗജപൗ ഗുയിതെ;
ചുങ്ങ്ലെൻലാൽ സിങ്സിറ്റ്;
മെലടി ഡിംസോതിങ്; സിയാൻലതാങ് സൗ
ലീയാൻ സിൻ താങ് എച്ച്

## ജമ്മു

### നാരോട്ട്

**സിയാൻതാങ് സൗ &**
**ലിൻഗെഹോയ്**

സണ്ടെസ്കൂളിലൂടെ കുട്ടികൾ കർത്താവിൽ വളരുന്നു. 14 വയസ്സുള്ള കുട്ടികൾ മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ സംബന്ധിച്ചു. രാജ്ഭാഗ് പ്രദേശത്തു പ്രാർത്ഥന നടത്തി. ബിസിനസ്സ് തകർന്നതിനാൽ വിശ്വാസിയായ പരാണിക്കു കുട്ടികളുടെ സ്കൂൾ ഫീസ് കൊടുക്കുവാൻ നിർവാഹമില്ലായിരുന്നു. എല്ലാവരുടെയും പ്രാർത്ഥനയാൽ അയാൾ വീണ്ടും തന്റെ ബിസിനസ് പുനരാരംഭിച്ചു.

മയക്കുമരുന്നിന്റെ ആസക്തിയിൽ നിന്നും ഷാബി, രോഹിത്, ഈശ്വർ ദാസ്, ബിന്ദു, ദാനിയേൽ ജോർജ്, പരാസ് എന്നിവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. കത്തുവ ജില്ലയുടെ വിവിധ ഭാഗത്തു താമസിക്കുന്ന ഗുജ്ജാർ ജനവിഭാഗങ്ങളുടെ ഇടയിൽ സുവിശേഷം പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജനങ്ങളുടെ ഉള്ളിൽ കർത്താവ് പ്രവർത്തിക്കേണ്ടതിനായും അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക

### പ്രാർത്ഥന ജയം നൽകുന്നു

മഹാരാഷ്ട്രയിൽ പെയിന്റ് മിഷൻ വയലിലെ ബോർപാട, ധൻപാട എന്നീ ഗ്രാമത്തിലെ വിശ്വാസികളും അവിടെ പ്രവർത്തിക്കുന്ന മിഷനറിമാരും കഠിനമായ എതിർപ്പുകൾ അഭിമുഖീകരിക്കുന്നു. ധൻപാട ഗ്രാമത്തിലെ ആരാധന യോഗം പൂർണ്ണമായി നിരോധിക്കുവാൻ ഗ്രാമപഞ്ചായത്ത് കൂടി തീരുമാനമെടുക്കുവാൻ ഗ്രാമത്തിലുള്ളവർ ആലോചിച്ചു. അതിനായി 2026 ജനുവരി 27 നു ഒരു യോഗം വിളിച്ചു കൂട്ടി. ജനുവരി 26 രാത്രിയിൽ നമ്മുടെ വിശ്വാസികളും മിഷനറിമാരും ബോർപാട ഗ്രാമത്തിൽ ഒരുമിച്ചു കൂടി പ്രാർത്ഥിച്ചു. അടുത്ത ദിവസം നമ്മുടെ വിശ്വാസികൾ പഞ്ചായത്ത് യോഗത്തിൽ സംബന്ധിച്ചു. എതിരാളികൾ വിശ്വാസികൾക്കെതിരായുള്ള തങ്ങളുടെ ആവശ്യങ്ങൾ നിരത്തി. വിശ്വാസികളുടെ എണ്ണം കുറവായിരുന്നെങ്കിലും ജ്ഞാനത്തോടും വിനയത്തോടും കൂടി സംസാരിക്കുവാൻ ദൈവം വിശ്വാസികൾക്കു ധൈര്യം നൽകി. അതിലുപരി വിശ്വാസികൾ ക്രിസ്തുവിനെ കുറിച്ചുള്ള അവരുടെ സാക്ഷ്യങ്ങളും പങ്കുവെച്ചു. ഇതു കേട്ട പഞ്ചായത്ത് അധികാരികൾ ക്രിസ്ത്യാനികൾക്കെതിരെ ഒരു നിയമവും പാസ്സാക്കുവാൻ പഞ്ചായത്തിനു അധികാരമില്ലെന്നും അങ്ങനെ ചെയ്താൽ ഗുരുതരമായ നിയമ നടപടികൾക്കു വിധേയരാകേണ്ടിവരുമെന്നു പറഞ്ഞു. ഇതിനെ തുടർന്നു വിശ്വാസികൾക്കെതിരെയുള്ള അവരുടെ കഠിനമായ ആവശ്യങ്ങൾ പിൻവലിച്ചു. ആരാധന യോഗങ്ങൾ തടസ്സമില്ലാതെ നടത്തുവാൻ ദൈവം സഹായിച്ചു. നമ്മുടെ പ്രാർത്ഥന കേട്ടു സാഹചര്യങ്ങളെ നമുക്ക് അനുകൂലമാക്കിയ ദൈവത്തെ നമുക്കു സ്തുതിക്കാം.




## ജന്മദിനാശംസകൾ

ഒലിവ് ജനിഫർ നഥാനിയേൽ എഡ്വേർഡ്;
സെന്തിൽ മുരുകൻ വി;
ജപ റോസ് വിജയൻ

### റായാസി

**ഷൈക് സുബാനി & എമി ബാക്കിയ**



ഹെർപാൽ സുൽപാത്ര എന്നീ ഗ്രാമങ്ങളിൽ നടത്തിയ രാത്രി യോഗങ്ങളിലൂടെ അനേക ജീവിതങ്ങളെ കർത്താവ് സ്പർശിച്ചു. ഒരു ഉന്നത ജാത കുടുംബം ഉൾപ്പടെ രണ്ടു കുടുംബം യേശുക്രിസ്തുവിൽ പുതുജീവിതം ആരംഭിച്ചു. ജീവിക്കുന്ന ദൈവവചനം എല്ലാ പ്രതിബദ്ധങ്ങളെയും അതിജീവിച്ച് മനുഷ്യരുടെ ഹൃദയങ്ങളിൽ പ്രവർത്തിക്കുന്നു. പൈശാചിക ബന്ധനത്തിൽ കഴിഞ്ഞ മാന്ത്ര, മനു എന്നിവരെ ആത്മാർത്ഥമായ നിരന്തരമായ പ്രാർത്ഥനയാൽ കർത്താവ് വിടുവിച്ചു. അന്ധകാര ശക്തികളുടെമേൽ അധികാരമുള്ള ദൈവത്തെ സ്തുതിക്കാം. മാറിടത്തിൽ കാൻസർ ബാധിച്ച അഞ്ജലിയെ കർത്താവ് ദൈവജനത്തിന്റെ കണ്ണുനീരോടു കൂടിയ പ്രാർത്ഥനയാൽ ദൈവം വിടുവിച്ചു. സൗഖ്യദായകനായ ദൈവത്തെ സ്തുതിക്കാം. യുവജന ക്യാമ്പ് അനുഗ്രഹകരമായി നടത്തി. അനേക യൗവ്വനക്കാർ അതിൽ സംബന്ധിച്ചു. അവരുടെ ഉള്ളിൽ ദൈവവചനം ആഴമായി പ്രവർത്തിച്ചു. ദൈവവേലക്കായി അവർ തങ്ങളുടെ ജീവിതങ്ങളെ സമർപ്പിച്ചു. ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി പുതിയ തലമുറയെ എഴുന്നേൽപ്പിക്കുന്ന ദൈവത്തെ വാഴ്ത്തി സ്തുതിക്കാം.



നമ്മുടെ വിശ്വാസിയുടെ മകൾ തനിയയ്ക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സിർപാത ഗ്രാമത്തിലെ പൂജ എല്ലാ ജീവിത സാഹചര്യത്തിലും വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനും ക്രിസ്തു യേശുവിൽ വേരൂന്നി വളരേണ്ടതിനുമായി പ്രാർത്ഥിക്കുക. ഷുൾ, സിർപത്, മുതൽ, സാമ്പ എന്നീ ഗ്രാമങ്ങളിൽ നമുക്കു ലഭിച്ച സ്നേഹിതർക്കായി പ്രാർത്ഥിക്കുക. അവർ എല്ലാ കൂടിവരവുകളിലും ആവേശപൂർവ്വം സംബന്ധിക്കേണ്ടതിനായും അവർ ദിനംതോറും വിശ്വാസത്തിൽ ബലപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന വിശ്വാസ പ്രഖ്യാപന യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. തടസ്സമില്ലാതെ നടത്തേണ്ടതിനും അനേകർ ധൈര്യപൂർവ്വം ക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുവാൻ മുന്നോട്ടു വരേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരുടെ യോഗത്തിനായി പ്രാർത്ഥിക്കുക. പരിശുദ്ധാത്മാവ് നയിക്കേണ്ടതിനും ഈ യോഗം ഫലകരമാകേണ്ടതിനുമായി പ്രാർത്ഥിക്കുക. വിശ്വാസികളെ പരിജ്ഞാനത്തോടും ദൈവകൃപയോടും കൂടെ പരിപാലിക്കേണ്ടതിനായി നേതാക്കന്മാർ പ്രാപ്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ഇവരിൽ നല്ല പ്രവർത്തിയെ ആരംഭിച്ചവൻ പൂർണ്ണതയിലെത്തിക്കേണ്ടതിനായി ആത്മാർത്ഥമായി നമുക്കു തുടർന്നു പ്രാർത്ഥിക്കാം.




## ജന്മദിനാശംസകൾ

മറിയമ്മാൾ പോൾ സോളമൻ;
ഐസക്ക് ആർ; ബ്യൂല മുരളീധരൻ;
ജയ സുന്ദരി ജപരാജ്;
രബിന്ദ്ര മുർമ്മു; ദാവുദ് ടുഡു;
മായ ദിനേശ് കുമാർ

## ഹിമാചൽപ്രദേശ്

### കർസോങ്

### പവൻകുമാർ & പ്രഭാഷിണി ദേവി



ഉദരത്തിൽ ഗുരുതരമായ അണുബാധയുണ്ടായ ആർക്ക് എന്ന ബാലനു അവന്റെ മാതാവിന്റെ വിശ്വാസത്തോടു കൂടിയ പ്രാർത്ഥന കേട്ടു ദൈവം അത്ഭുത സൗഖ്യം നൽകി. ദൈവം തന്റെ മക്കളുടെ നിലവിളി കേട്ടു തക്കസമയത്തു മറുപടി നൽകും. പൈശാചിക സ്വാധീനത്താൽ രാത്രിയിൽ അലറുകയും പ്രശ്നങ്ങളുണ്ടാക്കുകയും ചെയ്യുന്ന സപ്നയെ ദൈവം വിടുവിച്ചു. വിശ്വാസികളുടെ ആത്മാർത്ഥമായ പ്രാർത്ഥനയാൽ ദൈവം അവൾക്കു പൂർണ്ണ വിടുതൽ നൽകുകയും അവളുടെ ജീവിതത്തിൽ സമാധാനം നൽകുകയും ചെയ്തു. അന്ധകാര ശക്തികളുടെമേൽ ജയം നൽകുന്ന ദൈവത്തിനു സ്തോത്രം. യേശുവിന്റെ നാമത്തിൽ വിടുതലും വീണ്ടെടുപ്പും ഉണ്ട്. ഈ റീജയനിലെ എല്ലാ പ്രവർത്തനങ്ങളും തടസ്സമില്ലാതെ നടത്തുവാൻ കൃപ നൽകുന്ന ദൈവത്തെ നമുക്കു സ്തുതിക്കാം. വെല്ലുവിളികളുടെയും എതിർപ്പുകളുടെയും മദ്ധ്യേ ദൈവം തന്റെ ദാസന്മാരെ ബലപ്പെടുത്തുന്നതിനും മുന്നോട്ടു പോകുന്നതിനു തുറന്ന അവസരങ്ങൾ നൽകുന്നതിനും വിശ്വസ്തനായിരിക്കുന്നു. ദൈവത്തിന്റെ നിരന്തരമായ സാന്നിധ്യത്തിനും വഴിനടത്തലിനുമായി എല്ലാ മഹത്വവും കർത്താവിനു മാത്രം നൽകുന്നു.



കാജോലിനെ ആരാധനയിൽ സംബന്ധിക്കുന്നതിനു അനുവദിക്കാത്ത ഭർത്താവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ദൈവം അവന്റെ ഹൃദയത്തെ സ്പർശിക്കേണ്ടതിനും എല്ലാ തടസ്സങ്ങളെയും അതിജീവിച്ച് അവൻ യേശുവിന്റെ സ്നേഹം അറിയേണ്ടതിനുമായി പ്രാർത്ഥിക്കുക. വ്യക്തിപരമായി യേശുവിനെ അറഞ്ഞ് ജീവിതത്തിൽ മാനസാന്തരം അനുഭവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനേക നാളുകളായി തലമുറക്കായി കരഞ്ഞു പ്രാർത്ഥിച്ചു കാത്തിരിക്കുന്ന സുനിതയുടെ കുടുംബത്തിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മേഖലയിൽ ഉള്ള എല്ലാ വിശ്വാസികളുടെയും കൃഷിയിടങ്ങളിൽ നല്ല വിളവ് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവരുടെ അദ്ധ്വാനഫലം അനുഭവിക്കത്തക്കവിധം അവർക്കു സമൃദ്ധിയായ വിളവ് നൽകേണ്ടതിനും അവരുടെ ആവശ്യങ്ങൾക്കെല്ലാം ദൈവീക കരുതൽ ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഈ മേഖലയിൽ വിശ്വസ്തതയോടെ പ്രവർത്തിക്കുന്ന മിഷനറിമാരെയും വിശ്വാസികളെയും പ്രവർത്തകരെയും ഓർത്തു പ്രാർത്ഥിക്കുക. എല്ലാ അപകടങ്ങളിൽ നിന്നും ദൈവം അവരെ സുരക്ഷിതമായി പരിപാലിക്കേണ്ടതിനും പ്രാർത്ഥിക്കുക. ദൈവരാജ്യത്തിന്റെ വിസ്തൃതിക്കായി പ്രവർത്തിക്കുന്നതിനു അവർ ആത്മാവിലും ശരീരത്തിലും ശക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

ഗ്രേസി സ്റ്റാൻലി ജോർജ്ജ്;
ഗൗരമ്മ @ സ്വേത അമരേന്ദിരൻ;
അന്ന റോസ്ലിൻ ഐസക്ക് ഏബൽ

## പഞ്ചാബ്

### ബുധ്‌ലാട

**പ്രതാബ് രഹാങ് & രശ്മി**

ബുധ്‌ലാട, തൽവാന്ദി, മൗനാക്, ബരേറ്റ എന്നീ ഗ്രാമങ്ങളിൽ ദൈവാലയ പണി ആരംഭിച്ചു തടസ്സമില്ലാതെ പ്രവർത്തനം മുന്നേറുന്നു. ബിറോക്കെ കലാൻ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു ഗ്രാമത്തലവന്റെ അനുവാദം ദൈവകൃപയാൽ ലഭിച്ചു.

ചോത്തിയാൻ, ബിരോക് കാലൻ, ദരിയാപൂർ, പൈന്ദ് എന്നീ ഗ്രാമങ്ങളിൽ സത്സാംഗ് പ്രോഗ്രാം തടസ്സമില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ചോട്ടിയാൻ, പുരാർ, ചാക് ഭായ് കെ, കിഷാൻ ഗട്ട് എന്നീ ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ലെഹ്രഗാഗ

**ഐസക് ഏബൽ & അന്ന റൊസ്‌ലിൻ**

കാദില ബസ്തി ഗ്രാമത്തിൽ പുതുതായി രാത്രി യോഗം നടത്തി സുവിശേഷം പ്രഘോഷിച്ചു. പ്രാർത്ഥനയുടെ ഫലമായി ദീർഘകാലമായ രോഗത്തിൽ നിന്ന് സോണിയയെ കർത്താവ് സൗഖ്യമാക്കി.

സുവിശേഷം പ്രഘോഷിച്ച കാദില ബസ്തി, ഉലാന എന്നീ ഗ്രാമങ്ങളിലുള്ളവരുടെ ഹൃദയങ്ങളിൽ ദൈവം പ്രവർത്തിച്ച് അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന മിട്ട സിങ്, കരം സിങ്, സോണിയ എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർഖാണ്ഡ്

### ദിനേശ്പൂർ

**ശിവകുമാർ & സുശീല മാരാക്**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം കൃപ നൽകി. വിശ്വാസിയുടെ മകളായ ജ്യോതിയുടെ വിവാഹം ക്രിസ്തീയ രീതിയിൽ അവളുടെ ഗ്രാമത്തിൽ വെച്ചു നടത്തി. ഗർഭപാത്ര സംബന്ധമായ രോഗം പ്രാർത്ഥനയിലൂടെ സൗഖ്യമായി.വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ പത്തു വയസ്സുള്ള മകൻ പ്രഭുവിനു മാതാപിതാക്കളുടെ ആത്മാർത്ഥമായ പ്രാർത്ഥന കേട്ടു കൃപയാൽ സൗഖ്യം നൽകി.

സാലിഗഞ്ച് ഗ്രാമത്തിൽ നിന്നു പുതുതായി വിശ്വാസത്തിലേക്കു വന്ന പമ്പെക്ക പോളിന്റെ കുടുംബ ഓത്തിന്റെ വസ്തു സംബന്ധമായ തർക്കം പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുടുംബാംഗങ്ങളെ ആരാധനയിൽ സംബന്ധിക്കുന്നതിനു അനുവദിക്കാത്ത തേജ ബാലിയ ദൈവസ്നേഹത്താൽ സ്പർശിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ബിസിനസ് തകർന്നതിനാൽ ഭാരപ്പെടുന്ന ധർമ്മപാൽ, ഓം പ്രകാശ് എന്നിവരെ ദൈവം സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം പ്രഘോഷിച്ച ഗ്രാമങ്ങളിൽ വലിയ കൊയ്ത്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ബാലാജി നേട്ടാലം;
രാമകൃഷ്ണ അഗിബദ;
അമരേന്ദിരൻ; ജപ ഗ്രേസ് ഡേവിഡ്;
രുക്മണി ഹെബ്രം

### മാൽധാചൗർ

**ശിഷുപാൽ & അനിത**

ഇവിടെ നടത്തിയ കുട്ടികളുടെ ക്യാമ്പിൽ 35 കുട്ടികൾ സംബന്ധിച്ചു ദൈവവചനം പഠിച്ചു. ഹിമ്മത്പൂറിൽ നമ്മുക്കു പുതിയ സ്നേഹിതരെ നൽകി. ജീപ്പ് ടീമിന്റെ സഹായത്തോടെ വിഘ്നങ്ങളില്ലാതെ സുവിശേഷം പങ്കുവെക്കുവാൻ ദൈവം കൃപ നൽകി.

കാനിയ, താന്ദിയ എന്നീ ഗ്രാമങ്ങളിൽ നിന്നും പുതുതായി പ്രാർത്ഥന യോഗത്തിൽ സംബന്ധിക്കുന്നവർ ഏകസത്യ ദൈവമായ യേശുവിനെ അറിയേണ്ടതിനായി പ്രാർത്ഥിക്കുക. കരളിൽ അണുബാധയുണ്ടായ മിത്തു, മിലട് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### കിച്ച

**ബിഭാബ പാനി & ബിത്തിക നായക്**

മോട്ടർ സൈക്കിൽ അപകടത്തിൽ നിന്നും പുരം സിങിനെ ദൈവം അത്ഭുതകരമായി പരിപാലിച്ചു. ഗർമിത് സിങ് യേശുക്രിസ്തുവിൽ പുതു ജീവിതം ആരംഭിച്ചു. ശസ്ത്രക്രിയക്കു വിധേയമായ ലക്ഷ്മി പ്രാർത്ഥനയാൽ പൂർണ്ണ സുഖം പ്രാപിച്ചു.

വിശ്വാസം നിമിത്തം എതിർപ്പു നേരിടുന്ന ചക്രി ഫാം ഗ്രാമത്തിലെ അമിനിന്റെ കുടുംബത്തെ ദൈവം സുരക്ഷിതമായി പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവർ സാമൂഹ്യ ഭയത്തെ അതിജീവിച്ച് ധൈര്യമായി ആരാധനയിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മംഗള, സാജന എന്നീ പ്രദേശങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബാസപൂർ

**ക്രിസ്റ്റ്യൻ പ്രകാശ് & കോകാനി സുമിത്രബൻ**

താലി ഗ്രാമത്തിലെ ബൽജിത്തിനെ പൈശാചിക ബന്ധനത്തിൽ നിന്നും പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി. നഷ്ടപ്പെട്ട മൊബൈൽ ഫോൺ പ്രാർത്ഥനയാൽ തിരികെ ലഭിച്ചു. സഹോദരി കനകിനു നേഴ്സിംഗ് പഠനത്തിനു അവസരം ലഭിച്ചു. അപകടത്തിൽ വാരിയെല്ലുകൾ തകർന്ന 12 വയസ്സുള്ള ഹർഷിത്തിനോടു ദൈവം കരുണ ചെയ്തു. മാതാപിതാക്കളുടെയും സഭയുടെയും ആത്മാർത്ഥമായ പ്രാർത്ഥനയാൽ ദൈവം സൗഖ്യം നൽകി.

മൂന്നു മാസത്തെ ഗർഭിണിയായ നീതു ശരീരമാസകലം നീർവീക്കത്താൽ കഷ്ടപ്പെടുന്നു, സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിദേശത്തു പോകുവാനുള്ള ഹർമ്മൻ സിങിന്റെ പരിശ്രമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ സോണി, ലക്കി എന്നിവർക്കെതിരെ ചെയ്ത അഭിചാര ക്രീയ ഫലിക്കാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആഭിചാര പ്രവൃത്തിയിൽ ഏർപ്പെടുന്ന സരോജിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

സുദർശൻ തോമസ് ജയരാജ്;
ഫ്രാങ്കളിൻ എം വൈ പഥാം;
സൂർജ്യ കാന്തി ബാഗ്;
ഗോദിസേല പ്രവീൺ

## ഹരിയാന

### ബർവാല

**മിത്തു കുതും & സുബ്ര ഭാഗ്**

കാബിർപൂർ ഗ്രാമത്തിൽ സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം വിജയകരമായി നടത്തി. ദീർഘകാലമായി അലട്ടിയിരുന്ന ചുമയിൽ നിന്നും പനിയിൽ നിന്നും പൊട്ടി ബൻ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു.

വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന രാജ്ബില, ആശീഷ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കേൾവി ശക്തി നഷ്ടപ്പെട്ട മജ്ജുവിന്റെ ജീവിതത്തിൽ ദൈവം അത്ഭുതം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ജീവൻ നഗർ

**എലിയാക്കിം ജന & ദീപിക**

വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ 27 വയസ്സുള്ള ഹാരിഷ് സൗരിയായെ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി. ബീലാസ്പൂർ ഗ്രാമത്തിലെ ദമ്പതികളായ ഷൈലാസ്സിങ്, കാന്ത എന്നിവർ തങ്ങളുടെ കുടുംബാംഗങ്ങളെ യേശുവിങ്കലേക്കു നയിക്കുന്നു.

ജർക്കാർ ഗ്രാമത്തിലെ ചുമട്ടു തൊഴിലാളികളായ ഒമ്പതു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചെങ്കിലും ആരാധനയിൽ സംബന്ധിക്കുന്നതിനു മടിക്കുന്നു. ഇവരുടെ ഉള്ളിലുള്ള ഭയം മാറി ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിളർച്ച രോഗത്താൽ കഷ്ടപ്പെടുന്ന റാണി ദേവിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ഫത്തെബാദ്

**ഡേവിഡ് എസ് & ജപ ഗ്രേസ്**

14 ഗ്രാമങ്ങളിൽ രാത്രി യോഗങ്ങളും 13 ഗ്രാമങ്ങളിൽ സത്സാംഗ് പ്രോഗ്രാമും നടത്തുവാൻ ദൈവം കൃപയാൽ നമ്മെ പ്രാപ്തരാക്കി. വ്യാജക്കേസിൽ കുടുക്കി വിക്കിയെ ജയിലിൽ അടച്ചതിനാൽ പ്രീയങ്ക കണ്ണുനീരോടെ ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു വിക്കിയെ ജയിൽ മോചിതനാക്കി. അശോക് നഗർ ദൈവാലയത്തിന്റെ മൂന്നാം വാർഷികം അനുഗ്രഹകരമായി ആഘോഷിച്ചു.

അശോക് നഗർ, പട്ലിപൂത്, ഭട്ടിയ കോളനി, സുഭാഷ് നഗർ, ശാസ്ത്രി നഗർ എന്നിവിടങ്ങളിൽ വിശ്വാസികൾക്കായി ആരംഭിച്ച പ്രാർത്ഥന യോഗം തടസ്സമില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ ഇടയിൽ ആത്മാക്കളെ ആദായപ്പെടുത്തുന്നവരുടെ പ്രവർത്തനം സജീവമാക്കുന്നതിനായി ഇവരുടെ ഒരു ഗ്രൂപ്പ് രൂപീകരിച്ചു. കട്ടുവിന്റെ ഭർത്താവ് ജോസി ഈയടുത്ത നാളിലാണ് വിശ്വാസത്തിലേക്കു വന്നത്. വാഹനത്തിൽ നിന്നു വീണു പരുക്കു പറ്റിയ ഇദ്ദേഹം വേഗത്തിൽ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

പവൻ കുമാർ

### രത്തിയ

**വിജയകുമാർ & ജബല എസ്**

വേദപുസ്തക പരിജ്ഞാന പരീക്ഷയിൽ 80 പേർ പങ്കെടുത്തു ദൈവീക അനുഗ്രഹം പ്രാപിച്ചു. വാഹന അപകടത്തിൽ ബോധം നഷ്ടപ്പെട്ട പോയ കോഹിയെ വിശ്വാസികളുടെ പ്രാർത്ഥനയുടെ ഫലമായി ദൈവം സൗഖ്യമാക്കി.

മാനസിക രോഗിയായ ബിർപാന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ജാമൽസൂർ സഭയിലെ വിശ്വാസികളുടെ ഇടയിൽ ദൈവം ഏക മനസ്സ് നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

### കാലൻവാലി

**അനിൽഭായ് ഗവിത് & കൽപന ചൗദരി**

മൂന്നു വർഷത്തോളം രോഗത്താൽ വലഞ്ഞ കൽവാന ഗ്രാമത്തിലെ ഇന്ദു ബൻ ദൈവാലയത്തിൽ വന്നതിനെ തുടർന്നു വിശ്വാസികൾ ചേർന്നു പ്രാർത്ഥിച്ചു. ദൈവം അവളെ സൗഖ്യമാക്കി. അനേക നാളുകളായ രോഗത്താൽ ക്ഷീണിതയായ കുൽദീപ് കൗർ ദൈവാലയത്തിൽ ആരാധനക്കായി വന്നതിനെ തുടർന്നു അവളുടെ ആരോഗ്യത്തിൽ പുരോഗതി ഉണ്ടായി. അമാറിയ എന്ന മൂന്നു വയസ്സുള്ള പൈതലിന്റെ ശരീരത്തിലെ ട്യൂമർ പ്രാർത്ഥനയിലൂടെ അപ്രത്യക്ഷമായി.

കരൾ സംബന്ധമായ രോഗത്താൽ വലയുന്ന രാജ് കുമാറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മാനസിക രോഗിയായ സത്പാലിനെ കർത്താവ് അത്ഭുത സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന ഒടൻ, കൽവാന എന്നീ ഗ്രാമങ്ങളിലുള്ളവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

## രാജസ്ഥാൻ

### ഉദൈപ്പൂർ

**ആശിഷ് കുമാർ & സവിത ദേവി**

ശക്തമായ എതിർപ്പുണ്ടായിട്ടും കത്ക്കിയ പാല ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം ഗ്രാമത്തലവന്റെ സഹകരണത്താൽ തടസ്സമില്ലാതെ പുരോഗമിക്കുന്നു. രക്തത്തിൽ അണുബാധയുണ്ടായ പുഷ്പയെ കർത്താവ് സൗഖ്യമാക്കി. പ്രാർത്ഥനയിലൂടെ ലിമ്പ, രാജേഷ് എന്നിവരുടെ കാഴ്ച ശക്തി തിരികെ ലഭിച്ചു. പ്രകാശ്, ഗീത എന്നിവർ കുടുംബമായി ആരാധനയിൽ പുതുതായി പങ്കെടുക്കുന്നു.

പിസ്തുല രോഗത്താൽ വലയുന്ന പുഷ്പയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സംസാര ശേഷിയില്ലാത്ത അഞ്ചു വയസ്സുള്ള രാജീവിന്റെ ജീവിതത്തിൽ ദൈവം അത്ഭുതം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 10,12 ക്ലാസ്സുകളിലെ പരീക്ഷ എഴുതിയ നമ്മുടെ കുട്ടികൾ നല്ല മാർക്കോടെ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിൽ ദൈവഹിത പ്രകാരമുള്ളവർ തിരഞ്ഞെടുക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഇമ്മാനുവേൽ രജ്ഞിത്സിങ് എസ്;
സോളമൻ ജപരാജ് ജെ;
ബിന്നി ജ്ഞാനം ജോൺ ;
അനിയ ജോസഫൈൻ വെങ്കിടേശൻ;
രേണു അരുൺ ഗത്ത;
സാറാ മാൾട്ടോ

### ബെർവാര & തിദി

**ദെബാസിസ് ഹെംബ്രം & ഷെഫാലി ഹസ്ത**



മമതക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. പുതാർ ഗ്രാമത്തിൽ ദൈവകൃപയാൽ ഒരു പുതിയ പ്രാർത്ഥനക്കൂട്ടം ആരംഭിച്ചു. രാജുബന്നിന്റെ ഉദരത്തിലെ ട്യൂമർ പ്രാർത്ഥനയാൽ സൗഖ്യമായി. രണ്ടു മാസത്തോളം ശയ്യാവലംബനായി കിടന്ന വിനോദ് ഭായിക്കുവേണ്ടി കുടുംബവും വിശ്വാസികളും ചേർന്നു പ്രാർത്ഥിച്ചപ്പോൾ ദൈവം സമ്പൂർണ്ണ സൗഖ്യം നൽകി. വിശ്വാസികളുടെ വയലിൽ നല്ല വിളവ് നൽകി അനുഗ്രഹിച്ചു. പ്രകാശ് തന്റെ പുതിയ ഭവനത്തിന്റെ പണി പൂർത്തീകരിച്ചു.



പത്താം ക്ലാസ്സിലെ പരീക്ഷ എഴുതിയ ദീപിക, പന്ത്രണ്ടാം ക്ലാസ്സിലെ പരീക്ഷ എഴുതിയ മഹിമ, സന്തോഷ്, സജു എന്നിവർ നല്ല മാർക്കോടെ ജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതാർ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം രൂപീകരിച്ചു. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ജഗദീഷ്, കാലുഭായി എന്നിവർ വിശ്വാസത്തിൽ വേരൂന്നി വളരേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയത്തിൽ പോകുന്നവരെ ഭീഷണിപ്പെടുത്തുന്ന രമേശ്, ഖാക്കറ, മോഹൻ എന്നിവർ ദൈവസ്നേഹത്താൽ സ്പർശിക്കപ്പെട്ടു മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

## ഡൽഹി

### പട്പർഗഞ്ച്

**ജോൺ ഡേവിഡ്സൺ സെൽവരാജ് & എസ്ഥേർ ജി**



ചില സഭകളിൽ ആരംഭിച്ച വേദപഠന ക്ലാസ്സുകൾ തടസ്സമില്ലാതെ പുരോഗമിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഓഡിയോ ബൈബിൾ എല്ലാ വിശ്വാസികൾക്കു വിതരണം ചെയ്തു. വചനം കേൾക്കുന്നതിനും വാക്യങ്ങൾ മനപാഠമാക്കുന്നതിനും ഇത് സഹായകരമായി.രക്തം ശർദ്ദിക്കുന്ന ഔട്ട് മല്ലികയെ പ്രാർത്ഥന കേട്ടു ദൈവം സൗഖ്യം നൽകി.



കരിഷ്മ, ഇഷ്മ എന്നിവർ പാപസ്വഭാവത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ബലഹീനർക്കായി പ്രാർത്ഥിക്കുക. ശയ്യാവലംബനായിരിക്കുന്ന തവമണിക്കു പൂർണ്ണ സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുനന ദയാനന്ദ്, സാവിത്രി, ചന്ദ്രവതി എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു പരസ്യമായി വിശ്വാസ പ്രഖ്യാപനം നടത്തേണ്ടതിനുമായി പ്രാർത്ഥിക്കുക. ദുഷിച്ച കൂട്ടുകെട്ടിൽ നിന്നും ഷാലു വിടുതൽ പ്രാപിച്ച് ഭർത്താവിനോടു ചേർന്നു സമാധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഗോൾഡൻ ജെ ഇമ്പരാജ്

## ഉത്തർപ്രദേശ്

**ഗോണ്ട : ഓം പ്രകാശ് ഗുപ്ത & തുമ്പ ചൗദരി**

നട് സമുദായത്തിലുള്ള വിശ്വാസികൾ ആത്മീക വളർച്ച പ്രാപിക്കുന്നു. അഞ്ചു വർഷമായി മക്കളില്ലാതെ സങ്കടപ്പെട്ടിരുന്ന വിദ്യാരാമിന്റെ കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. കഴിഞ്ഞ ചില മാസങ്ങളായി ശാരീരിക ബലഹീനതയാൽ കഷ്ടപ്പെട്ട സുവിശേഷകൻ സുന്ദർലാൽ പ്രാർത്ഥനയിലൂടെ നടത്തിയ ചികിത്സയാൽ പൂർണ്ണ സൗഖ്യം പ്രാപിച്ചു.

ഗോണ്ടയിലെ വസ്തു സംബന്ധമായി സുപ്രീം കോടതിയിലുള്ള കേസിനു നമുക്കു നീതിപൂർവ്വമായ വിധി എത്രയും വേഗം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പീഡനത്തിന്റെ മധ്യെ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കൈംഗഞ്ച്

**സ്റ്റീഫൻ ഹൻസ്ദ & സുഭാസിനി മുർമ്മു**

ബത്തെപൂർ ഗ്രാമത്തിലെ ശിവറാം മരത്തിൽ നിന്നു വീണു കൈകാലുകൾക്കു ഗുരുതരമായ പരുക്കു പറ്റിയെങ്കിലും ദൈവം അവന്റെ ജീവനെ അത്ഭുതകരമായി പരിപാലിച്ചു. പ്രാർത്ഥനക്കുത്തരമായി നമ്മുടെ വിശ്വാസിയുടെ മകളുടെ വിവാഹ ക്രമീകരണങ്ങൾ ഭംഗിയായി നിർവഹിച്ചു.

ജോലിസ്ഥലത്തു വെച്ചു കാലിനു പരുക്കുപറ്റിയ സാതൻധാര ചികിത്സ നടത്തുന്നു. വേഗത്തിൽ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. അനേക നാളുകളായി രോഗത്താൽ വലയുന്ന ധർമ്മ വീരന്റെ അമ്മയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുഭാഷിനി മുർമ്മുവിനു തലമുറയെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഹസൈറാൻ

**സുരേഷ് മാൾട്ടോ & പ്രേമലത മാൾട്ടോ**

മുത്തെക്കപുര, തകിവാപുർ, മൻജിക്കില എന്നീ ഗ്രാമങ്ങളിലെ പ്രാർത്ഥനക്കൂട്ടം തടസ്സങ്ങളില്ലാതെ അനുഗ്രഹകരമായി മുന്നേറുന്നു. ദീർഘകാലം രോഗത്താൽ വലഞ്ഞ തക്കവാപൂർ ഗ്രാമത്തിലെ രാസ്മിതയുടെ ഭർത്താവിനെ കർത്താവ് പ്രാർത്ഥന കേട്ടു സൗഖ്യമാക്കി. ബലഹീനതയാൽ കഷ്ടപ്പെട്ട അർച്ചനയെ 119 -ാം സങ്കീർത്തനം വായിച്ചു കൊണ്ടിരുന്ന വേളയിൽ ദൈവം സൗഖ്യമാക്കി.

ഹുസൈൻ ഗ്രാമത്തിൽ നിർത്തിവെച്ച ആരാധന യോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികൾ ക്രിസ്തുവുമായുള്ള കൂട്ടായ്മയിൽ ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. തക്കുവാപൂർ, മുട്ടേക്കാപുര എന്നീ ഗ്രാമങ്ങളിൽ ഞായറാഴ്ച ആരാധന ആരംഭിച്ചു. കരൾസംബന്ധമായ രോഗത്താൽ വലയുന്ന രാജ്കുമാറിന്റ (പ്രാദേശിക സുവിശേഷകന്റെ മകൻ) സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഏബ്രഹാം ജി;
ജയന്തി ദുരൈസ്വാമി @ ഫ്രാൻസിസ്

### സിക്കന്ദ്ര

**വസാവ പച്ചിയ ഭായ് & സവിത ബൻ**

അനേക പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ കർത്താവ് അവസരം നൽകി. എതിർപ്പുകളുടെയും പീഡനത്തിന്റെയും മദ്ധ്യത്തിൽ വിശ്വാസികൾ ഭവനക്കൂട്ടായ്മയിലൂടെ വിശ്വാസത്തിൽ ബലപ്പെടുന്നു. ശ്യാം സുന്ദർ, പ്രേമവതി എന്നിവരുടെ ശസ്ത്രക്രിയ ദൈവ കൃപയാൽ വിജയകരമായിരുന്നു. സുവിശേഷ പ്രവർത്തനത്തെ എതിർത്തിരുന്ന സഹോദരൻ രേമവൻ ഇപ്പോൾ തന്റെ എതിർപ്പു മാറ്റി.

ഉപദ്രവം നിമിത്തം ഭവനങ്ങളിൽ ആരംഭിച്ച പ്രാർത്ഥനക്കൂട്ടത്തിൽ ധാരാളം ആളുകൾ സംബന്ധിക്കുന്നു. തടസ്സങ്ങളില്ലാതെ യോഗങ്ങൾ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗുജറാത്ത്, കാജപോൾ, കാക്രിയ എന്നീ സഭകളിലുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ജിത്തേന്ദ്ര, ആകാശ്, സജ്ജൈ എന്നീ കുടുംബങ്ങൾ വിശ്വാസത്തിൽ ശക്തിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. മയക്കു മരുന്നിന്റെ ആസക്തിയിൽ നിന്നും ഭാരത് സിങ്, അക്ഷ്യ കുമാർ, കമലേശ് എന്നിവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ബർത്താന

**എസ് രാജൻ & ജപ മലർ**

പൈശാചിക ബന്ധനത്തിൽ നിന്നും കിച്ചിയയും അരവിന്ദും പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. ഡൽഹി കലാപത്തിൽ നമ്മുടെ റാമ്പൂറിലെ വിശ്വാസിയുടെ രണ്ടു മക്കളെ പോലീസ് അറസ്റ്റ് ചെയ്തു. പ്രാർത്ഥനയെ തുടർന്നു പിന്നീട് വിട്ടയച്ചു. സുക്കമ്പൂർ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുവാൻ അവസരം ലഭിച്ചു. ഏഴു വ്യക്തികൾ യേശുവിലുള്ള വിശ്വാസത്തിലൂടെ പുതുജീവിതത്തിന്റെ ഉടമകളായി തീർന്നു.

എതിർപ്പിനെ തുടർന്നു അടച്ചിടേണ്ടി വന്ന ബൈസോളി സഭ തുറന്നു ആരാധന പുനരാരംഭിക്കേണതിനായി പ്രാർത്ഥിക്കുക. കുടുംബ പ്രശ്നങ്ങളാൽ വേർപിരിഞ്ഞു ജീവിക്കുന്ന അനുജ്, അർച്ചന ദമ്പതികളുടെ പിണക്കം മാറി ഒരുമിച്ചു സമാധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ മക്കളായ ശാമിനി, സന്ധ്യ എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കഴുത്തിൽ കാൻസർ ബാധിച്ച സൈലേന്ദറിനെ ദൈവം അത്ഭുത സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. മൊബൈൽ ഫോണിന്റെ കട നടത്തുന്ന അവിനാശിനു അവിടെയുണ്ടാകുന്ന പ്രശ്നങ്ങളിൽ നിന്നും വിടുതൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മൂർത്ത ഗ്രാമത്തിൽ നടത്തുന്ന ട്യൂഷൻ സെന്റർ നല്ല രീതിയിൽ പ്രവർത്തിക്കേണ്ടതിനായും അതിലൂടെ ദൈവനാമം മഹത്വപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ബറിൽ സിരോമണി ഏകലവ്യൻ;
പീറ്റർ പ്രഭാകരൻ

### ജാലൂൻ

**ഗവിത രാകേഷ് രത്തിലാൽ & രേശ്മ മാരുതി**

പടപ്പുര ഗ്രാമത്തിൽ നടത്തിയ മുഴു രാത്രി പ്രാർത്ഥനയിൽ അനേക വിശ്വാസികൾ പങ്കെടുത്തു ഭാരത്തോടെ പ്രാർത്ഥിച്ചു. ഷിഷിയുടെ ശസ്ത്രക്രീയ വിജയകരമായി പൂർത്തീകരിച്ചു. ബോർഡർ സെക്യൂരിറ്റി ഫോഴ്സിലേക്കു നമ്മുടെ വിശ്വാസി രൂഹുലിനെ തിരഞ്ഞെടുത്തു.

ഹേമലതയുടെയും ദിനേശിന്റെയും കുടുംബത്തിൽ ദൈവം തലമുറയെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാറിടത്തിൽ കാൻസർ ബാധിച്ച പ്രീതിയുടെ സമ്പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## മദ്ധ്യപ്രദേശ്

**പാൽ : മഹേന്ദ്രൻ & പുഷ്പം**

വൃക്ക സംബന്ധമായ രോഗത്താൽ ഭാരപ്പെട്ട സിത്താർ പ്രാർത്ഥനയുടെ ഫലമായി പരിപൂർണ്ണ സൗഖ്യം പ്രാപിച്ചു. മോട്ടർ സൈക്കിളിൽ നിന്നും വീണ രാഹിലിക്കായ്ക്കു ഗുരുതര പരുക്കു പറ്റി. ദൈവം അവനോടു കരുണ കാണിച്ചു പ്രാർത്ഥനയാലും ചികിത്സയാലും അവൻ വേഗം സുഖം പ്രാപിച്ചു. വിശ്വാസിയായ കൈലാസിന്റെ മകൾക്കു പ്രാർത്ഥനയാൽ സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. നെഹുദ ഗ്രാമത്തിലെ മജ്ജുഭായി സുവിശേഷ പ്രവർത്തനത്തിനായി നമ്മോടു ചേർന്നു.

വിശ്വാസത്തിൽ നിന്നും പിന്മാറിയ കാശിറാം, അബ്ചാർ, രുപ്സിങ് എന്നിവർ വിശ്വാസത്തിലേക്കു തരികെ വന്നു ക്രിസ്തു യേശുവിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. വഴക്കിനെ തുടർന്നു ഭർത്താവിൽ നിന്നു വേർപിരിഞ്ഞു ജീവിക്കുന്ന മജ്ഞു ഭർത്താവുമായി രമ്യപ്പെട്ടു ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബലോന, പഞ്ച് പൈദ, പൂണ, സൻകാത്. നഗ്രദാസ്, രാജുറ എന്നീ ഗ്രാമങ്ങളിൽ നിർത്തിവെച്ച ആരാധന പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മരണഭയം മാറി

മഹാരാഷ്ട്രയിൽ സർഗണ മിഷൻ വയലിലുള്ള ഹനുവത്മാൽ ഗ്രാമത്തിലെ രാജു ദുലെ ഗുരുതരമായ നേത്രരോഗത്താൽ വലയുകയായിരുന്നു. കണ്ണിലേക്കുള്ള ഞരമ്പ് പൊട്ടിയതായി ഡോക്ടറന്മാർ പറഞ്ഞു. കഠിനമായ വേദനയാലും തലകറക്കത്താലും കഷ്ടപ്പെട്ടു. അവനെ ഭയം പിടികൂടി. ആ നൈരാശ്യത്തിൽ പ്രാദേശിക സുവിശേഷകന്റെ പ്രാർത്ഥന അഭ്യർത്ഥിച്ചു. സഭ അവന്റെ ഭവനത്തിൽ കൂടിവന്നു അവനു വേണ്ടി ഉപവസിച്ചു പ്രാർത്ഥിച്ചു. ആ നിമിഷം മുതൽ രാജുവിന്റെ ആരോഗ്യം മെച്ചപ്പെടുവാൻ തുടങ്ങി. വേഗത്തിൽ അവൻ പൂർണ്ണ സൗഖ്യം പ്രാപിച്ചു. ഞായറാഴ്ച ആരാധനയിൽ അവൻ ഈ സാക്ഷ്യം പ്രസ്താവിച്ചു ദൈവത്തെ മഹത്വപ്പെടുത്തി. ഹല്ലെലുയ്യ !




## ജന്മദിനാശംസകൾ

സുജിന്ദ്ര ലിമ്മ

### ഖാന്തുവ റീജിയൻ

**ഐസക് ആർ & സീത**

ഹസൻപുര ഗ്രാമത്തിൽ സംഘടിപ്പിച്ച ദ്വിദിന ഉപവാസ പ്രാർത്ഥനയിൽ 50 പേർ പങ്കെടുത്തു ഗ്രാമത്തിലെ ജനങ്ങളുടെ മാനസാന്തരത്തിനായി ആത്മ ഭാരത്തോടെ പ്രാർത്ഥിച്ചു. ഭവനപ്രാർത്ഥനകൾ നടത്തുന്നതിനു പരിശീലനം നൽകിയ ക്യാമ്പിൽ 25 സ്ത്രീകൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. കൽവ സഭയിൽ നടത്തിയ ക്ഷാര ബുധനാഴ്ച ആരാധനയിൽ ധാരാളം വിശ്വാസികൾ പങ്കെടുത്തു 40 ദിവസം ഉപവസിച്ചു പ്രാർത്ഥിക്കുവാൻ തീരുമാനമെടുത്തു.

ഗർഭധാരണത്തെ തുടർന്നു വിവിധങ്ങളായ ശരീര ബലഹീനതയാൽ കഷ്ടപ്പെടുന്ന മിർപ്പൂർ ഗ്രാമത്തിലെ ഭഗവതിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. ഉദരത്തിലുള്ള അസ്വസ്തത നിമിത്തം സവിതക്കു ഭക്ഷണം കഴിക്കുവാൻ കഴിയുന്നില്ല, ദൈവം അവളെ സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതം ബാധിച്ച് കുടുംബാംഗങ്ങൾ ഉപേക്ഷിച്ച ജീനലിമാജിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദൈവം അവർക്കു സമ്പൂർണ്ണ വിടുതൽ നൽകേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞ് അനേക വർഷങ്ങളായി ഒരു തലമുറക്കു വേണ്ടി പ്രാർത്ഥനയോടെ കാത്തിരിക്കുന്ന സുഗന്ധിയുടെ കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണതിനായി പ്രാർത്ഥിക്കുക.

### ധാർ

**സന്തു മാറാണി & രാഖി മാർദി**

തട്ടപ്പാനി ഗ്രാമത്തിൽ ആത്മാക്കളെ ആദായപ്പെടുത്തുന്ന വനിതകൾക്കായി പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. പങ്കെടുത്തവർ തങ്ങളുടെ ബന്ധുമിത്രാദികളെ ക്രിസ്തുവിനായി നേടുമെന്നു തീരുമാനിച്ചു. ഗുജറംഹാന, സജനിപുര, മുന്ദാലി എന്നി ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം അവസരം നൽകി. അമ്ജിക്കുമ ഗ്രാമത്തിൽ പുതിയ പ്രാർത്ഥനക്കൂട്ടം ആരംഭിക്കുന്നതിനു ദൈവം കൃപ നൽകി. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

ദാദപാനൈ ഗ്രാമത്തിൽ പുതുതായി ആരംഭിച്ച വയോജന വിദ്യാഭ്യാസ പദ്ധതിയിൽ ഗ്രാമീണർ ആവേശത്തോടെ പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ അനിൽ കേവരിയെ ദൈവം സൗഖ്യമാക്കി. സുവിശേഷത്തിന്റെ വാതിൽ അടഞ്ഞികിടക്കുന്ന മനവാരി താലൂക്കിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ദൈവവേലക്കു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന പരിശീലന ക്യാമ്പ്, സഭാമുപ്പന്മാരുടെയും സ്ത്രീകളുടെയും യോഗങ്ങൾ എന്നിവയുടെ അനുഗ്രഹത്തിനായും ധാരാളം പേർ പ്രാർത്ഥനപുർവ്വം ആവേശത്തോടെ ഈ യോഗങ്ങളിൽ സംബന്ധിച്ചു അനുഗ്രഹം പ്രാപിക്കേണ്ടതിനായും പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ലിദിയ സുദർശൻ തോമസ്;
അഹോനി ഹുതോയ് അച്ചുമി;
ക്രിസ്റ്റ്യൻ പ്രകാശ്;
ജപ മലർ രാജൻ

## അസം

### ഗോഹ്പൂർ

**നിരുപമ ബബർത്ത**

ദൈവത്തിന്റെ കൃപയാൽ പതിനൊന്ന് ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഇതുവരെ സുവിശേഷം ശ്രവിക്കാത്ത മേഖലയിൽ സുവിശേഷത്തിന്റെ വെളിച്ചം എത്തിക്കുവാൻ ദൈവം കൃപ നൽകി. 19 ഗ്രാമങ്ങളിൽ ലഘുലേഖ വിതരണത്തിലൂടെയും വ്യക്തിഗത സന്ദർശനത്തിലൂടെയും പ്രാർത്ഥനയിലൂടെയും അനുധാവന പ്രവർത്തനം നടത്തി. ദൈവത്തിന്റെ കൃപയാൽ അവരുടെ ജീവിതങ്ങളെയും ഹൃദയങ്ങളെയും ദൈവം സ്പർശിച്ചു. ഗോഹ്പൂർ മിഷൻ വയലിൽ പ്രവർത്തിക്കുന്ന മിഷനറിമാർക്കു ലഭിച്ച ദൈവീക കരുതലിനും സംരക്ഷണത്തിനുമായി ദൈവത്തെ സ്തുതിക്കുന്നു. തക്കസമയത്തു അനുയോജ്യമായ വാടക വീട് ലഭിച്ചു. ഈ പ്രദേശത്തു വിശ്വസ്തതയോടെ ദൈവവേല ചെയ്യുന്നതിനുള്ള പ്രോത്സാഹനമായി ഇതിനെ കാണുന്നു. ദൈവവേലക്കാരുടെ സകല ആവശ്യങ്ങളെയും അറിഞ്ഞു തക്ക സമയത്തു സഹായിക്കുന്ന ദൈവകൃപയ്ക്കായി സ്തോത്രം. കർത്താവിന്റെ കഷ്ടാനുഭവങ്ങളെ ധ്യാനിക്കുന്ന യോഗങ്ങൾ പതിവായി നടത്തുന്നതിനു ദൈവം കൃപ ചെയ്തു. അനേകം പേർ ആനന്ദത്തോടും ആവേശത്തോടും കൂടി ഈ യോഗങ്ങളിൽ സംബന്ധിക്കുന്നു. അവർ തങ്ങളുടെ ആത്മീക ജീവിതത്തിൽ പ്രചോദനവും അനുഗ്രഹവും പ്രാപിക്കുന്നു. അനേക ആളുകൾ ഈ യോഗങ്ങളിൽ വന്നു സംബന്ധിച്ചു ദൈവസ്നേഹത്തിന്റെ ആഴം മനസ്സിലാക്കുന്നതിലൂടെ ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

ഗോഹ്പൂർ മിഷൻ വയലിൽ നടത്തുവാൻ പദ്ധതിയിട്ടിരിക്കുന്ന യുവജന ക്യാമ്പിനായി പ്രാർത്ഥിക്കുക. അനേക യൗവ്വനക്കാർ തുറന്ന മനസ്സോടെ ക്യാമ്പിൽ പങ്കെടുത്തു ദൈവീക അനുഗ്രഹം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവരുടെ ജീവിതങ്ങളിൽ രൂപാന്തരം ഉണ്ടാകേണ്ടതിനും അവർ ക്രിസ്തുവുമായുള്ള ബന്ധത്തിൽ വളരേണ്ടതിനായും പ്രാർത്ഥിക്കുക. അവർ സ്വന്ത സമൂഹത്തിൽ യേശുവിന്റെ സാക്ഷികളായി തീരേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തു പ്രവർത്തിക്കുന്ന എല്ലാ പ്രാദേശിക പ്രവർത്തകർക്കായി പ്രാർത്ഥിക്കുക. ദൈവം അവർക്കു പുതിയ ശക്തിയും എരിവും ആവേശവും നൽകി അവർ സ്വന്ത ജനങ്ങളുടെ മാനസാന്തരത്തിനായി വിശ്വസ്തതയോടെ പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവരുടെ ശുശ്രൂഷയാൽ അനേകർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ ഗ്രാമങ്ങളിൽ പാർക്കുന്ന വിശ്വാസികൾ പ്രാർത്ഥനപൂർവ്വം സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവർ വിശ്വാസത്തിൽ ശക്തിപ്പെട്ടു പരീക്ഷകളിൽ പിന്മാറാതെ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഹെബ്സിബ പ്രദീപ് കുമാർ;
കൺമണി രാജാസിങ്

## ബീഹാർ

**ആരാരിയ : ധർമ്മേന്ദ്ര പാരിച്ച & മധുസ്മിത പാനി**

ദീപക്കിന്റെ വിവാഹം ക്രിസ്തീയ രീതിയിൽ ഭംഗിയായി നടത്തുവാൻ ദൈവം സഹായിച്ചു. പ്രാർത്ഥനയുടെ ഫലമായി നീതയുടെ കുടുംബം പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. അവർ ഇപ്പോൾ ആരാധനയോഗത്തിൽ സംബന്ധിക്കുന്നു. വിശ്വാസിയായ കാജോളിന്റെ കുടുംബം പുതിയ ഒരു കട ആരംഭിച്ചു. ദീർഘനാളുകളായി രോഗത്താൽ വലഞ്ഞ ഉമ ദേവിക്കു പ്രാർത്ഥനയാൽ കർത്താവ് സൗഖ്യം നൽകി.

ദീർഘ വർഷങ്ങളായി രോഗത്താൽ കഷ്ടപ്പെടുന്ന സൃഷ്ടി കുമാരി, വിശ്വാസിയായ കാജോൾ ദേവിയുടെ അമ്മായിയമ്മ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുമിത്രയുടെ വീടിനു മുകളിൽ രാത്രിയിൽ കല്ലുകൾ വന്നു പതിക്കുന്നു, ഇത്തരത്തിലുള്ള പൈശാചിക പ്രവർത്തനത്തിന്റെ ബന്ധനത്തിൽ നിന്നും ആ കുടുംബം വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലഘുലേഖകൾ സ്വീകരിച്ചവർ അതു വായിക്കേണ്ടതിനും യേശുവിനെ രക്ഷിതാവായി അംഗീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## ജാർഖണ്ഡ്

**മൊഹുൽപഹാടി**

**ഇമ്മാനുവേൽ കാർത്തി & ജ്യോതി ലക്ഷ്മി**

നമ്മുടെ സഭാമൂപ്പന്റെ ഭാര്യയായ പരിമള ദേവിയെ ഗർഭപാത്രത്തിലുണ്ടായ ട്യൂമറിൽ നിന്നും മഞ്ഞപിത്തത്തിൽ നിന്നും ദൈവം സൗഖ്യമാക്കി. ശസ്ത്രക്രിയയുടെ ഫീസ് വലിയ തുകയായതിനാൽ അവളെ ചന്ദ്രപുര ആശുപത്രിയിലേക്കു അയച്ചു. ദൈവത്തിന്റെ കൃപയാൽ ആ സമയത്തു തമിഴ്നാട്ടിൽ നിന്നു സ്ത്രീരോഗ വിദഗ്ദരായ ഡോക്ടറന്മാർ അവിടെയെത്തി. അവൾക്കു നല്ല ചികിത്സ നൽകി. നമ്മുടെ പ്രാദേശിക സുവിശേഷകനെ റോഡപകടത്തിൽ നിന്നും നെഞ്ചു വേദനയിൽ നിന്നും ദൈവം വിടുവിച്ചു. സന്നദ്ധ സുവിശേഷകനായ റാം സിങിന്റെ കുടുംബത്തെ റോഡപകടത്തിൽ ദൈവം അത്ഭുതകരമായി പരിപാലിച്ചു.

എട്ടു ആരാധനക്കൂട്ടത്തിൽ നിന്നും പിന്മാറിപ്പോയ 54 കുടുംബങ്ങൾ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്തിൽ നിന്നും തുലി റാണിയും പുതെൻധേരിയും പൂർണ്ണ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ സ്നേഹിതരായ പുരൻ ദേവി, റാമി ദെഹരി, സുരജ് മുനി ദെഹരി എന്നിവർ യേശുക്രിസ്തുവിനെ രക്ഷിതാവായ് സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാൽ പഹാടിയ യുവജനങ്ങളുടെ ക്യമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരുടെ പരിശീലനം വിശ്വാസികളുടെ ക്യാമ്പ്, യവുജന യോഗം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ബസുദേവ് മാൾട്ടോ;
ജപ ദെബറാൽ വേദമാണിക്യം
സൂരജ് മുഖി

### നഗർ ഉത്താരി

**ബിപിൻ ബിഹാരി പ്രധാൻ & ജറണ പരിച്ച**

അൽക്കാർ സഭയിലെ രണ്ടു സഹോദരിമാർ ദൈവവചനം പഠിക്കുന്നതിനു താൽപര്യം കാണിക്കുന്നു. അൽക്കാർ, തുളസിധാമർ എന്നീ ഗ്രാമങ്ങളിൽ സ്ത്രീകളുടെ യോഗം നടത്തുവാൻ ദൈവം കൃപ നൽകി. രണ്ടു സഹോദരിമാർ 20 ദിവസം കൊണ്ടു തയ്യൽ പഠിച്ചു. തുർക്കീ ഗ്രാമത്തിലെ ഒരു വ്യക്തി ശയ്യാവലംബനായി പക്ഷാഘാതം വന്നു അബോധാവസ്ഥയിലായിരുന്നു. പ്രാർത്ഥനയിലൂടെ അവൻ സൗഖ്യം പ്രാപിച്ചു. ഇപ്പോൾ വേദപുസ്തകം വായിക്കുന്നു. അൽക്കാർ, തുളസിധാമർ എന്നീ ഗ്രാമങ്ങളിലെ ദൈവാലയ പണി തടസ്സമില്ലാതെ പുരോഗമിക്കുന്നു.

കാശി ജാതിക്കൂട്ടത്തിന്റെ ഇടയിൽ ദൈവവേല ചെയ്യുന്ന സന്നദ്ധ സുവിശേഷക റീനയുടെ കുടുംബത്തെ ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥക്കുക. ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുന്ന ബാലഭവനത്തിലെ കുട്ടികളായ ദീപ് അലോക്, രാകേഷ്, രജ്ജിത്, കാർത്തിക്, വിരട്, സന്ധ്യ, ശിവം കാശി എന്നിവർ നല്ലവണ്ണം പഠിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം പ്രഘോഷിക്കുന്നതിനു തടസ്സമുള്ള റോല്ലി ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉണ്ടാരി ഗ്രാമത്തിലെ അന്ധകാര ശക്തിയുടെ പ്രവർത്തനം നിർമ്മൂലമാകേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ കുടുംബം തീഷ്ണതയോടെ ദൈവ വചനത്തിലും വിശ്വാസത്തിലും നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പാക്കുടിയ

**സെന്തിൽ കുമാർ തിമോത്തി & മുത്തു സെൽവി**

മത്ക്കാവ ഗ്രാമത്തിൽ പക്ഷാഘാതത്താൽ കഷ്ടപ്പെട്ട സുനോയ് സൊറൻ, നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി ദൈവം കൃപ ചെയ്തതിനാൽ ഇപ്പോൾ നടക്കുവാൻ തുടങ്ങി. നല്ല റോഡുകളോ യാത്ര സൗകര്യമോ ഇല്ലാത്ത ഗ്രാമങ്ങളിൽ നിന്നും വിശ്വാസികൾ ആവേശത്തോടെ ആരാധനയിൽ സംബന്ധിക്കുന്നു. ദുമോർഡോള ഗ്രാമത്തിലെ ആഭിചാര പ്രവർത്തകൻ സുനിൽ ഹസ്ത യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

സോളമന്റെ മോഷണം പോയ രണ്ടു കാളകളെ തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്താൽ വലയുന്ന സുന്ദരി മുർമ്മുവിനു ദൈവം പരിപൂർണ്ണ സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പനെ ധനമോഹത്തിൽ കുരുക്കുന്ന പൈശാചിക തന്ത്രത്തിൽ നിന്നു അയാൾ മോചിതനാകേണ്ടതിനായി പ്രാർത്ഥിക്കുക. സഭയിൽ ആശയക്കുഴപ്പമുണ്ടാക്കുന്ന സ്ത്രീകളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പുതുമ്പൂർ, നവാടി, തിത്തട്ടിയ, തിമ്പേർ, സിറുതി, മക്കല എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

കിങ്സ്ലി ഐസക്ക് ജോൺസൺ എം;
അമുധ കുമാർ പോൾ;
ശ്രീനിവാസൻ ജെ;
ഡെൻസിങ് ആർ;
അഷ്ടബൻ ആദിത്യ കുമാർ ലിമ്മ

### സുന്ദർ പഹാഡി & ലാൽമട്ടിയ

**അമരേന്ദ്രൻ & ഗൗരമ്മ**

വാഹന അപകടത്തിൽ സജ്ജലി ടുഡു, രാധ കിസ്കു എന്നിവരെ ദൈവം അത്ഭുതകരമായി പരിപാലിച്ചു. അതിരാവിലെ വാതിൽ പടിയിൽ കിടന്ന പാമ്പിന്റെ തലയിൽ സോമിയ അറിയാതെ ചവിട്ടിയെങ്കിലും അതിന്റെ കടിയേൽക്കാതെ ദൈവം അവളെ അത്ഭുതകരമായി പരിപാലിച്ചു.

പ്രാദേശിക സുവിശേഷകനായ ക്രിസ്തു ഹൻസ്തയുടെ മകൻ ശിലാസ്, നായ കടിച്ചതിനെ തുടർന്നുണ്ടായ രോഗത്താൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന കത്തിയാരി ഗ്രാമത്തിലെ ജനങ്ങൾ ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. സാമ്പൽപൂർ, ജാമദിയ, കൈരബാനി, പൽക്ക എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കരൾ സംബന്ധമായ രോഗത്താൽ വലയുന്ന അമിൻ ഹെംബ്രത്തിന്റെ സൗഖ്യത്തിനായും അവൻ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### കീരബാനി ബാലഭവനം

**മനോജ് കുമാർ പാനി & ശാന്തനി പാനി**

27 കുട്ടികൾ പത്താം ക്ലാസ്സിലെ പരീക്ഷ നല്ലവണ്ണം എഴുതി. കോളജു വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഏകദിന സമ്മേളനം അനുഗ്രഹകരമായിരുന്നു. മൂന്നു ദിവസത്തെ വേദപഠന ക്ലാസ്സിൽ 80 കുട്ടികൾ സംബന്ധിച്ചു. ബാലഭവനത്തിലെ കുട്ടികളുടെ ആവശ്യങ്ങളിൽ ദൈവീക കരുതൽ ലഭിച്ചു.

10,12 എന്നീ ക്ലാസ്സുകളിലെ പരീക്ഷ എഴുതിയ കുട്ടികൾക്കു ഉന്നത വിജയം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുന്ന രക്ഷിതാക്കളുടെ യോഗത്തിൽ എല്ലാ രക്ഷിതാക്കളും സംബന്ധിക്കേണ്ടതിനും കുട്ടികളുടെ ഭാവിയെ കുറിച്ചു നല്ല തീരുമാനങ്ങൾ എടുക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ദൈവം നാവിന്റെ കെട്ടഴിച്ചു

മദ്ധ്യപ്രദേശിൽ കർഗൗൺ മിഷൻ വയലിലുള്ള ദെക്കുവ ഗ്രാമത്തിലെ വൈശായ് പുതിയ വിശ്വാസിയാണ്. അവർക്കു അഞ്ചു വയസ്സുള്ള ജന്മനാ ഊമയായ അമൃത എന്ന ഒരു മകളുണ്ട്. അനേക അമ്പലങ്ങളിലും ആശുപത്രികളിലും അവളെ കൊണ്ടുപോയി ഒരു പ്രയോജനവും ഉണ്ടായില്ല. ദെക്കുവ ഗ്രാമത്തിലുള്ള പ്രാർത്ഥനക്കൂട്ടത്തിൽ അവർ സംബന്ധിച്ചു. സഭ ആ പൈതലിനുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു ആ ബാലികയുടെ നാവിന്റെ ബന്ധനം അഴിച്ചു. ഇപ്പോൾ കൊച്ചു അമൃത സ്ഫുടമായി സംസാരിക്കുന്നു. എല്ലാ മഹത്വവും നമ്മുടെ കർത്താവിനു മാത്രം!




## ജന്മദിനാശംസകൾ

പ്രഭാകര സാരഥി;
ബാബു പി;
മേരി ജോൺസി റാണി ഐ

### മൺട്രോ

**ഹിജാം കെന്നടി സിങ് &**
**ഹോജം ലിൻതോബി ചാനു**

പുതു ഗ്രാമത്തിലെ വിശ്വാസികൾ ഒത്തു ചേർന്ന് ഒരു പ്രാർത്ഥന ഹാൾ പണിതു. ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു പുതു ജീവിതം ആരംഭിച്ചു. നൗരാജ, കതെയ്യ എന്നീ ഗ്രാമങ്ങളിൽ ചെറു പ്രാർത്ഥന സെല്ലുകൾ രൂപീകരിക്കുവാൻ ദൈവം കൃപ നൽകി. ഇച്ചഘോര, ഇല്ലൊട്ടിയ എന്നീ ഗ്രമങ്ങളിൽ സുവിശേഷം അറിയിക്കുവാൻ അവസരം ലഭിച്ചു. പ്രതിമ മുർമ്മുവിനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

ബർളോ, മദോൻഷോദെ, ദയാറ എന്നീ ഗ്രാമങ്ങങ്ങളിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തുവും അനുവാദവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതുതായി ആരംഭിച്ച പ്രാർത്ഥന സെല്ലുകൾ തടസ്സമില്ലാതെ അനുഗ്രഹകരമായി നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. രോഗ ബന്ധനത്തിൽ നിന്നും ഗോപി സൊറനും നിർമ്മല സൊറനും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിച്ച് അനേകരെ ക്രിസ്തുവിങ്കലേക്കു ആദായപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗികളായ സുശീല സൊറൻ, പാസു സൊറൻ ഭാരതി മുർമ്മു എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### സെന്റ് തോമസ് ഇംഗ്ലീഷ് സ്കൂൾ & ആശിഷ് നിവാസ് ബാലഭവനം – പമ്മേനി

**വിക്ടർ ജയശീലൻ &**
**പ്രിൻസസ് നവോമി,**
**സ്റ്റാലിൻ ജീവ & റാണി;**
**തൊങ്ഖൊലുൻ കിപഗെൻ &**
**ലാൻ നൺ**

ദൈവകൃപയാൽ 24 കുട്ടികൾ പത്താം ക്ലാസ്സിലെ പരീക്ഷ നല്ലവണ്ണം എഴുതി. കൽക്കാത്തരയിൽ നടത്തിയ മിഷനറി ക്യാമ്പിൽ 100 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. സുക്കൻപട്ടിയിലെ വീട്ടിൽ രോഗാവസ്ഥയിലായിരുന്ന കർപ്രിയേൽ, നിഷാർ എന്നിവർ പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ചു ദൈവകൃപയാൽ ബാലഭവനത്തിൽ തിരികെ വന്നു.

വേനൽക്കാലത്തു ആവശ്യത്തിനുള്ള വെള്ളം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നേഴ്സിംഗ് പഠനത്തിനായുള്ള പ്രവേശന പരീക്ഷ എഴുതുന്ന ബൻസിലിനു നല്ല മാർക്കു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം തൊഴിലാളികളുടെ സഹകരണത്തോടെ വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിൽ താമസിക്കുന്ന സഹോദരങ്ങളായ രാമചന്ദ്രന്റെയും റാം സുന്ദറിന്റെയും മാതാപിതാക്കളുടെ ആരോഗ്യത്തിനായി പ്രാർത്ഥിക്കുക. ഈ സഹോദരങ്ങളും ആരോഗ്യത്തിൽ വെല്ലുവിളികൾ നേരിടുന്നു. ഇവരുടെ കുടുംബത്തിന്റെ ആരോഗ്യത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

രൂബൻ ശാമുവേൽ ജെ;
ലിസി വാവച്ചൻ; പ്രിസ്കില്ല രമേശ് വേൽരാജ്;
ഗീതാഞ്ജലി നായക്;
ജോൺ ഡേവിഡ്സൺ സെൽവരാജ്

### പടാരി

**ചുച്ചോ എസ് & കാമ്പണ് താബ**

സുനിൽ മഞ്ചിയുടെ കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. ദീയ ഗ്രാമത്തിലെ വിശ്വാസികൾ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിൽ വളരുന്നു.

ദയാര ഇശുവിന്റെ വേർപാടിൽ ദുഃഖിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. സിയാറ ഗ്രാമത്തിലെ ദൈവാലയ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യപാനത്തിനെതിരെ സംസാരിച്ച വിശ്വാസിയായ മധുദേവ മാൻജിയെ ഒരു ഗ്രാമവാസി മർദ്ദിച്ചു. അയാളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### ബോടുവ

**സൊമ്പു സിങ്സൺ & തിൻഗൈനെങ്**

ബാലഭവനത്തിൽ താമസിക്കുന്ന കുട്ടികൾ 10,12 ക്ലാസ്സുകളിലെ പരീക്ഷ നല്ലവണ്ണം എഴുതി. മഞ്ഞപിത്തം, ചുമ, നെഞ്ചു വേദന തുടങ്ങി വിവിധ രോഗങ്ങളാൽ വലഞ്ഞ അനേകരെ കർത്താവ് പ്രാർത്ഥനയാൽ സൗഖ്യമാക്കി.

എട്ടാം ക്ലാസ്സിൽ പഠിക്കുന്ന ജാനുറ മാറാണ്ടി മഞ്ഞപിത്തത്താൽ കഷ്ടപ്പെടുന്നു. ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാലിൽ പോട്ടലോടു കൂടെ ഭവനത്തിലേക്കു പോയ പത്രസ് പടിവാരത്തെ ദൈവം സൗഖ്യമാക്കേണ്ടതിനും അവൻ നല്ലരീതിയിൽ പരീക്ഷ എഴുതേണ്ടതിനുമായി പ്രാർത്ഥിക്കുക.

## പശ്ചിമ ബംഗാൾ

### സാംസി

**അഷ്ടബൻ അദിത്യ കുമാർ & മാനിനി ബബർത്ത**

അനേക വർഷങ്ങളായി മാനസിക രോഗത്താൽ വലഞ്ഞ ജിഷു മാറാണ്ടിയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. മഞ്ഞപിത്തത്താൽ വലയുന്ന സജ്ജീവൻ ഹസ്തയെയും അവന്റെ മകനെയും ദൈവം പ്രാർത്ഥനയാൽ സൗഖ്യമാക്കി. വയലിൽ നല്ല വിളവ് നൽകിയ ദൈവത്തോടു നന്ദിയർപ്പിച്ച് വിളവിന്റെ ഒരു ഭാഗം ദൈവാലയത്തിനു നൽകി. വാടി ഗ്രാമത്തിലെ രണ്ടു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു..

സുവിശേഷം ശ്രവിച്ചവർ യേശുവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. പൻപാത, പാടിഗോള, ഡോണർകോദ എന്നീ ഗ്രാമങ്ങളിലുള്ള ജനങ്ങളുടെ ഹൃദയം സുവിശേഷം ശ്രവിക്കേണ്ടതിനായി തുറക്കേണ്ടതിനും അവർ യേശുവിനെ ഏക സത്യദൈവമായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ജിത്തെൽപൂർ ഗ്രാമത്തിലെ ഘംഗമണി ടുഡുവിനും പത്താവർപൂർ ഗ്രാമത്തിലെ പുൽമണി മുർമ്മുവിനും വാടി ഗ്രാമത്തിലെ മാരയമണി ഭസ്കെക്കും മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

മെയിൻരാജ് ഐ;
സ്വർണ്ണലതാ സജ്ജീവ് കുമാർ

### റാണിഗഞ്ച്

**രാമകൃഷ്ണ അഗ്ഗിബട & അഞ്ജലി ദേവി**

പത്തു വ്യക്തികൾ യേശുവിന്റെ സ്നേഹം രുചിച്ചറിഞ്ഞു. ലാമൻ സൊറന്റെ നഷ്ടമായ സൈക്കിൾ തിരികെ ലഭിക്കുവാൻ കർത്താവ് കൃപ നൽകി. ബോധം നഷ്ടപ്പെട്ട് 12 മണിക്കൂറിനു ശേഷം നേസികാൻ സൊറനെ പാചകക്കാരന്റെ നിരന്തര പ്രാർത്ഥനയുടെ ഫലമായി ദൈവം സൗഖ്യം നൽകി. തുടർമാനമായ പ്രാർത്ഥനയുടെ ഫലമായി സജ്ജൈ ഹസ്തയുടെ രോഗം ദൈവം സൗഖ്യമാക്കി.

മദ്യപാനത്താലും ചീട്ടുകളിയാലും ജീവിതത്തെ നശിപ്പിക്കുന്ന സർക്കാർ ഹെബ്രത്തിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്താൽ വലയുന്ന പ്രണേഷ് ഹെബ്രത്തിനു പൂർണ്ണ സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുടുംബാംഗങ്ങൾ ആരാധന യോഗത്തിനു പോകുന്നതിനു തടസ്സമായി നിൽക്കുന്ന സാനിമണി ടുഡുവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിജയാനന്ദ് ഹെബ്രം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചതിനു പിന്നാലെ നിത്യതയിൽ പ്രവേശിച്ചു അനേക ആളുകൾ സംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിജയാനന്ദിന്റെ കുടുംബത്തെ ഒറ്റപ്പെടുത്തിയ ഗ്രാമീണരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിജയാനന്ദ് ഹെബ്രത്തിന്റെ കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക.

### ബാലൂർഗാട്ട്

**ദീപാർത്ഥന & മിത്തിലേശ്**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു പുതു ജീവിതം ആരംഭിച്ചു. രക്ത സംബന്ധമായ രോഗത്താൽ വലയുന്ന അമിത കിസ്കുവിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. പ്രാർത്ഥനയാൽ ഒമ്പതു വയസ്സുള്ള ബാലൻ നെഞ്ചു വേദനയിൽ നിന്നു സൗഖ്യം പ്രാപിച്ചു. ജഡായ ഗ്രാമത്തിലെ എതിർപ്പിനെ വകവെക്കാതെ പൊക്ക്റിയ ഗ്രാമത്തിലെ വിശ്വാസികൾ യോഗത്തിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു.

പനഗ്രാം പ്രദേശത്തുള്ള സുവിശേഷ വിരോധം ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. അമിത സൊറൻ, ഗൗരി സിങ്, വൈഷ്ണവി എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനുള്ള തടസ്സങ്ങൾ നീങ്ങേണ്ടതിനായി പ്രാർത്ഥിക്കുക. ലൂസിയ മാറാണ്ടിയുടെ അടിവയറ്റിലെ വേദന സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതം നിമിത്തം നടക്കുവാൻ കഴിയാതെ ഭാരപ്പെടുന്ന ദേവു മാറാണ്ടിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്താൽ കൈകാലുകളുടെ ചലന ശേഷി നഷ്ടപ്പെട്ട ഗൗരി സിങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ശാന്ത വിനയരാജ്;
ജഹർ സായി പണ്ണ

## ഛത്തീസ്ഘട്ട്

### ബലോദ ബസാർ

**രാമേശ്വർ ദയാൽ & മധു കല**

കൊഹ്കാത്തര, കോഷുൻ ഗോഡ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം അവസരം നൽകി. ചിത്രക്കൂട്ട് ജില്ലയിൽ ഫെബ്രുവരി മാസത്തിൽ നടത്തിയ മിഷനറിമാരുടെ ക്യാമ്പ് അനുഗ്രഹകരമായിരുന്നു. സുവാരി ഗ്രാമത്തിൽ മുന്നു ദിവസത്തെ ഉണർവ്വ് യോഗം അനുഗ്രഹകരമായി നടത്തി. കൽകാത, പാച്ച്പേടി എന്നീ ഗ്രാമങ്ങളിൽ വേദപഠന ക്ലാസ്സുകൾ നടത്തുവാൻ ദൈവം സഹായിച്ചു. മുദിയാടിഹ്, കൻജിനി എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടം ആരംഭിക്കുവാൻ ദൈവം കൃപ നൽകി.

യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ച ധരംസിങ് ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കെച്ചദാന്ദ് ഗ്രാമത്തിലെ വിശ്വാസികൾ വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാനുപ്രതാപ്പൂർ ജില്ലയിൽ ഒരു പ്രാർത്ഥന ഹാൾ പണിയുന്നതിനാവശ്യമായതെല്ലാം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തു നിലിനിൽക്കുന്ന സുവിശേഷ വിരോധം ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. സ്വന്തം വസ്തുവിൽ പ്രാർത്ഥന ആലയം നിർമ്മിക്കുന്നതിനെ ശിവന്ത് ഗ്രാമത്തിലുള്ളവർ എതിർക്കുന്നു. ഇവരുടെ മാനസാന്തരത്തിനും നിർമ്മാണ പ്രവർത്തനം പ്രശ്നങ്ങളില്ലാതെ വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

### സീതാപുർ

**മുത്തുകുമാർ & നേത്രാവതി**

ശരിയായ രീതിയിൽ വിവാഹങ്ങൾ നടത്താത്ത ഈ പ്രദേശത്തു അഞ്ചോര ദൈവാലയത്തിലെ അംഗമായ ബാബുവിന്റെ വിവാഹം ക്രിസ്തീയ രീതിയിൽ നടത്തുവാൻ ദൈവം കൃപ നൽകി. പാരിത്താർമുട സഭയിലെ വിശ്വാസികൾ അവരുടെ ഭവനങ്ങളിൽ ആഴ്ചതോറും നടത്തുന്ന ഭവന പ്രാർത്ഥനയിലൂടെ ആത്മീക വളർച്ച പ്രാപിക്കുന്നു. ഉവാഡിഹ, കെസ്ഹ, സമർസിങ്ഹ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം അവസരം നൽകി. ഇവിടെ സുവിശേഷം അറിയിക്കുന്നതിനു കൃപ നൽകിയ ദൈവത്തിനു സ്തോത്രം.

സന്ധി വേദനകളാലും നെഞ്ചു വേദനയാലും കഷ്ടപ്പെടുന്ന സഭാമൂപ്പന്മാരായ പിർപ്പാനി സഭയിലെ സുഭാഷ് ദെപ്പോ, നവപാര സഭയിലെ ദരമസായ് എന്നിവരുടെ സൗഖ്യത്തിനായി പ്രർത്ഥിക്കുക. ദീപക്കിന്റെ കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ശിവന്ത് മജ്ഹി, വിജയ് മജ്ഹി എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി സാക്ഷ്യപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക. കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു തടസ്സമായി നിൽക്കുന്ന അജിത് മജ്വാറിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

അരുൾമണി ആർ; ത്യാഗരാജൻ പി;
അരവിന്ദ് കുമാർ എം

### ഘർഗോഡ

**കിങ്സ്ലി ഐസക് ജോൺസൺ & മീന ആർ**

ലാബ്ര ഗ്രാമത്തിൽ മിഷനറിമാർ പ്രവേശിക്കുന്നതു വിലക്കിയിരിക്കുന്നു. ലസന്താർ എന്ന വ്യക്തിയുടെ ഭവനത്തിൽ നടത്തിയ പ്രാർത്ഥന യോഗത്തിൽ അയാൾ ക്ഷണിച്ചതിനാൽ സംബന്ധിക്കുവാൻ ദൈവകൃപയാൽ സാധിച്ചു.

രത്തിയ, സെൽഹരാൻ, സാരഥി, സാഹു എന്നിവർ വിശ്വാസത്തിൽ വേരൂന്നി വളരേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിലെ നിരവധി ഗ്രാമങ്ങളിൽ സുവിശേഷവേലക്കാർക്കു പ്രവേശനം നിഷേധിച്ചിരിക്കുന്നു. എതിർപ്പുകൾ നീങ്ങി സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബോക്മാൻ ഗ്രാമത്തിലെ ഓംപ്രകാശ് സുവിശേഷത്തെ ശക്തമായി എതിർക്കുന്നു. അവന്റെ അഞ്ചു വയസ്സുള്ള മകൻ പെട്ടെന്നു ഭക്ഷണം കഴിക്കാതെ ഊമനായി. അവൻ മിഷനറിയോടു പ്രാർത്ഥന അഭ്യർത്ഥിച്ചു. ഈ പൈതലിന്റെ സൗഖ്യത്തിനും അതുമുഖാന്തിരം ഈ ഭവനം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനും ആ ഗ്രാമം സുവിശേഷം അറിയേണ്ടതിനുമായി പ്രാർത്ഥിക്കുക.

### പതാൽഗൗൺ : പദ്‌വി സോമാലിയ & മഹാല ഷിലബൻ

അമ്മപള്ളി, സാജപള്ളി, തിൽദെഗ, എന്നീ ഗ്രാമങ്ങളിൽ നടത്തിയ കുട്ടികളുടെ യോഗങ്ങളിലും മക്കപൂർ ഗ്രാമത്തിൽ നടത്തിയ സഭാമൂപ്പന്മാരുടെ ക്യാമ്പിലും ധാരാളം പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. തിൽഡെഗ സഭയുടെ രജത ജൂബിലിയിൽ എല്ലാ സഭാ വിശ്വാസികളും പങ്കെടുത്തു ദൈവത്തെ മഹത്വപ്പെടുത്തി.

മക്കപൂർ ദൈവാലയത്തിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണതിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ മൂന്നു മാസമായി പക്ഷാഘാതത്താൽ ദൈവാലയത്തിൽ പോലും വരുവാൻ കഴിയാതെ കഷ്ടപ്പെടുന്ന വിമലയോടു കർത്താവ് കരുണ കാണിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### വസ്തുവിന്റെ നഷ്ടപ്പെട്ടു പോയ രേഖകൾ കണ്ടെത്തി

പശ്ചിമ ബംഗാളിൽ റാണിഗഞ്ച് മിഷൻ വയലിലെ സഹർജുരി ഗ്രാമത്തിലുള്ള നമ്മുടെ വിശ്വാസി ഡോള സൊറൻ, അനേക നാളത്തെ അധ്വാനത്തിലൂടെ സ്വരൂപിച്ച പണം കൊടുത്തു ഒരു വസ്തു വാങ്ങി രജിസ്റ്റർ ചെയ്തു. രണ്ടു വർഷത്തിനു ശേഷം അവൻ അവിടെ വീടു പണിയുവാൻ ആഗ്രഹിച്ചപ്പോൾ അവന്റെ വസ്തുവിന്റെ പ്രമാണം കാണാതെ പോയി. അവൻ ഈ വിഷയം ആരാധനക്കൂട്ടത്തിൽ പങ്കുവെച്ചു. വിശ്വാസികൾ ഒരു മനസ്സോടെ ഭാരത്തോടെ ഈ വിഷയത്തിനായി ഉപവസിച്ചു പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു. വീടിന്റെ പ്രമാണം കണ്ടെത്തുവാൻ സഹായിച്ചു. ആ വസ്തുവിൽ വീടു പണി ആരംഭിക്കുവാൻ ദൈവം സഹായിച്ചു. ഹല്ലെലുയ്യ!




## ജന്മദിനാശംസകൾ

ഡേവിഡ് നിക്കോൾസൺ;
ജപ റോസ് വിജയൻ;
ബിദുകാന്തി ലിമ ശ്രീധർ;
ഹത്നെയ്കിം ലെത്ക്കോലുൻ ബൈതെ

## ഒടിഷ

### ജഗനാഥപൂർ

**ബസുദേവ മാൽട്ടോ & ബാസന്തി മാൽട്ടോ**

അനേക പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം അവസരം നൽകി. എല്ലാ മാസവും പ്രവർത്തനം തടസ്സമില്ലാതെ മുന്നോട്ടു കൊണ്ടുപോകുവാൻ ദൈവം കൃപ നൽകുന്നു. പുതിയ സ്നേഹിതരെ നൽകി ദൈവം അനുഗ്രഹിച്ചു. ബാരജമ്ട ദൈവാലയത്തിലെ യുവജന യോഗം അനുഗ്രഹകരമായിരുന്നു. തോറാഡി ഗ്രാമത്തിലെ ശവസംസ്കാര ശുശ്രൂഷ വിഘ്നങ്ങളില്ലാത്തെ നടത്തുവാൻ ദൈവം സഹായിച്ചു.

ക്രിസ്തു വിശ്വാസം നിമിത്തം ജഗനാഥപൂർ സബ് കോടതിയിൽ നിയമനടപടിക്കു വിധേയരാകുന്ന വിശ്വാസികളുടെ കേസുകൾ റദ്ദു ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. ചോട്ട നാഗര, സാരന്ദ എന്നീ കാടുകളിൽ - നെക്സലൈറ്റ് സ്വാധീന പ്രദേശത്തു പാർക്കുന്ന - സന്താൾ, ഹോ, ഗോരോ, ലൊവാന്തർ, ഒടിയ എന്നീ ജാതിക്കൂട്ടങ്ങൾ യേശുവിനെ അറിയുന്നതിനു അവരുടെ ഇടയിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക ഗോറോ സമൂഹത്തിന്റെ മദ്ധ്യ സുവിശേഷ വേല ചെയ്യുന്നതിനു തടസ്സമായി നിൽക്കുന്ന ഗോറോ മഹാസഭയുടെ നേതാക്കന്മാരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സുവിശേഷം നിമിത്തം എതിർപ്പു നേരിടുന്ന ജറോനിക്ക വിശ്വാസത്തിൽ നില നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. അധരത്തിൽ കാൻസർ ബാധിച്ച സുമതിയമ്മയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ജിങ്കപാനി

**എബ്രഹാം എസ് & ആലീസ് ഷീബ**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ബുക്കിറിയിൽ സഭാ മൂപ്പന്മാരുടെ യോഗം വിജയകരമായി നടത്തി. ജയപൂർ ഗ്രാമത്തിലെ ദൈവാലയം നിർമ്മാണം പ്രാർത്ഥനയോടെ ആരംഭിച്ചു.. തിട്ട പ്രീയ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തയായി. ജോഗനാഥ്, സോനാപൂരി, രഘുപട്ടണം, നാഗര എന്നീ ഗ്രാമങ്ങളിലെ അനുധാവന പ്രവർത്തനം അനുഗ്രഹകരമായിരുന്നു.

എസിഎഫ് പ്രദേശത്തു സുവിശേഷത്തോടു താൽപര്യം കാണിക്കുന്നവർ യേശുവിൽ വിശ്വാസം അർപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഡിയോഗട്, മാധക്കോർ, ഇന്ത്പുജി എന്നീ ഗ്രാമങ്ങളിലെ അനുധാവന പ്രവർത്തനം വിഘ്നമില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. പത്രഗരിയ, പൽവാൻ, അക്കുറിപള്ളി, സോനപുരി എന്നീ ഗ്രാമങ്ങളിൽ പുതിയ പ്രാർത്ഥനക്കൂട്ടം ഉരുവാക്കുവാനുള്ള ശ്രമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടുത്തെ പ്രവർത്തനം വിശാലമാക്കുന്നതിനു സമർപ്പണമുള്ള ചെറുപ്പക്കാരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ജപരസൻ ബി

## ഗുജറാത്ത്

### മോതപോണ്ട

**മർക്കൂസ് മാൽട്ടോ & സാറ മാൽട്ടോ**

എല്ലാ സഭയിലും കൊയ്ത്തുൽസവം മഹത്തായ രീതിയിൽ നടത്തി. ദൈവത്തിന്റെ കരുണയാൽ മോസദ ദൈവാലയം അതിന്റെ പത്താം വാർഷികം അനുഗ്രഹകരമായി ആഘോഷിച്ചു. ബരാരി ഗ്രാമത്തിൽ ക്രിസ്തുമസ് ദിനത്തിലുണ്ടായ എതിർപ്പിനു ശേഷം ദൈവകൃപയാൽ ഞായറാഴ്ച ആരാധന തടസ്സനമില്ലാതെ തുടരുന്നു. നമ്മുടെ പ്രവർത്തനത്തെ സഹായിക്കുവാൻ പ്രമോദ് ബായി സന്നദ്ധ സുവിശേഷകനായി ചേർന്നു. ആത്മീക ജീവിതം ശക്തിപ്പെടുത്തുന്നതിനായി പ്രത്യേക ദിനങ്ങളിൽ ഉപവസിച്ചു പ്രാർത്ഥിക്കുന്ന വിശ്വാസികൾക്കായി ദൈവത്തെ സ്തുതിക്കാം.

പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽ പരീക്ഷ എഴുതിയ കുട്ടികൾ നല്ല മർക്കോടു കൂടി വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കത്ക്കോബോറ ഗ്രാമത്തിലെ ഏക വിശ്വാസിയായ ബേലു ബന്നിനെ കർത്താവ് പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസം നിമിത്തം സാമൂഹ്യമായും ആന്തരികമായും വെല്ലുവിളികൾ നേരിടുന്ന ബേലു ബൻ വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്താൽ വലയുന്ന കുട്ലി ഗ്രാമത്തിലെ യശോദ ബന്നിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. വിശ്വസ്തരായ യുവജനങ്ങൾ ദൈവഭയത്തിൽ ദൈവനാമ മഹത്വത്തിനായി തങ്ങളുടെ ജീവിതത്തെ പരിപോഷിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവർ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### വസാവി വേദപുസ്തക പരിഭാഷ

**ദെബോര വിജയറാണി**

2 ദിനവൃത്താന്തം 18 -30 അദ്ധ്യായങ്ങളും 1 ദിനവൃത്താന്തം 1-23 അദ്ധ്യായങ്ങളും തർജ്ജിമ ചെയ്തു. അതിന്റെ പരിശോധന നടത്തുകയും കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുകയും ചെയ്തു.. കട്ക്കോച്ച്, കമ്പോടിയ, മിറീപൂർ എന്നീ ഗ്രാമങ്ങളിലെ ഞായറാഴ്ച ആരാധനയിലെ വചന ശുശ്രൂഷയിലൂടെ വിശ്വാസികൾ ഉത്സാഹിതരാകുന്നു.

2 ദിനവൃത്താന്തം 31 -ാം അദ്ധ്യത്തിന്റെ പരിഭാഷക്കായി പ്രാർത്ഥിക്കുക. കഴിഞ്ഞ 20 വർഷമായി ഇവിടെ ഞായറാഴ്ച ആരാധനയും മറ്റു യോഗങ്ങളും സഭാമൂപ്പന്റെ വീടു വരാന്തയിലാണ് നടത്തുന്നത്. ഇവിടെ ഒരു ദൈവാലയം വേഗത്തിൽ പണിയേണ്ടതിനായി പ്രാർത്ഥിക്കുക. വസാവ സഭയുടെ ആത്മീക ഉണർവ്വിനായി പ്രാർത്ഥിക്കുക. പരിഭാഷ പ്രവർത്തനത്തിൽ സഹായിയായി നിൽക്കുന്ന വ്യക്തിയുടെ കുടുംബത്തിനായി പ്രാർത്ഥിക്കുക. നേതൃത്വ പരിശീലന കേന്ദ്രത്തിലേക്കു സമർപ്പണമുള്ള ഒരു പാചകക്കാരനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

സൂസൻ തോമസ് ;
സായു ബുനിയ

### പിഷൽവാട ബാലിക ഭവനം

**പോൺ അഗസ്റ്റിൻ & ജോയ്സ് ശോഭന**

ഗവൺമെന്റ് പരീക്ഷ എഴുതുന്നവർക്കായി ഒരു പ്രത്യേക പ്രാർത്ഥന നടത്തി. എല്ലാ കുട്ടികളും ദൈവകൃപയാൽ ഗവൺമെന്റ് പരീക്ഷ നല്ലവണ്ണം എഴുതി. സ്കൂളിൽ ജോലി ചെയ്യുന്ന, വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ഫക്കീർ ഭായിയെ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി. വാഹന അപകടത്തിൽ രമേശ് ഭായിയെയും കുടുംബത്തെയും ദൈവം അത്ഭുതകരമായി പരിപാലിച്ചു.

അഞ്ചാം പനിയാൽ കഷ്ടപ്പെടുന്ന 35 കുട്ടികളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സ്കൂളിലെ ജോലിക്കാരിയായ ഗീത ബൻ കൈയ്യിലുണ്ടായ നീർ നിമിത്തം കഷ്ടപ്പെടുന്നു സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദീർഘകാലമായി പനിയാൽ കഷ്ടപ്പെടുന്ന വിക്രമിന്റെയും കാലുവേദനയാൽ നടക്കുവാൻ പ്രയാസപ്പെടുന്ന സ്വീറ്റി, ആനന്ദ് എന്നിവരുടടെയും തലവേദനയാൽ കഷ്ടപ്പെടുന്ന രുത്തികയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബാലവനത്തിന്റെ അറ്റകുറ്റപണി പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സൂറത്ത്

**മാധവറായ് (റിട്ട) & ജപതങ്കം**

കള്ളക്കേസിൽ കുടക്കി കഷ്ടപ്പെടുത്തിയ മോനിഷയെ മാതാവിന്റെ പ്രാർത്ഥന കേട്ടു കർത്താവ് വിടുവിച്ചു. കഠിനമായ ഉദരവേദനയിൽ നിന്നും മമതബന്നിനെയും മസ്തിഷ്കത്തിൽ ട്യൂമർ ബാധിച്ച രമാവതി ബന്നിനെയും ശരീര വേദനയാൽ കഷ്ടപ്പെട്ട പുനം ബന്നിനെയും കർത്താവ് പ്രാർത്ഥന കേട്ടു സൗഖ്യമാക്കി.

ഹൃദയത്തിൽ സുഷിരമുള്ള അരുഷിയെ കർത്താവ് സൗഖ്യമാക്കേണതിനായി പ്രാർത്ഥിക്കുക. പ്രീയങ്ക, മഹിമ ബൻ, സജിബൻ എന്നിവരുടെ സുഖപ്രസവത്തിനായി പ്രാർത്ഥിക്കുക. മീന ബന്നിന്റെയും കുസും ബന്നിന്റെയും വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക.

### വിശ്വാസത്തോടുകൂടിയ പ്രാർത്ഥന രോഗിയെ രക്ഷിച്ചു

ആന്ധ്ര പ്രദേശിൽ ഡാമലച്ചെരിവ് ഡിവിഷനിലുള്ള ലിദ്ദിയ, ആശുപത്രിയിൽ സെക്യൂരിറ്റിയായി ജോലി ചെയ്തു വരികയായിരുന്നു. ഒരു ദിവസം ഹഫ്സ എന്ന ഒരു സ്ത്രീ കരഞ്ഞു കൊണ്ട് ആശുപത്രിയിൽ ചികിത്സക്കായി വന്നു. അവൾ ലിദ്ദിയയോടു പറഞ്ഞു, അവളുടെ ഉദരത്തിൽ പത്തു കിലോ ഭാരമുള്ള ഒരു ട്യൂമർ ഉണ്ട്. ഓപ്പറേഷൻ ചെയ്താൽ ജീവൻ നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ഇതു കേട്ട ലിദ്ദിയായും അവളുടെ മാതാവും സഭാമൂപ്പനായ അപ്പനും ചേർന്നു മൂന്നു ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ ഫലമായി ശസ്ത്രക്രീയ വജയകരമായി പൂർത്തീകരിച്ചു. ആ സ്ത്രീ സൗഖ്യം പ്രാപിച്ചു. ഈ അത്ഭുതത്തിനായി ദൈവത്തെ സ്തുതിക്കാം!




## ജന്മദിനാശംസകൾ

ബഞ്ചമിൻ ബി; പ്രൊദീപ് മുഷഹരി;
ജപജോതി പോൾരാജ്;
മധു കല രമേശ്വർ ദയാൽ
എമി പാക്യ

### അഹവ & പിഷൽവാട

**വിഘ്നേശ്വരൻ & എയ്ഞ്ചലിൻ എം**

പ്രാർത്ഥനയുടെ ഫലമായി ഭാരതി ബൻ, എലിസ ബൻ എന്നിവർക്കു അങ്കണവാടിയിൽ ജോലി ലഭിച്ചു. ഐസക്ക് പ്രാർത്ഥനയാൽ നെഞ്ചു വേദനയിൽ നിന്നും മുക്ത നായി.

അടി വയറ്റിൽ നീർക്കോളുള്ള സുരേഷിന്റെ സൗഖ്യത്തി നായി പ്രാർത്ഥിക്കുക. രക്തക്കുറവിനാൽ കഷ്ടപ്പെടുന്ന ഗർഭിണിയായ പ്രമീള ബന്നിന്റെ സൗഖ്യത്തിനായി പ്രാർ ത്ഥിക്കുക.

### ധരംപൂർ/ ഘെർഗാം ബാലഭവനം

**ജി കുമാരൻ & ജലീൻ ജയ**

മരത്തിൽ നിന്നു വീണു പ രുക്കു പറ്റിയ ദിഗ്‌വിജയ നോടു കർത്താവ് കരുണ കാണിച്ചു സൗഖ്യമാക്കി. അവൻ ഇപ്പോൾ ആരാധനിൽ സംബന്ധിക്കുന്നു. ശരീര ബലഹീനത നിമിത്തം ഭക്ഷണം കഴിക്കുന്നതിനോ നടക്കുന്നതിനോ കഴിയാതെ കഷ്ടപ്പെട്ട വൈശാലിയെ പ്രാർത്ഥനയാൽ കർത്താവ് വിടുവിച്ചു. കെർഗാം ബാലഭവനത്തിനു ചുറ്റും രാത്രയിൽ ചുറ്റിനടക്കുന്ന പുള്ളിപ്പുലി യിൽ നിന്നു കുട്ടികളെ സുരക്ഷിതമായി ദൈവം പരിപാലിക്കുന്നു. എട്ടാം ക്ലാസ്സിലെ സർക്കാർ പരീക്ഷ ബാല ഭവനത്തിലെ എല്ലാ കുട്ടികളും ദൈവകൃപയാൽ പാസ്സായി.

11 ക്ലാസ്സിൽ പഠിക്കുന്ന റോഹിൽ ഏണിയിൽ നിന്നു വീണു വലതു കരത്തിൽ പൊട്ടലുണ്ടായതിനാൽ കഷ്ട പ്പെടുന്നു. അവൻ വേഗത്തിൽ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 10,12 ക്ലാസ്സുകളിലെ പരീക്ഷ എഴുതിയ കുട്ടികൾ നല്ല മാർക്കോടെ പാസ്സാ കേണ്ടതിനായി പ്രാർത്ഥിക്കുക.

### മോസ്ദ

**പോൾരാജ് & കോയിൽ പുഷ്പം**

ദീർഘ കാലമായി നെഞ്ചു വേദനയാലും പുകച്ചിലിനാലും ഭാരപ്പെടുന്ന രാജേഷ് ഭായിയെ പ്രാർ ത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. തൊണ്ടക്കുണ്ടായ കാൻസറിനെ തുടർന്നു സംസാരിക്കുന്നതിനോ ഭക്ഷണം കഴിക്കുന്നതിനോ കഴിയാതിരുന്ന സീതൾ ബന്നിനെ പ്രാർത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി. ഗുമീന സഭാ മൂപ്പൻ ഈശ്വർഭായ് മരം മുറിക്കുന്ന വേളയിൽ അപകടകരമായി തന്റെ നേ രെ ചാഞ്ഞു വന്ന മരം യേശുവിനെ വിളിച്ചു കരഞ്ഞപ്പോൾ മറുവശത്തേക്കു വീണു. അവനെ അതിശയകരമായി രക്ഷിച്ച ദൈവത്തെ സ്തുതിക്കാം.

പുതിയ വിശ്വാസിയായ റീന ബന്നിന്റെ ഭർത്താവ് ഗോവിന്ദ് മാനസിക രോഗത്താൽ വലയുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കണ്ണിൽ നിന്നും തുടർച്ചയായി വെള്ളം വരുന്ന പ്രയാസത്തിൽ നിന്നും സന്നിലാൽ ഭായ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തൈറോയിഡ് നിമിത്തം ശരീരം വീർത്ത രോഷിനി ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

കനകനേശം ചെല്ലദൂരൈ;
പൊൻ അഗസ്റ്റിൻ. ഇ;
ശിവകുമാർ സി; ബന്നിസൺ എബനേസർ
ഗായത്രി സി

### ബോടേലി & ദബോയ്

**യേശുബായ് & ഉഷ**

മാലു ഗ്രാമത്തിലെ 12 വയസ്സുള്ള കുമ്ദി പാമ്പു കടിയേറ്റതിനെ തുടർന്നു വിശ്വാസികൾ എല്ലാവരും ചേർന്നു വന്നു പ്രാർത്ഥിച്ചു. ദൈവം അവളെ സൗഖ്യമാക്കി. വയലിൽ ജോലി ചെയ്യുന്ന വേളയിൽ കർണ്ണെട് ഗ്രാമത്തിലെ രാജിയ ബൻ മയങ്ങി വീണു. ചുറ്റുമുണ്ടായിരുന്നവർ പ്രാർത്ഥിച്ചതിനെ തുടർന്നു അവൾക്കു ബോധം വന്നു എഴുന്നേറ്റു. സുർത്താൽ, ഷാർനെറ്റ് എന്നീ ഗ്രാമങ്ങളിൽ സ്ത്രീകളുടെ യോഗം വിജയകരമായി നടത്തുവാൻ ദൈവം സഹായിച്ചു.

ക്രിസ്തു നിമിത്തം ഉപദ്രവം നേരിടുന്ന സുമി ബൻ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കുന്ദാൻ ഗ്രാമത്തിൽ നടത്തിയ മൂന്നു ദിവസത്തെ യുവജന യോഗത്തിൽ അനേക യൗവ്വനക്കാർ സംബന്ധിച്ചു അവർ തങ്ങളുടെ ജീവിതങ്ങളെ ദൈവനാമ മഹത്വത്തിനായി സമർപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രോഗത്താൽ വലയുന്ന ആറു വയസ്സുള്ള എലിസായുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. എതിർപ്പിനെ തുടർന്നു നിർത്തിയ കെലാദിയ ഗ്രാമത്തിലെ ബാലഭവനം ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ പുനരാരംഭിക്കേണതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിലെ കുട്ടികൾ നിരാശിതരാകാതെ അവർ കർത്താവിൽ ബലപ്പെട്ടു പഠനത്തിൽ മുന്നേറേണ്ടതിനായി പ്രാർത്ഥിക്കുക.

## ദാദ്ര നഗർ ഹാവേലി

### ഖാൻവേൽ

**അരുൾ ആശീർ & സുഗുണ**

കാലിൽ പൊട്ടലുണ്ടായ വസോണ ഗ്രാമത്തിലെ അങ്കിലയെ കർത്താവ് സൗഖ്യമാക്കി. ഇവിടെ നടത്തിയ സ്ത്രീകളുടെ യോഗത്തിൽ 250 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. വിശ്വാസിയുടെ മകൻ കിണറ്റിൽ വീണപ്പോൾ ദൈവം അത്ഭുതകരമായി അവനെ സംരക്ഷിച്ചു. അമിത രക്തസ്രാവത്താൽ വലയുന്ന കുഷ്മില ബന്നിനെ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി.

തൊണ്ടക്കുണ്ടായ ട്യൂമർ നിമിത്തം ഭക്ഷണം കഴിക്കുവാൻ കഴിയാതെ ബുദ്ധിമുട്ടുന്ന ആറു വയസ്സുകാരി റിത്തികയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.പക്ഷാഘാതത്താൽ നടക്കുവാൻ കഴിയാത്ത ബിജാൽ ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യപാനം നിമിത്തം കുടുംബത്തെ ദാരിദ്ര്യത്തിലാക്കിയ സങ്കാലിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിശ്വാസിയായ സുന്ദരി ബന്നിനെതിരെ ഗ്രാമത്തിലുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പിന്റെയും പീഡനത്തിന്റെയും മദ്ധ്യത്തിൽ വിശ്വാസികൾ ക്രിസ്തു യേശുവിൽ ഉറെച്ചു നിന്നു ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ആശീർ മോസസ് എസ്;
ജോതിമണി മനോജ്;
ഇദിഗിനാല മൗനിക പ്രവീൺ

### നേർ : മൂർത്തി & ഭാരതി

പന്ദിയക്കാവ് ഗ്രാമത്തിൽ നടത്തിയ കുട്ടികളുടെ ക്യാമ്പിലും കെത്പാൽ, കൈരബാനി എന്നീ ഗ്രാമങ്ങളിൽ നടത്തിയ സ്ത്രീകളുടെ യോഗത്തിലും ധാരാളം പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. പാടി, കസാരെ, എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടങ്ങൾ ആരംഭിച്ചു. വിശ്വാസത്തിൽ നിന്നു പിന്മാറിയ ദേവൂർ ഗ്രാമത്തിലെ കുടുംബങ്ങൾ വിശ്വാസത്തിലേക്കു തിരികെ വന്നു ആരാധന യോഗങ്ങളിൽ ക്രമമായി സംബന്ധിക്കുന്നു.

ഭീൽ ജനത താമസിക്കുന്ന ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതത്തിലൂടെ തങ്ങളുടെ ബന്ധുമിത്രാദികളെയും സഹഗ്രാമീണരെയും ക്രിസ്തുവിനായി നേടേണ്ടതിനായി പ്രാർത്ഥിക്കുക.

### നവാപൂർ

### തിമ്മാന്ന തിമോത്തി & മമത

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പിജാദേവി ഗ്രാമത്തിലെ സതിബായ് പൈശാചിക ബന്ധനത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. ഹരുദിദാര, വസാലൈ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവകൃപയാൽ അവസരം ലഭിച്ചു. രക്തത്തിന്റെ അളവ് കുറഞ്ഞതിനാൽ കഷ്ടപ്പെട്ട മാർത്തയെ കർത്താവ് സൗഖ്യമാക്കി.

ശർദ്ദിലിനാലും പനിയാലും കഷ്ടപ്പെടുന്ന അമില ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുഷ്ഠരോഗിയായ പത്തി ഭായിയുടെയും അധരത്തിൽ കാൻസർ ബാധിച്ച രാജേന്ദ്രന്റെയും അത്ഭുത സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നവക്കാവ്, സോൽഹാർ എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനും ദൈവാലയം പണിയുവാനുള്ള അനുവാദം അധികാരികളിൽ നിന്നു ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ബോറാടി

### ഓംപ്രകാശ് & സപ്ന

കാതർദേവ് ഗ്രാമത്തിലെ ലക്കാറിയെ പൈശാചിക ബന്ധനത്തിൽ നിന്നും കർത്താവ് പ്രാർത്ഥനയാൽ സൗഖ്യമാക്കി. ബടാല ഗ്രാമത്തിൽ നടത്തിയ ക്യാമ്പിൽ രണ്ടു കുടുംബങ്ങൾ യേശുവിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞ് പുതു ജീവിതം ആരംഭിച്ചു.

വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ദുർപാദിയ ഗ്രാമത്തിലെ അർജുനനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലക്കാടിയ ഗ്രാമത്തിലെ ക്ഷയരോഗത്താൽ വലയുന്ന സുരാബ് സിങ്, ജയ്യേദി ഗ്രാമത്തിലെ കുഷ്ഠ രോഗിയായ വിക്രം ദേവുട ഗ്രാമത്തിലെ പക്ഷവാത രോഗിയായ സച്ചിൻ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




### ഇഗത്പുരി

**നാഗരാജൻ എം & തിലകവതി**

പതൻകാവടി, ചോട്ടീസ്വാടി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം അവസരം നൽകി. ദൈവത്തിന്റെ കൃപയാൽ കവിതക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു.

സുവിശേഷത്തിനെതിരായി ധാമനി ഗ്രാമത്തിലുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനും അവിടെ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. മാനസിക സമ്മർദ്ദത്താൽ ഭാരപ്പെടുന്ന മുഗുന്ദവാടി ഗ്രാമത്തിലെ കമൽ ഭായ് അതിൽ നിന്നു മുക്തനായി സഭ ആരാധനയിൽ പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## കർണ്ണാടക

### നിദാഗുണ്ടി

**മാൻജിയ നായക് & ലാമനി രത്ന**

ഏഴു സ്ഥലത്തു രാത്രിയോഗങ്ങളിലൂടെ സുവിശേഷം അറിയിക്കുവാൻ ദൈവം അവസരം നൽകി. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വൃക്ക സംബന്ധമായ രോഗത്താൽ വലഞ്ഞ സൈനാഥിനെ കർത്താവ് സൗഖ്യമാക്കി. ഞരമ്പു സംബന്ധമായ രോഗത്താൽ കഷ്ടപ്പെട്ട പ്രേമയെ കർത്താവ് സൗഖ്യമാക്കി. രക്തകുറവിനാൽ വിളർച്ച രോഗം ബാധിച്ച ശില്പക്കു പ്രാർത്ഥനയാൽ ദൈവം അത്ഭുത സൗഖ്യം നൽകി.

കരൾ സംബന്ധമായ രോഗത്താൽ ശ്വസിക്കുവാൻ പ്രയാസപ്പെടുന്ന ഗംഗാദേവിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. തൊണ്ടക്കുണ്ടായ തടസ്സം മൂലം ഹിര ഭായിക്കു ഭക്ഷണം കഴിക്കുവാൻ കഴിയുന്നില്ല ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭർത്താവ് നഷ്ടപ്പെട്ട് രണ്ടു കുട്ടികളുമായി ഉപജീവന മാർഗ്ഗത്തിനായി അലയുന്ന പ്രേമയുടെ കുടുംബത്തെ കർത്താവ് ആശീർവദിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഷിഗ്ഗൗൺ

**നരേന്ദ്ര കുമാർ & കാജൽ**

ഒരു വ്യക്തി ദൈവസ്നേഹത്തിനു മുമ്പിൽ തന്നെ സമർപ്പിച്ചു. ഗംഗമ്മയുടെ ശരീരത്തിലെ രക്തത്തിന്റെ അളവ് കുറഞ്ഞതിനാൽ പ്രസവ സമയത്തു ഡോക്ടറന്മാർ നിസാഹയത അറിയിച്ചു. ആത്മാർത്ഥമായ പ്രാർത്ഥനയുടെ ഫലമായി ദൈവം അവൾക്കു സുഖ പ്രസവം നൽകി അനുഗ്രഹിച്ചു.

സുവിശേഷം പ്രഘോഷിച്ച ഹൽഷെക്കോ, പിസ്നൊലി, തലക്കാട്ട, കാമ്ലി കോപ്പ എന്നീ ഗ്രാമങ്ങളിൽ പ്രാർത്ഥന യോഗങ്ങൾ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സംഗീതയും ചന്ദ്രനും അവരുടെ പഠനം പൂർത്തീകരിച്ചു ദൈവീക ശുശ്രൂഷ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വ, അനിത, ഗീത, മെഹർ, സ്വർണ്ണ എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൂർണ്ണ സമയ സുവിശേഷ വേലക്കായി സമർപ്പിച്ച മഹഷിനായി പ്രാർത്ഥിക്കുക




## ജന്മദിനാശംസകൾ

ഷീബ ജി ചന്ദ്ര ശ്രീനിവാസൻ;
സെൽവ മെറിന മനശ്ശെ ദാനിയേൽ

### ഹലിയാൽ & ഖാനാപൂർ

**തങ്കലാൽ സൗ & നെസവാഹ്**

രക്താർബുദം ബാധിച്ച് മരണത്തോടടുത്ത ബാസവരാജിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. ആറു വർഷത്തെ കുടുംബ ജീവിതത്തിനു ശേഷം ഹന്നപ്പ, രേണുക ദമ്പതികൾക്കു അവരുടെ പ്രാർത്ഥന കേട്ടു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

പുതിയ വിശ്വാസിയായ ഭാഗ്യത്തിന്റെ ഭർത്താവ് മദ്യാസക്തിയിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. സുമിത്രയുടെയും നാഗപ്പയുടെയും കുടുംബം വിശ്വാസത്തിൽ വേരൂന്നി വളരേണ്ടതിനായി പ്രാർത്ഥിക്കുക. ഇഷ്ടിക കളത്തിൽ ജോലിക്കു പോയ വിശ്വാസികളുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക.

## ആന്ധ്രപ്രദേശ്

### സാദം

**അനിൽ മാഹൈ & പ്രശാന്തി**

വലിയൊരപകടത്തിൽ നിന്നും ദൈവം ഏലീയാസറിനെ അത്ഭുതകരമായി വിടുവിച്ചു. വിശ്വാസികൾക്കു ദർശനവും ദൗത്യവും എന്ന വിഷയത്തിൽ പരിശീലനം നൽകി. കഴിഞ്ഞ മാസത്തെ എല്ലാ യോഗങ്ങളും അനുഗ്രഹകരമായി നടത്തുവാൻ ദൈവം സഹായിച്ചു. ഒരു പുതിയ വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

ജയ, സന്നിര, ഉഷ, മുരളി, സരസ്വതി എന്നീ കുടുംബങ്ങളിൽ തലമുറയെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാരായ വിശ്വാസികൾ തിരികെ വന്നു ആരാധന യോഗത്തിൽ പതിവായി സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജാനകിറാം, രാജന്ന എന്നിവർ ദൈവത്തിങ്കൽ നിന്നു പരിപൂർണ്ണ സൗഖ്യം പ്രാപിച്ചു. സുവിശേഷത്തോടു താൽപര്യം കാണിക്കുന്നവർ തടസ്സമില്ലാതെ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും ശ്രീകാന്ത് മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.

### മാദകസിര

**പോൾ രവിരാജ് & ഹേമലത**

ആഭിചാര ദോഷങ്ങളിൽ നിന്നും നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി നാഗരാജന്റെ കുടുംബം വിടുതൽ പ്രാപിച്ചു. നാലു സ്ഥലത്തു പ്രദർശിപ്പിച്ച ജീസസ് ഫിലിം മുഖാന്തിരം ആറു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അനേകർ സുവിശേഷ പ്രതികൾ വാങ്ങി. നാരായണ, ആദിലക്ഷ്മി എന്നീ കുടുംബങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

ദുഷിച്ച കൂട്ടുകെട്ടിൽ നിന്നും പ്രവീൺ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഞരമ്പു സംബന്ധമായ ബലഹീനതയിൽ നിന്നും ആരതിയ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും ആരോഗ്യം, സുകുമാർ, ശിവലിംഗം, പുഷ്പനാഥൻ എന്നീ കുടുംബങ്ങൾ സുരക്ഷിതരായിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

യേശു ബാബു എ

## തമിഴ്നാട്

### ഏലംപള്ളി

**സെൽവകുമാർ @ ജോസഫ് വിൽസൺ**

എല്ലാ പ്രവർത്തകർക്കുമായി കഴിഞ്ഞ മാസം മദ്ധ്യസ്ഥ പ്രാർത്ഥന സംഘടിപ്പിക്കുവാൻ ദൈവം സഹായിച്ചു. പത്തു വർഷത്തിലധികമായി ഗർഭ പാത്ര സംബന്ധമായ രോഗത്താൽ വലഞ്ഞ ശരണ്യ, കിഷോർ എന്നിവരെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി.

സഹോദരി സെൽവി കടഭാരത്തിൽ നിന്നും മുക്തയാകേണ്ടതിനായി പ്രാർത്ഥിക്കുക. കയ്യിലും കണ്ണിലും ഉണ്ടായ ട്യൂമറിൽ നിന്നും പുരുഷോത്തമൻ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കോമളയുടെയും, പുഷ്പമണിയുടെയും വിവാഹത്തിനായി പ്രാർത്ഥിക്കുക. എലപ്പള്ളിയിൽ പ്രാർത്ഥനാലയം പണിയുന്നതിനു സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മെൽച്ചേരി

**ആർ ആർ ധർമ്മരാജ് & മറിയസെൽവി**

അനേക നാളുകളായി വേർപിരിഞ്ഞു ജീവിക്കുന്ന സഹോദരൻ മോഹനൻ പ്രാർത്ഥനയുടെ ഫലമായി കുടുംബത്തോടു ചേർന്നു ജീവിക്കുന്നു. സതീഷ് പവിത്ര ദമ്പതികളെ വലിയൊരപടത്തിൽ നിന്നു ദൈവം വിടുവിച്ചു. മഞ്ഞപിത്തത്താൽ കഷ്ടപ്പെട്ട നാഗരാജന്റെ മകനെ ദൈവം സൗഖ്യമാക്കി.

ചന്ദ്രുവിനെ കടഭാരത്തിൽ നിന്നും ദൈവം വിടുവിക്കേണതിനും അവന്റെ വ്യാപാരത്തെ ദൈവം അനുഗ്രഹിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. രജനിയും, പ്രീയങ്കും ചേർന്ന ആരംഭിച്ച തയ്യൽ പരിശീലന കേന്ദ്രത്തെ ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മറ്റു ജില്ലകളിൽ ജോലി തേടി പോയ വിശ്വാസികളുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക.

### കുറ്റമില്ലാത്തതായി പ്രഖ്യാപിച്ചു

ഗുജറാത്തിൽ സുറത്ത് മിഷൻ വയലിലുള്ള സച്ചിൻ ഗ്രാമത്തിലെ ആരാധനക്കൂട്ടത്തിലുള്ള ഒരു വിശ്വാസിയാണ് മോനിഷ് ഭായ്. തുണിയുടെ മൊത്ത വ്യാപാരികളിൽ നിന്ന് സാരികൾ വാങ്ങി വാഹനത്തിൽ ചെറുകടകളിൽ കൊണ്ടെത്തിച്ചാണ് ഉപജീവനം കണ്ടെത്തിയിരുന്നത്. മോനിഷ് ഭായ് ഒരു വിശ്വാസിയായിരുന്നതിനാൽ ചെറു കടക്കാർ അവനിൽ തെറ്റു കണ്ടെത്തി പരാതിപ്പെടുക പതിവായിരുന്നു. ഒരു ദിവസം അവന്റെ വാഹനത്തിൽ നിന്നും സാരികൾ നഷ്ടപ്പെട്ടതായി അവനെതിരെ പരാതി പറഞ്ഞു. മോനിഷ് ദൈവാലയത്തിൽ വന്ന് പ്രാർത്ഥന വേളയിൽ അവന്റെ സങ്കടങ്ങൾ പങ്കുവെച്ചു. പ്രാർത്ഥനയെ തുടർന്നു അവനെതിരെ കുറ്റം ആരോപിച്ച ആൾ സാരികൾ കണ്ടെത്തുകയും പരാതി പിൻവലിക്കുകയും ചെയ്തു. അപമാനത്തിൽ നിന്നും അവനെ രക്ഷിച്ച ദൈവത്തെ നമുക്കു സ്തുതിക്കാം.

415 മിഷനറി ആൽബം



## ശ്രീമതി. അനിയ ദാനിയേൽ വെങ്കിടേശൻ കുടുംബം

തമിഴ്നാട്ടിൽ തിരുച്ചിറപ്പള്ളി ജില്ലയിലെ റോമൻ കത്തോലിക്ക കുടുംബത്തിലാണ് ശ്രീമതി. അനിയ ജോസഫൈൻ (08/04/1988) ജനിച്ചത്. എട്ടാം ക്ലാസ്സിൽ പഠിക്കുന്ന വേളയിൽ അവൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ദൈവവേലക്കായി തന്റെ ജീവിതത്തെ സമർപ്പിക്കുകയും ചെയ്തു. 13/6/2007ൽ FMPB യിൽ മിഷനറിയായി ചേർന്നു. ഗുജറാത്തിലെ സിൽവാസ, ഖാൻവേൽ എന്നീ മിഷൻ വയലുകളിൽ പ്രവർത്തനം ആരംഭിച്ചു.

2009 മെയ് 29 നു ശ്രീ. ദാനിയേൽ വെങ്കിടേശനുമായുള്ള വിവാഹം നടന്നു. അവർ കുടുംബമായി വിവിധ മിഷൻ വയലുകളിൽ പ്രവർത്തിച്ചു. ഉത്തർപ്രദേശിലെ ഝാൻസിയിലുള്ള നാഷണൽ ട്രെയിനംഗ് സെന്റർ, തെലുങ്കാനയിലെ അസിഫാബാദ്, മഹാരാഷ്ട്രയിലെ പാന്ദർക്കാവട, നാഗപ്പൂർ ആഫീസ്, ആന്ധ്രാപ്രദേശിലെ ശാന്തിപുരം എന്നിവിടങ്ങളിൽ കർത്താവിന്റെ വേല ചെയ്തു അനേകരെ ക്രിസ്തുവിങ്കലേക്കു നയിച്ചു.

ശാന്തിപുരം മിഷൻ വയലിൽ പ്രവർത്തിക്കുമ്പോൾ 2/3/2013 ൽ ഒരു അപകടത്തിൽ അവളുടെ ഭർത്താവ് നിത്യതയിൽ പ്രവേശിച്ചു. ഈ ദുരന്തം സംഭവിക്കുമ്പോൾ 24 വയസ്സുള്ള സഹോദരി അനിയ മൂന്നു മാസം ഗർഭിണിയായിരുന്നു. ആഗാധമായ ദുഃഖത്തിന്റെയും പരീക്ഷകളുടെയും നാളുകളിൽ അവൾ ദൈവത്തെ മുറുകെ പിടിച്ചു. കണ്ണുനീരിന്റെ താഴ്വരയിൽ രണ്ടു പിഞ്ചു കുഞ്ഞുങ്ങളെ വളർത്തുന്നതിനൊപ്പം കർത്താവിനോടു ചേർന്നു നടന്നു. അവൾ സമർപ്പണത്തോടെ യുവജന വിഭാഗത്തിൽ പ്രവർത്തിച്ചു. ഒമ്പതു വർഷം FMPB യുടെ മാസികയായ 'കെരിത് ' പ്രസിദ്ധീകരണത്തിന്റെ ചുമതല വഹിച്ചു. മൂന്നു വർഷം മൊബലൈസേഷൻ മേഖലയിൽ പ്രവർത്തിച്ചു. ഇപ്പോൾ ചെന്നയിലുള്ള FMPB യുടെ ഗസ്റ്റ് ഹൗസിന്റെ ചുമതല വഹിക്കുന്നു. അവിടെ താമസിക്കുവാൻ വരുന്ന മിഷനറിമാരെ ശുശ്രൂഷിക്കുന്നു.

അവരുടെ മകൻ ബ്രൻഡൻ ദാനിയേലിനു (3/8/2013) ജനന സമയത്തു തന്നെ ഹൈഡ്രോസെഫാലസ് ഉണ്ടെന്നു കണ്ടെത്തി. എട്ടാമത്തെ വയസ്സിൽ അവൻ ഏറെ കഷ്ടപ്പെട്ടു. പക്ഷാഘാതത്താൽ അവനു സംസാരിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനുമുള്ള ശക്തി ക്ഷയിച്ചു പോയി. അവൻ എട്ടു ശസ്ത്രക്രിയയ്ക്കു വിധേയനായി. അതിനിടയിൽ രണ്ടു അധിക ഷണ്ടുകൾ കൂടി സ്ഥാപിച്ചു. ഡോക്ടറന്മാർ പ്രതീക്ഷ കൈവിട്ടപ്പോഴും അനേകരുടെ പ്രാർത്ഥനയാൽ അവൻ അത്ഭുത സൗഖ്യം പ്രാപിച്ചു. പഠനവൈകല്യങ്ങൾ, ഡിസ്ലെക്സിയ തുടങ്ങിയ വെല്ലുവിളികൾ അവൻ നേരിടുന്നുണ്ടെങ്കിലും ദൈവകൃപയാൽ അവൻ ജീവിക്കുന്നു.

പത്താം ക്ലാസ്സിൽ പഠിക്കുന്ന മകൾ ക്രോസ്ബൈ എബിനിഷ (24/04/2010) മാതാവിനു വലിയ ഊർജ്ജവും ഉത്സാഹവും പകരുന്നു.

ഈയടുത്ത നാളിൽ സഹോദരി അനിയ നട്ടെല്ലിന് ശസ്ത്രക്രിയ നടത്തി. ഇപ്പോൾ സെർവിക്കൽ സ്പോണ്ടിലോസിസ്, കഠിനമായ പുറം വേദന എന്നിവയ്ക്ക് ചികിത്സയിലാകുന്നു. ശരീര ബലഹീനതയുടെയും കഷ്ടതകളുടെയും നടുവിൽ കുടുംബത്തിൽ നിന്നു ഒരു സഹായവുമില്ലാതെ അവൾ സന്തോഷത്തോടെ കർത്താവിന്റെ സാക്ഷ്യം വഹിക്കുന്നു. 'ഇന്നു ഞാൻ ജീവിക്കുന്നു അതു പൂർണ്ണമായും ദൈവകൃപയാൽ മാത്രമാകുന്നു. അവൻ എന്നെ ഒരുനാളും ഉപേക്ഷിക്കയില്ല കൈവിടുകയുമില്ല' അവളുടെ സാക്ഷ്യമാകുന്നു.

ലോകം നമ്മെ ഉപേക്ഷിച്ചാലും യേശു നമ്മെ ഒരുനാളും കൈവിടുകയില്ല എന്നതിന്റെ ശക്തമായ സാക്ഷ്യമായി അവളുടെ ജീവിതം നിൽക്കുന്നു. സഹോദരി അനിയയ്ക്കായും അവളുടെ രണ്ടു മക്കൾക്കായും നമുക്കു തുടർന്നും പ്രാർത്ഥിക്കാം.



# അനുഗ്രഹീത പുനരുത്ഥാന ഞായർ

## അവൻ ഉയിർത്തെഴുന്നേറ്റു

**മരണത്തിനു അവനെ പിടിച്ചുവെക്കുവാൻ കഴിഞ്ഞില്ല**
**ശവക്കുഴിക്കു അവനെ ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല**
**സാത്താനു അവനെ തടയുവാൻ കഴിഞ്ഞില്ല**
**എല്ലാ മുഴങ്കാലും അവനെ വണങ്ങും**

**അവൻ ജീവിച്ചിരിക്കുന്നു,**
**അവൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു,**
**രാജാധിരാജാവായി, സകലത്തിന്റെയും**
**കർത്താവായി അവൻ വീണ്ടും വരും!**

***Published by:*** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. John Berlin***